പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 77

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 77

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 77</u>

# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ

## കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും പൊതുജനാരോഗ്യത്തിന്റെ ഭരണം മെച്ചപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടിയുള്ള

ഒരു

ബിൽ

<u>പീഠിക</u>.—കേരള സംസ്ഥാനത്ത് പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI), മലബാർ മേഖലയിൽ ബാധകമായിട്ടുള്ള 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ്, (1939-ലെ III) എന്നിവ ഏകീകരിക്കുന്നതിനും ആയത് ഇന്ത്യൻ ഭരണഘടനയുടെ 73-ഉം, 74-ഉം ഭേദഗതികൾ പ്രകാരം ചേർത്തിട്ടുള്ള IX-ഉം IXA-ഉം ഭാഗങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ഉണ്ടാക്കിയിട്ടുള്ള 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994 ലെ 20-ാം ആക്റ്റ്), 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്) എന്നീ നിയമങ്ങളുമായി അനുയോജ്യമാക്കേണ്ടതിനും വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാലും;

സംസ്ഥാനത്തെ പൊതുജനാരോഗ്യ ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്കു ആവശ്യമായ അധികാരങ്ങൾ നൽകുന്നത് ഉചിതമായിരിക്കുകയാലും;

പുതുതായി ഉണ്ടാകുന്ന രോഗങ്ങളും, പകർച്ചാവ്യാധികളുടെ പൊട്ടിപ്പുറപ്പെടലും, പകർച്ചാവ്യാധികളല്ലാത്ത രോഗങ്ങളുടെ വർദ്ധനവും തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പൊതുജനാരോഗ്യത്തിനായുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനും സജീവവും പ്രതിപ്രവർത്തനപരവുമായ ആവശ്യകതകൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യപ്രവർത്തകരെ ഏൽപ്പിക്കുന്നതും ഉചിതമാകുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു: —

## അദ്ധ്യായം 1

## പ്രാരംഭം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള പൊതുജനാരോഗ്യ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജൂൺ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) " കെട്ടിടം" എന്നതിൽ വീട്, ഔട്ട്ഹൗസ്, ലായം, ശുചിമുറി, ഷെഡ്, കുടിൽ, പെട്ടിക്കട, കൂടാതെ കല്ല്, ഇഷ്ടിക, ചെളി, ലോഹം അല്ലെങ്കിൽ മറ്റ് വസ്തുക്കൾ എന്തുതന്നെയായാലും, അവ കൊണ്ടുള്ള എടുപ്പുകൾ എന്നിവ ഉൾപ്പെടുന്നു;

(ബി) "പകർച്ചവ്യാധി" എന്നാൽ അണുബാധയുടെ ഫലമായി ചികിത്സ ആവശ്യമായി വരുന്ന മനുഷ്യന്റെയോ മൃഗത്തിന്റെയോ ഒരു രോഗം എന്നർത്ഥമാകുന്നു;

(സി) " സാമൂഹിക ഒത്തുകൂടൽ" എന്നാൽ ഭക്ഷണം പങ്കിടുന്നതോ അല്ലെങ്കിൽ നൽകുന്നതോ, അല്ലെങ്കിൽ ഇല്ലാത്തതോ ആയ, കുടുംബപരം, സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം, ആത്മീയം, ഗോത്രപരം അല്ലെങ്കിൽ ഉത്സവ പരിപാടികൾ അല്ലെങ്കിൽ മത്സരങ്ങൾ, മതപരമായ പ്രാർത്ഥനകൾ, ബുദ്ധിവൈഭവ പ്രദർശനങ്ങൾ, ഉല്ലാസവേളകൾ എന്നിവയ്ക്കായി അവരുടെ ഭൂമിശാസ്ത്രപരമായ സമൂഹത്തോട് ഏറ്റവും അടുത്തായി കൂട്ടം ചേരുന്ന അല്ലെങ്കിൽ സമ്മേളിക്കുന്ന ആളുകളുടെ കൂട്ടം എന്നർത്ഥമാകുന്നു;

(ഡി) "ഓവുചാൽ" എന്നാൽ മാലിന്യം, മലിനജലം, ഒഴുക്കുവെള്ളം, മഴവെള്ളം, ഊറ്റു ജലം എന്നിവ വഹിക്കുന്നതിനുള്ള, ഏതെങ്കിലും തരത്തിലുള്ള ഓവുചാൽ എന്നർത്ഥമാകുന്നു;

(ഇ) "താമസത്തിനുള്ള പാർപ്പിടം" എന്നാൽ മനുഷ്യവാസത്തിനായോ അതുമായി ബന്ധപ്പെട്ടോ, പൂർണ്ണമായോ, ഭാഗികമായോ, നിർമ്മിച്ചതോ ഉപയോഗിക്കുന്നതോ ഉപയോഗിക്കുന്നതിനു വേണ്ടി എടുത്തതോ ആയ ഒരു കെട്ടിടം എന്നർത്ഥമാകുന്നു;

(എഫ്) "വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ അറിവ് അല്ലെങ്കിൽ വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ഒരു സ്ഥലം എന്നർത്ഥമാകുന്നതും പൊതുവായതോ സ്വകാര്യമായതോ ആയ പ്രീ-സ്കൂളുകൾ, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോച്ചിംഗ് സെന്ററുകൾ, ട്യൂഷൻ സെന്ററുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെയുള്ളതുമാകുന്നു;

(ജി) "സാംക്രമികം" എന്നാൽ ഒരു രോഗത്തിന്റെ കേസുകളുടെ എണ്ണത്തിലെ പെട്ടെന്നുള്ളതും ത്വരിതവുമായ വർദ്ധനവ് അല്ലെങ്കിൽ ഒരു ജനതയുടെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള മറ്റ് അവസ്ഥ എന്നർത്ഥമാകുന്നു;

(എച്ച്) "ഫാക്ടറി" എന്നാൽ മനുഷ്യൻ അല്ലെങ്കിൽ മൃഗം ഹേതുവായി ഉൽപ്പാദിപ്പിക്കപ്പെടാത്ത, യാന്ത്രികമായി പ്രസരണം ചെയ്യപ്പെടുന്ന, നീരാവി, ജലം, എണ്ണ, വാതകം, വൈദ്യുതി അല്ലെങ്കിൽ മറ്റേതെങ്കിലും ഊർജ്ജരൂപത്തിന്റെ സഹായത്തോടെ യാന്ത്രികമായി വ്യാവസായിക, ഉൽപ്പാദന, വാണിജ്യ പ്രക്രിയകൾ നടക്കുന്ന ഏതെങ്കിലും പരിസരങ്ങളും അതിന്റെ പ്രാന്തപ്രദേശങ്ങളും എന്നർത്ഥമാകുന്നതും 1948-ലെ ഫാക്ടറീസ് ആക്റ്റ് (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്)-ൽ നിർവ്വചിച്ചിട്ടുള്ള ഏതെങ്കിലും പരിസരങ്ങളും ഉൾപ്പെടുന്നതുമാകുന്നു;

(ഐ) "മാലിന്യം" എന്നതിൽ മലിനവസ്തുക്കൾ, മലമൂത്ര വിസർജ്ജ്യങ്ങൾ, ചാണകം, ദുർഗന്ധമുള്ളതും ചീഞ്ഞതുമായ വസ്തുക്കൾ എന്നിവയും, നീക്കം ചെയ്തില്ലെങ്കിൽ പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന മറ്റെല്ലാ വസ്തുക്കളും ഉൾപ്പെടുന്നു;

(ജെ) "ഭക്ഷണം" എന്നാൽ മനുഷ്യ ഉപഭോഗത്തിനായി ഉദ്ദേശിച്ചിട്ടുള്ള, പ്രോസസ്സ് ചെയ്തതോ, ഭാഗികമായി പ്രോസസ്സ് ചെയ്തതോ, പ്രോസസ്സ് ചെയ്യാത്തതോ ആയ, കൃഷിയുടെയോ പൂന്തോട്ട പരിപാലനത്തിന്റെയോ മൃഗസംരക്ഷണത്തിന്റെയോ പാലുൽപ്പാദനത്തിന്റെയോ മത്സ്യകൃഷിയുടെയോ സ്വാഭാവിക രൂപത്തിലുള്ള ഉൽപ്പന്നങ്ങളായ ഭക്ഷ്യവസ്തുക്കൾ പോലുള്ള പ്രാഥമിക ഭക്ഷണങ്ങൾ, ഒരു കർഷകനോ മത്സ്യത്തൊഴിലാളിയോ അല്ലാത്ത ഒരാളുടെ വളർത്തൽ, കൃഷി ചെയ്യൽ, പറിച്ചെടുക്കൽ, വിളവെടുപ്പ്, ശേഖരണം അല്ലെങ്കിൽ പിടിക്കൽ എന്നിവയുടെ ഫലമായോ ജനിതകമാറ്റം വരുത്തിയതോ, യന്ത്രസഹായത്താലോ പാക്കേജുചെയ്തതോ ആയ കുടിവെള്ളം, ആൽക്കഹോളിക് ഡ്രിങ്ക്സ്, ച്യൂയിംഗ് ഗം, അതിന്റെ ഉത്പാദന സമയത്തോ തയ്യാറാക്കുന്ന അല്ലെങ്കിൽ കൈകാര്യം ചെയ്യുന്ന സമയത്തോ ഭക്ഷണത്തിൽ ഉപയോഗിക്കുന്ന വെള്ളം ഉൾപ്പെടെയുള്ള ഏതെങ്കിലും വസ്തു എന്നിവയും എന്നാൽ മൃഗങ്ങളുടെ തീറ്റയോ മനുഷ്യന്റെ ഉപഭോഗത്തിനായി വയ്ക്കുന്നതിനും തയ്യാറാക്കാത്തതോ പ്രോസസ്സ് ചെയ്യാത്തതോ ആയ ജീവനുള്ള മൃഗങ്ങളോ, വിളവെടുക്കുന്നതിനു മുമ്പുള്ള സസ്യങ്ങളോ, മരുന്നുകളോ, മരുന്ന് ഉല്പന്നങ്ങളോ സൗന്ദര്യവർദ്ധക വസ്തുക്കളോ, മയക്കുമരുന്നോ ലഹരി പദാർത്ഥങ്ങളോ ഉൾപ്പെടാത്തതും, ആയ വസ്തുക്കൾ എന്നർത്ഥമാകുന്നു;

(കെ) "ഭക്ഷ്യ വ്യാപാരം" എന്നാൽ ലാഭത്തിനുവേണ്ടിയോ അല്ലാതെയോ പൊതുവായോ സ്വകാര്യമായോ, ഏറ്റെടുക്കുന്നതും നിർമ്മാണം, സംസ്കരണം, പാക്കേജിംഗ്, സ്റ്റോറിംഗ്, ഗതാഗതം, ഭക്ഷ്യ വിതരണം, ഇറക്കുമതി എന്നിവയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തനങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ നടത്തുന്നതും, ഭക്ഷ്യ സർവ്വീസുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ഭക്ഷണത്തിന്റെയോ അല്ലെങ്കിൽ ഭക്ഷണ ചേരുവകളുടെയോ വിൽപ്പന എന്നിവ ഉൾപ്പെടുന്നതും എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എം) "ആരോഗ്യ സംരക്ഷണ സ്ഥാപനം" എന്നാൽ ഇൻപേഷ്യന്റ് അല്ലെങ്കിൽ ഔട്ട്പേഷ്യന്റ് ചികിത്സ, രോഗനിർണ്ണയമോ ചികിത്സാ ഇടപെടലുകളോ, നഴ്സിംഗ്, പുനരധിവാസ, സാന്ത്വന, ആരോഗ്യ സംസ്ഥാപന, പ്രതിരോധ അല്ലെങ്കിൽ മറ്റു ആരോഗ്യ സംരക്ഷണ സേവനങ്ങൾ അല്ലെങ്കിൽ ഇവയിൽ ഏതെങ്കിലും നൽകുന്നതിനുള്ള ലാഭത്തിനോ അല്ലാതെയോ ഉള്ള ഒരു പൊതു അല്ലെങ്കിൽ സ്വകാര്യ സ്ഥാപനത്തിന്റെ മുഴുവനുമോ അല്ലെങ്കിൽ ഭാഗമോ എന്നർത്ഥമാകുന്നതും, ഏതെങ്കിലും അസുഖങ്ങൾ, പരിക്ക് അല്ലെങ്കിൽ ബലഹീനത എന്നിവമൂലം കഷ്ടത അനുഭവിക്കുന്ന ആളുകൾക്കായി ഉപയോഗിക്കുന്ന ഏതെങ്കിലും പരിസരങ്ങൾ, അങ്ങനെയുള്ള ചികിത്സാസ്ഥാപനങ്ങൾ, ആശുപത്രികൾ, പ്രസവാതുരാലയങ്ങൾ എന്നിവ ഉൾപ്പെടുന്നതുമാകുന്നു;

(എൻ) "ആരോഗ്യ സംരക്ഷണ പ്രവർത്തകർ" എന്നാൽ മറ്റൊരു വ്യക്തിയുടെ ആരോഗ്യം പരിപാലിക്കുന്നതുമായോ വീണ്ടെടുക്കുന്നതുമായോ ബന്ധപ്പെട്ട ജീവനം അല്ലെങ്കിൽ തൊഴിൽ ചെയ്യുന്ന വ്യക്തി എന്നർത്ഥമാകുന്നതും കൂടാതെ ഫിസിഷ്യൻ, നഴ്സ്, പാരാമെഡിക്, സൈക്കോളജിസ്റ്റ്, കൗൺസിലർ, ഔട്ട്റീച്ച് ആരോഗ്യ സംരക്ഷണ സേവനങ്ങൾ നൽകുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തകർ അല്ലെങ്കിൽ മെഡിക്കൽ, നഴ്സിംഗ്, സൈക്കോളജിക്കൽ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള മറ്റ് ആരോഗ്യ സേവനങ്ങൾ നൽകുന്ന വ്യക്തി ഉൾപ്പെടുന്നതുമാകുന്നു;

(ഒ) "ആരോഗ്യ സംരക്ഷണ സേവനങ്ങൾ" എന്നാൽ കൺസൾട്ടേഷനും, രോഗനിർണ്ണയവും, ചികിത്സയും കൂടാതെ ഔട്ട് റീച്ച് സർവ്വീസസും പൊതുജനാരോഗ്യത്തെ പരിപാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സേവനങ്ങളും എന്നർത്ഥമാകുന്നു;

(പി) " ആരോഗ്യ അപകടം" എന്നാൽ പരിക്ക് അല്ലെങ്കിൽ അസുഖത്തിന് കാരണമായേക്കാവുന്ന ഏതെങ്കിലും സൂക്ഷ്മജീവി, രാസ അവസ്ഥ അല്ലെങ്കിൽ ഏതെങ്കിലും സാഹചര്യം എന്നർത്ഥമാകുന്നു;

(ക്യൂ) "ഹെൽത്ത് ഇൻസ്പെക്ടർ" എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

(ആർ) "ഹെൽത്ത് ഓഫീസർ" എന്നാൽ ഹെൽത്ത് ഓഫീസറായി പ്രവർത്തിക്കാൻ ഈ ആക്ടിൻ കീഴിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരി/ജില്ലാ പൊതുജനാരോഗ്യ അധികാരി നിയോഗിച്ചിട്ടുള്ള സർക്കാരിലെയോ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയോ മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഹെൽത്ത് ഓഫീസറായി നിയമിക്കപ്പെട്ട മെഡിക്കൽ ഓഫീസർ എന്നർത്ഥമാകുന്നു;

(എസ്) " അണുബാധ" എന്നാൽ ഒരു മനുഷ്യന്റെയോ മൃഗത്തിന്റെയോ ശരീരത്തിൽ ഒരു രോഗാണുവിന്റെ പ്രവേശനവും വളർച്ചയും അല്ലെങ്കിൽ പെരുകലും എന്നർത്ഥമാകുന്നു;

(റ്റി) " ഐസൊലേഷൻ" എന്നാൽ നോൺ-ഐസൊലേറ്റഡ് ആയിട്ടുള്ള വ്യക്തികളിലേയ്ക്കു രോഗം പകരുന്നത് തടയുകയോ പരിമിതപ്പെടുത്തുകയോ എന്ന ഉദ്ദേശ്യത്തോടെ പകർച്ചാവ്യാധിയുള്ള അല്ലെങ്കിൽ പകർച്ചാവ്യാധി ബാധ സാധ്യതയുള്ള, അണുബാധയുള്ള അല്ലെങ്കിൽ അണുബാധ സംശയിക്കപ്പെടുന്ന വ്യക്തിയുടെ അല്ലെങ്കിൽ ഒരു കൂട്ടം വ്യക്തികളുടെ ശാരീരികമായ വേർതിരിക്കലും നിയന്ത്രിക്കലും എന്നർത്ഥമാകുന്നു;

(യു) "ശൗചാലയം" എന്നാൽ മലവിസർജ്ജനത്തിനോ മൂത്രവിസർജ്ജനത്തിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ നീക്കിവച്ചിട്ടുള്ള സൗകര്യമോ സ്ഥലമോ എന്ന് അർത്ഥമാകുന്നതും അതിൽ ഏതെങ്കിലും തരത്തിലുള്ള ക്ലോസറ്റും യൂറിനലും ഉൾപ്പെടുന്നതുമാകുന്നു;

(വി) "പ്രാദേശിക മേഖല" എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്നതോ അല്ലെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി കാലാകാലങ്ങളിൽ വിനിർദ്ദേശിക്കുന്നതോ ആയ മേഖല എന്നർത്ഥമാകുന്നു;

(ഡബ്ല്യൂ) "ലോക്കൽ അതോറിറ്റി അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മുനിസിപ്പാലിറ്റിയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തലത്തിൽ രൂപീകരിച്ച പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എക്സ്) "ലോഡ്ജിംഗ് ഹൗസ്" എന്നാൽ പ്രതിഫലാടിസ്ഥാനത്തിൽ ഭക്ഷണത്തോടെയോ അല്ലാതെയോ രാത്രി മുഴുവൻ താമസസൗകര്യം പ്രദാനം ചെയ്യുന്നതും യാദൃശ്ചിക സന്ദർശകരെ സ്വീകരിക്കുന്നതും സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ നടത്തിക്കൊണ്ടിരിക്കുന്നതല്ലാത്തതുമായ ഹോട്ടൽ, ബോഡിംഗ് ഹൗസ്, സത്രം, ധർമ്മശാല അല്ലെങ്കിൽ വിശ്രമ മന്ദിരം അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നു;

(വൈ) "മാർക്കറ്റ് " എന്നാൽ ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, മാംസം, മത്സ്യം അല്ലെങ്കിൽ മറ്റ് വേഗത്തിൽ ചീയുന്നതോ ചീയാത്തതോ ആയ ഭക്ഷ്യപദാർത്ഥങ്ങളുടെ വില്പനയ്ക്കും വാങ്ങലിനും, അല്ലെങ്കിൽ കന്നുകാലികളെയോ, കോഴികളെയോ അല്ലെങ്കിൽ ഏതെങ്കിലും കാർഷിക അല്ലെങ്കിൽ വ്യാവസായികമായ ഉല്പന്നങ്ങൾ അല്ലെങ്കിൽ ഏതെങ്കിലും അസംസ്കൃത അല്ലെങ്കിൽ സംസ്കരിച്ച ഉല്പന്നങ്ങൾ, ജീവിത സൗകര്യങ്ങൾക്ക് ആവശ്യമായിട്ടുള്ള മറ്റേതെങ്കിലും വസ്തുക്കൾ അല്ലെങ്കിൽ ചരക്കുകളുടെ വില്പനയ്ക്കും

വാങ്ങലിനുമായി ആളുകൾ ഒത്തുകൂടുന്നതിനായി സാധാരണയായും നിയതകാലികമായും ഉപയോഗിക്കുന്നതിന് സ്ഥാപിക്കപ്പെട്ട ഷോപ്പിംഗ് മാൾ ഉൾപ്പെടെയുള്ളതും, എന്നാൽ അതിൽ ഒറ്റക്കടയോ ആറെണ്ണത്തിൽ താഴെയുള്ള കടകളുടെ കൂട്ടവും ഉൾപ്പെടാത്തതുമായ ഏതൊരിടവും എന്നർത്ഥമാകുന്നു;

(ഇസഡ്) "വൈദ്യചികിത്സ" എന്നാൽ ഏതെങ്കിലും രോഗത്തെ തടയുന്നതിനോ ചികിത്സിക്കുന്നതിനോ ഉള്ള ചിട്ടയായ രോഗനിർണ്ണയവും ചികിത്സയും അല്ലെങ്കിൽ അലോപ്പതിയിലൂടെയോ അല്ലെങ്കിൽ ആയുർവേദ, യുനാനി, ഹോമിയോപ്പതി, യോഗ, പ്രകൃതി ചികിത്സ, സിദ്ധ തുടങ്ങിയ ഏതെങ്കിലും അംഗീകൃത ചികിത്സാക്രമം വഴി ഏതെങ്കിലും വ്യക്തിയുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതോ എന്നർത്ഥമാകുന്നതും കൂടാതെ അക്യൂപങ്ചർ ചികിത്സകൾ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് എ) "കുടിയേറ്റക്കാർ" എന്നാൽ ഉപജീവനമന്വേഷിച്ച് തങ്ങളുടെ വാസസ്ഥലങ്ങളും വീടുകളും കാലികമായോ അല്ലാതെയോ സാധാരണ അല്ലെങ്കിൽ ദുരിത സാഹചര്യങ്ങളിൽ വിട്ടിറങ്ങുന്ന എല്ലാ ആളുകളും എന്നർത്ഥമാകുന്നു;

(ഇസഡ് ബി) " അതിഥി തൊഴിലാളി" എന്നാൽ ഏതെങ്കിലും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കരാറിലൂടെ, പ്രകടമോ, വ്യംഗ്യമോ ആയ തൊഴിൽ വ്യവസ്ഥകളോടെയോ പ്രതിഫലത്തിനായി ഏതെങ്കിലും വിദഗ്ധ അല്ലെങ്കിൽ അർദ്ധ-വിദഗ്ധ അല്ലെങ്കിൽ അവിദഗ്ധ, മാനുവൽ, മേൽനോട്ട, സാങ്കേതിക, ഗുമസ്ത പ്രവൃത്തികൾ ചെയ്യുന്നതിന് അങ്ങനെയുള്ള സ്ഥാപനത്തിന്റെ പ്രവൃത്തികളുമായി ബന്ധപ്പെടുകയോ തൊഴിൽ ചെയ്യുകയോ ചെയ്യുന്ന കേരള സംസ്ഥാനത്തിന് പുറത്തുള്ള ഒരു സംസ്ഥാനത്ത് നിന്നുള്ള ആളുകൾ എന്നർത്ഥമാകുന്നു;

(ഇസഡ് സി) "വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികൾ" എന്നാൽ ഈ ആക്റ്റിന്റെ 33-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള രോഗങ്ങൾ എന്നർത്ഥമാകുന്നു;

(ഇസഡ് ഡി) "വിജ്ഞാപനം" എന്നാൽ കേരളത്തിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഇസഡ് ഇ) "ശല്യം" എന്നാൽ കാഴ്ച, മണം, കേൾവി എന്നിവയ്ക്ക് പരുക്ക്, അപായം, ഉപദ്രവം അല്ലെങ്കിൽ തടസ്സമുണ്ടാക്കുകയോ അല്ലെങ്കിൽ വിശ്രമത്തിനോ, ഉറക്കത്തിനോ തടസ്സം സൃഷ്ടിക്കുന്നതിന് അല്ലെങ്കിൽ ജീവന് ആപത്തുണ്ടാക്കുന്നതിന് അല്ലെങ്കിൽ ആരോഗ്യം ഹാനികരമാക്കുന്നതിനോ പൊതുജനങ്ങളുടെ സ്വത്തിന്

അല്ലെങ്കിൽ സമീപത്ത് താമസിക്കുന്ന അല്ലെങ്കിൽ വസ്തു കൈവശം വച്ചിരിക്കുന്ന പൊതുജനങ്ങൾക്ക് അല്ലെങ്കിൽ ഏതെങ്കിലും പൊതു അവകാശം ഉപയോഗിക്കുന്നതിന് സന്ദർഭമുണ്ടാകുന്ന ആളുകളുടെ ആരോഗ്യത്തിന് അല്ലെങ്കിൽ വസ്തുവിന് ഹാനികരമാകാൻ കാരണമാകുന്ന അല്ലെങ്കിൽ കാരണമാകാൻ സാധ്യതയുള്ള ഏതെങ്കിലും പ്രവൃത്തി, വിട്ടു നിൽക്കൽ, സ്ഥലം അല്ലെങ്കിൽ സാധനം എന്നർത്ഥമാകുന്നു;

(ഇസഡ് എഫ്) "കൈവശക്കാരൻ" എന്നതിൽ,

(എ) വാടക കൊടുക്കുന്നതോ കൊടുക്കത്തക്കതോ ആയ വസ്തുവിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉടമയ്ക്ക് വാടകയോ വാടകയുടെ ഏതെങ്കിലും ഭാഗമോ തൽക്കാലത്തേയ്ക്ക് കൊടുക്കുന്നതോ കൊടുക്കാൻ ബാധ്യസ്ഥനോ ആയ ഏതൊരാളും;

(ബി) വസ്തുവോ കെട്ടിടമോ കൈവശത്തിലിരിക്കുകയോ മറ്റേതെങ്കിലും വിധത്തിൽ ഉപയോഗിക്കുകയോ ചെയ്യുന്ന അതിന്റെ ഏതെങ്കിലും ഉടമ;

(സി) ഏതെങ്കിലും കെട്ടിടത്തിന്റെ അല്ലെങ്കിൽ വസ്തുവിന്റെ വാടക മുക്ത കുടിയാൻ;

(ഡി) ഏതെങ്കിലും വസ്തുവോ കെട്ടിടമോ കൈവശത്തിലിരിക്കുന്ന ഒരു ലൈസൻസി; കൂടാതെ

(ഇ) ഏതെങ്കിലും വസ്തുവോ കെട്ടിടമോ ഉപയോഗിച്ചതിനോ കൈവശം വച്ചതിനോ ഉടമയ്ക്ക് നഷ്ടപരിഹാരം നൽകാൻ ബാധ്യതപ്പെട്ട ഏതൊരാളും ഉൾപ്പെടുന്നു;

(ഇസഡ് ജി) "ദുസ്സഹമായ വ്യാപാരം" എന്നാൽ ഒരു ശല്യമോ ശല്യമാകാൻ സാധ്യതയുള്ളതോ ആയ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന ഏതെങ്കിലും വ്യാപാരം എന്നർത്ഥമാകുന്നു;

(ഇസഡ് എച്ച്) "ഉടമസ്ഥൻ" എന്നാൽ ഏതു വസ്തുവുമായി ബന്ധപ്പെട്ടാണോ പദം ഉപയോഗിച്ചത് അതിന്റെ, വാടകയോ, ആദായങ്ങളോ, തൽക്കാലത്തേയ്ക്ക്, സ്വന്തം കണക്കിലേയ്ക്കോ മറ്റൊരാളുടെ അല്ലെങ്കിൽ എസ്റ്റേറ്റിന്റെ ഏജന്റ്, ട്രസ്റ്റി, രക്ഷകർത്താവ്, മാനേജർ അല്ലെങ്കിൽ റിസീവർ എന്ന നിലയ്ക്കോ ഏതെങ്കിലും മതപരമോ ചാരിറ്റബിൾ ആവശ്യത്തിലേയ്ക്കോ വാങ്ങുന്നതോ വാങ്ങുന്നതിന് അർഹതയുള്ളതോ ആയ ആൾ എന്നർത്ഥമാകുന്നതും അവർ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കുന്ന ചട്ടങ്ങളാലോ റെഗുലേഷനുകളിലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇസഡ് ജെ) "സ്വകാര്യ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ" എന്നാൽ ഏതെങ്കിലും സ്വകാര്യ സ്ഥാപനം, വ്യക്തി, ട്രസ്റ്റ്, കോർപ്പറേഷൻ അല്ലെങ്കിൽ സർക്കാരിതര സംഘടനകളുടെ ഉടമസ്ഥതയിലുള്ളതും അവിടെ പൊതുജനങ്ങൾക്ക്, ഇൻപേഷ്യന്റ് സൗകര്യങ്ങളോട് കൂടിയോ അല്ലാതെയോ, പരിശോധന, രോഗനിർണ്ണയം, പ്രതിരോധ നടപടികൾ, രോഗശമനത്തിനുള്ള വൈദ്യചികിത്സാ സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്ന ഏതെങ്കിലും മെഡിക്കൽ ക്ലിനിക് (ഇൻപേഷ്യന്റും ഔട്ട്പേഷ്യന്റും അല്ലെങ്കിൽ ഇൻപേഷ്യന്റോ ഔട്ട്പേഷ്യന്റോ മാത്രമോ), ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ, പ്രസവ ശുശ്രൂഷാ കേന്ദ്രങ്ങൾ, ആശുപത്രികൾ, വയോജന മന്ദിരം, പകൽ പരിപാലന കേന്ദ്രം, കായചികിത്സാ സ്ഥാപനം, ഇൻവിട്രോ ഫെർട്ടിലിറ്റി ക്ലിനിക്, ജനിതക ലബോറട്ടറികൾ, കൗൺസിലിംഗ് കേന്ദ്രങ്ങൾ, മെഡിക്കൽ ലബോറട്ടറി/ ഡയഗ്നോസ്റ്റിക് സെന്റർ, റേഡിയോളജിക്കൽ ആന്റ് ഇമേജിംഗ് സെന്ററുകൾ, സ്കാനിംഗ് സെന്റർ, ഫിസിയോ തെറാപ്പി സെന്റർ, ഡിസ്പെൻസറി (കിടക്കയോട് കൂടിയത്), മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ/സെന്റർ ഓഫ് അനലോഗസ് എസ്റ്റാബ്ലിഷ്മെന്റ് മുതലായ എന്തുതന്നെ പേരിൽ വിളിക്കപ്പെട്ടിരുന്നാലും എന്നർത്ഥമാകുന്നതും അതിൽ മാനസികാരോഗ്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നതുമാകുന്നു. ഇവയിൽ ട്രസ്റ്റുകൾ കൈകാര്യം ചെയ്യുന്നതോ കോർപ്പറേറ്റുകൾ നടത്തുന്നതോ ആയ ആശുപത്രികളും പോളി ക്ലിനിക്കുകളും ഉൾപ്പെടുന്നതായിരിക്കും;

(ഇസഡ് കെ) "പൊതു കെട്ടിടം" എന്നാൽ ഒരു പൊതു ആരാധനാ സ്ഥലമായോ ഒരു വിദ്യാലയമായോ കോളേജോ മറ്റ് സ്ഥാപനസ്ഥലമായോ (അപ്രകാരം ഉപയോഗിക്കുന്ന താമസത്തിനുള്ള വീടിൽ ഉൾപ്പെടാത്ത) ഒരു ആശുപത്രിയായോ തൊഴിൽസ്ഥലം, പബ്ലിക് തിയേറ്റർ, പബ്ലിക് സിനിമാ ഹാൾ, പബ്ലിക് ഹാൾ, പബ്ലിക് ലൈബ്രറി അല്ലെങ്കിൽ പബ്ലിക് ലക്ച്ചർ റൂം, പബ്ലിക് കൺസേർട്ട് റൂം, പബ്ലിക് എക്സിബിഷൻ ഹാൾ ആയോ അല്ലെങ്കിൽ പൊതുസ്ഥലമായോ, പൊതു ആവശ്യങ്ങൾക്കുള്ള സമ്മേളന സ്ഥലമായോ അല്ലെങ്കിൽ ഹോട്ടൽ, ഭക്ഷണശാല, ലോഡ്ജിംഗ് ഹൗസ്, അഭയകേന്ദ്രം ആയോ ഉപയോഗിക്കുന്ന അല്ലെങ്കിൽ ഉപയോഗിക്കപ്പെടുന്നതിനായി എടുത്തിട്ടുള്ള കെട്ടിടം എന്നർത്ഥമാകുന്നു;

(ഇസഡ് എൽ) "പൊതുജനാരോഗ്യം" എന്നാൽ ജനങ്ങൾ ആരോഗ്യമുള്ളതാണെന്ന അവസ്ഥ ഉറപ്പാക്കൽ എന്നർത്ഥമാകുന്നു. ജനസംഖ്യാടിസ്ഥാനത്തിലോ വ്യക്തിഗത പരിശ്രമങ്ങളാലോ പരുക്ക്, രോഗം, അംഗഭംഗം, അകാലമരണം എന്നിവ തടയുന്നതിന് പ്രാഥമികമായും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും ആരോഗ്യ ആവശ്യകതകളും പൊതുജനാരോഗ്യ നിരീക്ഷണവും സാംക്രമികരോഗ ഗവേഷണവും, പൊതുജനാരോഗ്യ നയം വികസിപ്പിക്കൽ ഇവ വഴി സാമൂഹ്യസ്ഥിതി വിലയിരുത്തലും പൊതുജനാരോഗ്യ ആവശ്യകതയോടും അടിയന്തിര സ്ഥിതിയോടും പ്രതികരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നതാണ്;

(ഇസഡ് എം) "പൊതുജന ആരോഗ്യ അധികാരി" എന്നാൽ ഈ ആക്റ്റിൻ കീഴിലുള്ള വ്യവസ്ഥകൾ പ്രകാരം നിലവിൽ വന്ന, അതതു സംഗതിപോലെ, സംസ്ഥാന പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ ജില്ലാ പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി എന്നർത്ഥമാകുന്നു;

(ഇസഡ് എൻ) "പൊതുജനാരോഗ്യ അടിയന്തിരാവസ്ഥ" എന്നാൽ പെട്ടെന്നുള്ള ഒരു രോഗഭീഷണിയോ ആരോഗ്യാവസ്ഥയോ ആവിർഭവിക്കുകയോ അത് താഴെപ്പറയുന്ന ഏതെങ്കിലും ഉയർന്ന സാധ്യതയുള്ളതോ ആയ എന്നർത്ഥമാകുന്നു, അതായത്:—

(എ) ബാധിച്ച ജനതയിൽ ഗുരുതരമായ പൊതുജനാരോഗ്യ പ്രാധാന്യമുണ്ടാക്കുന്ന മരണമോ രോഗമോ;

(ബി) ബാധിച്ച ജനതയിൽ ഭ്രൂണ വളർച്ചയെ ഉൾപ്പെടെ ബാധിക്കുന്നതും വളരെയധികം പേരിൽ ഗുരുതരമായോ ദീർഘകാലത്തേയ്ക്കോ ഉണ്ടാക്കുന്ന വൈകല്യം;

(സി) ഗുരുതരമായ അപായങ്ങൾക്കോ ജൈവ വിഷത്തിനോ ഇടയാക്കുന്ന വിഷവസ്തുക്കളുടെയോ അണുബാധയുടെയോ വിപുലമായ വ്യാപനം;

(ഡി) പുതിയതായി പ്രത്യക്ഷപ്പെട്ടതോ മുമ്പ് നിയന്ത്രിച്ചിരുന്നതോ ഉന്മൂലനാശനം ചെയ്തതോ ആയ അണുബാധ വസ്തുവോ ജൈവവിഷമോ കാരണം ബാധിച്ച ജനതയിൽ വളരെയധികം പേരിൽ ഗണ്യമായ ഹാനി ഭാവിയിൽ ഉണ്ടാക്കുന്നത്, കൂടാതെ

(ഇ) ഏതു ദുരന്തവും, വൻ അപകടങ്ങൾ ഉൾപ്പെടെ.

വിശദീകരണം:— പകർച്ചാ വ്യാധിയോ, വളരയധികം പേരെ ബാധിക്കുന്ന വിട്ടുമാറാത്തതും അണുബാധയല്ലാത്തതും പകർച്ചാവ്യാധിയല്ലാത്തതുമായ രോഗാവസ്ഥ, വിജ്ഞാപനം ചെയ്ത രോഗങ്ങൾ, പൊതുജനാരോഗ്യ സ്ഥിതി പ്രാധാന്യം, പ്രാദേശികമായി ഉണ്ടാകുന്ന രോഗങ്ങൾ എന്നിവ പൊതുജനാരോഗ്യ അടിയന്തിരാവസ്ഥയ്ക്ക് കാരണമാകുന്നതാണ്.

(ഇസഡ് ഒ) "പൊതുസ്ഥലം" എന്നാൽ സ്വകാര്യ ഉപയോഗത്തിന് അല്ലാത്തതായ ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(ഇസഡ് പി) "ക്വാറന്റൈൻ" എന്നാൽ ഒരു പകർച്ചാവ്യാധി ബാധിച്ച അല്ലെങ്കിൽ ഒരു പകർച്ചാവ്യാധിബാധയ്ക്ക് സാധ്യതയുള്ളതും എന്നാൽ പകർച്ചാവ്യാധിയുടെ ലക്ഷണങ്ങൾ ഉള്ളതോ ലക്ഷണങ്ങൾ കാണിക്കാത്തതുമായ വ്യക്തിയെ ക്വാറന്റൈൻ ചെയ്ത വ്യക്തികളിൽ നിന്ന് മറ്റു വ്യക്തികളിലേയ്ക്ക് രോഗം പകരുന്നത് തടയാനോ പരിമിതപ്പെടുത്തുന്നതിനോ വേണ്ടിയുള്ള അല്ലെങ്കിൽ വ്യക്തികളുടെ ശാരീരിക വേർതിരിക്കലും മാറ്റിപ്പാർപ്പിക്കലും എന്നർത്ഥമാകുന്നു.

(ഇസഡ് ക്യൂ) "രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ" എന്നാൽ കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 (2021-ലെ 115) അല്ലെങ്കിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ ആക്റ്റ്, 2019 (2019-ലെ നമ്പർ 30) അല്ലെങ്കിൽ നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ആക്റ്റ്, 2020 (2020-ലെ നമ്പർ 14) അല്ലെങ്കിൽ നാഷണൽ കമ്മീഷൻ ഫോർ ഹോമിയോപ്പതി ആക്റ്റ്, 2020 (2020-ലെ നമ്പർ 15)-ന് കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർ എന്നർത്ഥമാകുന്നു;

(ഇസഡ് ആർ) "ശുചീകരണ സൗകര്യങ്ങൾ" എന്നാൽ ഒരു മുറിയിലോ മുറികളിലോ, കെട്ടിടത്തിലോ, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകമായി, സ്വകാര്യതയോടു കൂടി, ശുചിത്വാവസ്ഥയിലുള്ളതും അണുബാധയോ രോഗ പകർച്ചയോ ഇല്ലാത്തതുമായ, മതിയായ എണ്ണം മലമൂത്ര വിസർജ്ജനത്തിനുള്ള ഉറപ്പിക്കപ്പെട്ട നിർഗ്ഗമന ഘടനകൾ എന്നർത്ഥമാകുന്നു;

(ഇസഡ് എസ്) "സെക്രട്ടറി" എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(ഇസഡ് റ്റി) "മലിനവസ്തു" എന്നാൽ കക്കൂസ് മാലിന്യവും മലിന ജലക്കുഴികൾ അല്ലെങ്കിൽ ഓടകൾ എന്നിവയിലടങ്ങിയിട്ടുള്ള മാലിന്യവും വ്യാപാര മാലിന്യങ്ങളും എല്ലാത്തരം വ്യവസായശാലകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളും എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് യു) "ഷോപ്പിംഗ് മാൾ" എന്നാൽ വ്യാപാരികളെ പ്രതിനിധീകരിക്കുന്ന ഒന്നോ ഒന്നിലധികമോ കെട്ടിടങ്ങൾ ചേർന്ന് വില്പനശാലാ സമുച്ചയങ്ങൾ രൂപപ്പെടുന്ന കസ്റ്റമർക്ക് ഒരു യൂണിറ്റിൽ നിന്നും മറ്റൊരു യൂണിറ്റിലേയ്ക്ക് കാൽനടയായി പോകാൻ കഴിയുന്ന പരസ്പരബന്ധിത നടപ്പാതകളോടു കൂടിയ വില്പന കേന്ദ്രങ്ങളോ പരിസരങ്ങളോ എന്നർത്ഥമാകുന്നു;

(ഇസഡ് വി) "സ്പെസിമൻ" എന്നാൽ നിർദ്ദിഷ്ട പരിശോധനകൾക്കാവശ്യമായിട്ടുള്ള രക്തം, കഫം, മൂത്രം, മലം അല്ലെങ്കിൽ മറ്റ് ശരീര ദ്രവങ്ങൾ, മാലിന്യങ്ങൾ, കലകൾ എന്നിയുടെ സാമ്പിളും കൾച്ചറും എന്നർത്ഥമാകുന്നു;

(ഇസഡ് ഡബ്ല്യൂ) "വാക്സിനേഷൻ" എന്നാൽ പകർച്ച വ്യാധി തടയുന്നതിനോ സ്ഥിതി മെച്ചപ്പെടുത്തുന്നതിനോ ചികിത്സിക്കുന്നതിനോ വേണ്ടി രോഗാണുവിനെതിരെ ആന്റിബോഡി ഉല്പാദനം അല്ലെങ്കിൽ സെല്ലുലാർ പ്രതിരോധശേഷി ഉത്തേജിപ്പിക്കുന്നതിനായി പ്രയോഗിക്കുന്ന ശക്തി ക്ഷയിച്ച, അല്ലെങ്കിൽ അണുബാധയില്ലാത്ത, സൂക്ഷ്മാണുക്കളുടെയോ ഡെറിവേറ്റീവ് ആന്റിജനുകളുടെയോ സസ്പെൻഷൻ എന്നർത്ഥമാകുന്നു;

(ഇസഡ് എക്സ്) "വെക്ടർ" എന്നാൽ റിസർവോയറിൽ നിന്ന് ആതിഥേയനിലേയ്ക്ക് രോഗകാരിയെ കൈമാറുന്ന ഒരു സൂക്ഷ്മജീവി മിക്കപ്പോഴും ഒരു അകശേരു ആർത്രോപാഡ് എന്നർത്ഥമാകുന്നു;

(ഇസഡ് വൈ) "ജലഗമനമാർഗ്ഗം" എന്നതിൽ ഓവുചാൽ ഒഴികെയുള്ള പ്രകൃത്യായുള്ളതോ കൃത്രിമമായുള്ളതോ ആയ ഏതെങ്കിലും നദി, അരുവി, തോട് അല്ലെങ്കിൽ കായൽ, വാട്ടർ പാർക്ക് ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ് ഇസഡ്) "വാട്ടർ പാർക്ക്" എന്നാൽ വാട്ടർ സ്ലൈഡ്സ്, സ്പ്ലാഷ് പാഡ്സ്, സ്പ്രേ ഗ്രൗണ്ട്സ് (വാട്ടർ പ്ലേഗ്രൗണ്ട്), ലേസി റിവേഴ്സ് അല്ലെങ്കിൽ മറ്റു വിനോദ കുളികൾ, നീന്തൽ, വാട്ടർ സ്കീസ് ഇല്ലാതെയുള്ള കളികൾ, കൃത്രിമ തിരമാല ഉൾപ്പെടുത്തിയോ അല്ലാതെയോ, വേവ്പൂൾ അല്ലെങ്കിൽ ഫ്ലോ റൈഡർ പോലെയുള്ള ബോഡി ബോർഡിംഗ് തുടങ്ങിയ സവിശേഷമായ വാട്ടർപ്ലേ സ്ഥലങ്ങളുള്ള അമ്യൂസ്മെന്റ് പാർക്ക് എന്നിവ എന്നർത്ഥമാകുന്നു;

(ഇസഡ് ഇസഡ് എ) "ജോലിസ്ഥലം" എന്നാൽ വേതനത്തിനു വേണ്ടിയോ മറ്റ് ഏതെങ്കിലും പ്രതിഫലത്തിനായോ അഞ്ചിൽ കുറയാത്ത ആളുകൾ ജോലി ചെയ്യുന്ന വ്യാവസായിക, ഉല്പാദന, വ്യാപാര പ്രക്രിയ നടക്കുന്ന പരിസരമോ അതിന്റെ പ്രാന്ത പ്രദേശമോ എന്നർത്ഥമാകുന്നതും എന്നാൽ ഫാക്ടറിയോ വർക്ക്ഷോപ്പോ ഉൾപ്പെടാത്തതുമാകുന്നു;

(ഇസഡ് ഇസഡ് ബി) "വർക്ക്ഷോപ്പ്" എന്നാൽ വേതനത്തിനു വേണ്ടിയും മറ്റ് ഏതെങ്കിലും പ്രതിഫലത്തിനായോ അഞ്ചിൽ കുറയാത്ത ആളുകൾ ചെയ്യുന്ന ഏതെങ്കിലും സാമഗ്രി ഉണ്ടാക്കുകയോ നന്നാക്കുകയോ രൂപമാറ്റം വരുത്തുകയോ അലങ്കാരം ചെയ്യുകയോ പൂർത്തിയാക്കുകയോ മറ്റുവിധത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉപയോഗത്തിന് പൊരുത്തപ്പെടുത്തുകയോ ചെയ്യുന്ന പരിസരമോ അതിന്റെ പ്രാന്തപ്രദേശമോ എന്നർത്ഥമാകുന്നതും എന്നാൽ ഒരു ഫാക്ടറി ഉൾപ്പെടാത്തതുമാകുന്നു.

## അദ്ധ്യായം 2

## പൊതുജനാരോഗ്യ അധികാരികളും അവരുടെ അധികാരങ്ങളും

3. സംസ്ഥാന പൊതുജനാരോഗ്യ അധികാരി, ജില്ലാ പൊതുജനാരോഗ്യ അധികാരികൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ.—ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നാലുടൻ തന്നെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി 4, 5, 6 എന്നീ വകുപ്പുകൾ പ്രകാരം യഥാക്രമം സംസ്ഥാന തലത്തിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരി, ജില്ലാ തലത്തിൽ ജില്ലാ പൊതുജനാരോഗ്യ അധികാരികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ എന്നിവ നിലവിൽ വരുന്നതാണ്.

4. സംസ്ഥാന പൊതുജനാരോഗ്യ അധികാരി.—(1) കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പ് ഡയറക്ടർ സംസ്ഥാന പൊതുജനാരോഗ്യ അധികാരി ആയിരിക്കുന്നതാണ്.

(2) സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്ക് പൊതുജനാരോഗ്യ അടിയന്തിര സാഹചര്യങ്ങളിൽ സഹായം നൽകാനും വിദഗ്ധ അഭിപ്രായം നൽകാനും മറ്റ് വകുപ്പുകളുമായുള്ള ഏകോപനത്തിനായും താൽക്കാലിക പൊതുജനാരോഗ്യ ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(3) അത്തരം താൽക്കാലിക ഉപദേശക സമിതിയിൽ, ഉപദേശം തേടുന്ന ബന്ധപ്പെട്ട വകുപ്പുകളുടെ നോമിനികളും കൂടാതെ കമ്മിറ്റിയെ സഹായിക്കാൻ ആവശ്യമെന്ന കരുതാവുന്ന അത്തരത്തിലുള്ള മറ്റ് വിദഗ്ധരും ഉൾപ്പെടുന്നതാണ്.

5. ജില്ലാ പൊതുജനാരോഗ്യ അധികാരി.—ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ജില്ലാ പൊതുജനാരോഗ്യ അധികാരി ആയിരിക്കുന്നതാണ്.

6. പ്രാദേശിക പൊതുജനാരോഗ്യ അധികാരി.—തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഹെൽത്ത് ഓഫീസറായി നിയമിക്കപ്പെട്ട മെഡിക്കൽ ഓഫീസർ പ്രാദേശിക പൊതുജനാരോഗ്യ അധികാരി ആയിരിക്കുന്നതാണ്.

7. പൊതുജനാരോഗ്യ അധികാരികളുടെ കടമകളും ചുമതലകളും.—(1) ഈ ആക്ടിലെ വ്യവസ്ഥകൾ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രാദേശിക മേഖലയിലും നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം യഥാക്രമം സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്കും ജില്ലാ പൊതുജനാരോഗ്യ അധികാരിയ്ക്കും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്കും ആയിരിക്കുന്നതാണ്.

(2) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13-ാം ആക്ട്), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20-ാം ആക്ട്) എന്നിവയ്ക്ക് അനുസൃതമായി, ഈ ആക്ടിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്, ആവശ്യമെന്ന് കരുതുന്ന എന്ത് നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്കു വിട്ടുകൊടുക്കുന്നതിനു സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(3) പൊതുജനാരോഗ്യ കാര്യങ്ങളിൽ സർക്കാരിന്റെ കീഴിലുള്ള ഏതൊരു വകുപ്പിനും നിർദ്ദേശങ്ങൾ നൽകുന്നതിന് സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്കും ജില്ലാ പൊതുജനാരോഗ്യ അധികാരിക്കും അധികാരം ഉണ്ടായിരിക്കുന്നതും അത്തരം നിർദ്ദേശങ്ങൾ പാലിക്കാതിരിക്കാൻ ആ വകുപ്പിനു എന്തെങ്കിലും കാരണമുണ്ടെങ്കിൽ, അത് ബന്ധപ്പെട്ട അധികാരി മുമ്പാകെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച എന്തെങ്കിലും നിർദ്ദേശങ്ങളിന്മേൽ, അതതു സംഗതിപോലെ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് അല്ലെങ്കിൽ സർക്കാരിന്റെ ഏതെങ്കിലും ഒരു വകുപ്പിന് സംസ്ഥാന പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ ജില്ലാ പൊതുജനാരോഗ്യ അധികാരിയുമായോ ഭിന്നാഭിപ്രായം ഉണ്ടെങ്കിൽ അത് സർക്കാരിനു റഫർ ചെയ്യേണ്ടതും അതിന്മേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(5) ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുൻപ്, സംസ്ഥാന പൊതുജനാരോഗ്യ അധികാരിയും ജില്ലാ പൊതുജനാരോഗ്യ അധികാരികളും പ്രാദേശിക പൊതുജനാരോഗ്യ അധികാരികളും സംസ്ഥാന സർക്കാർ/ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി, അവരുടെ അധികാരപരിധിയിലുള്ള പ്രദേശത്തിന്റെ വാർഷിക ആരോഗ്യ സ്ഥിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുജനാരോഗ്യത്തിനായുള്ള വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതാണ്. അതിൽ മറ്റു കാര്യങ്ങളോടൊപ്പം ആ മേഖലയിൽ കാലാനുസൃതമായി പ്രതീക്ഷിക്കുന്ന ഏതെങ്കിലും സാംക്രമിക രോഗം / പകർച്ചവ്യാധി തടയുന്നതിനു സ്വീകരിക്കേണ്ട മുൻകൂർ നടപടികളെ പറ്റിയും സാംക്രമിക രോഗങ്ങളുടെ / പകർച്ചവ്യാധികളുടെ അപകട സാധ്യത ജനങ്ങൾക്കിടയിൽ കുറയ്ക്കുന്നതിനും അത്തരത്തിലുള്ള രോഗങ്ങളുടെ ആഘാതം നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. അത്തരം പദ്ധതികൾ തയ്യാറാക്കുന്നതിൽ ജില്ലാ പൊതുജനാരോഗ്യ അധികാരികളും പ്രാദേശിക പൊതുജനാരോഗ്യ അധികാരികളും പിന്തുടരേണ്ട പ്രക്രിയ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അതിന്റെ രൂപഘടനകളും സംസ്ഥാന പൊതുജനാരോഗ്യ അധികാരി പുറപ്പെടുവിക്കേണ്ടതാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും കൂടി പ്രവർത്തന പദ്ധതികൾ തയ്യാറാക്കുമ്പോൾ പരിഗണിക്കപ്പെടേണ്ടതാണ്.

(6) സംസ്ഥാന പൊതുജനാരോഗ്യ അധികാരിയും ജില്ലാ പൊതുജനാരോഗ്യ അധികാരികളും പ്രാദേശിക പൊതുജനാരോഗ്യ അധികാരികളും മൂന്ന് മാസത്തിലൊരിക്കലെങ്കിലും പൊതുജനാരോഗ്യപദ്ധതിയുടെ നടപ്പിലാക്കൽ വിലയിരുത്തേണ്ടതും കൂടാതെ അപ്രകാരമുള്ള വിലയിരുത്തൽ റിപ്പോർട്ടുകൾ പ്രാദേശിക പൊതുജനാരോഗ്യ അധികാരി ജില്ലാ പൊതുജനാരോഗ്യ അധികാരിക്കും, ജില്ലാ പൊതുജനാരോഗ്യ അധികാരി സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്കും, തുടർന്ന് സംസ്ഥാന പൊതുജനാരോഗ്യ അധികാരി അതിന്റെ റിപ്പോർട്ട് സർക്കാരിനും സമർപ്പിക്കേണ്ടതാണ്.

(7) സംസ്ഥാന പൊതുജനാരോഗ്യ അധികാരി പൊതുജനാരോഗ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി വെക്ടർ ഡെൻസിറ്റി പരിശോധന, രോഗനിരീക്ഷണ പരിപാടികൾ, വിനിർദ്ദേശിക്കപ്പെട്ട രോഗങ്ങൾക്കായി ആളുകളെ പരിശോധിക്കൽ, രീതിശാസ്ത്രവും

ആനുകാലികവും ഉൾപ്പെടെയുള്ള ക്ലിനിക്കൽ, മരണ ഓഡിറ്റുകൾ അതുപോലെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

(8) സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്ക് പൊതുജനാരോഗ്യ വിഷയങ്ങളിൽ സംസ്ഥാനത്തെ പൊതു, സ്വകാര്യ ആരോഗ്യ പരിപാലന സ്ഥാപനങ്ങളിൽ നിന്ന് അധികാരി നിർണ്ണയിക്കുന്ന ഫോർമാറ്റിൽ വിവരങ്ങൾ ശേഖരിക്കാനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

(9) ജില്ലാ പൊതുജനാരോഗ്യ അധികാരികൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ, ഹെൽത്ത് കെയർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാന പൊതുജനാരോഗ്യ അധികാരി സജ്ജീകരിക്കേണ്ടതും, അത്തരം വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനാരോഗ്യത്തെക്കുറിച്ചുള്ള നയപരമായ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുകയും പൊതുജനാരോഗ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട ആളുകൾക്കും സ്ഥാപനങ്ങൾക്കും അല്ലെങ്കിൽ ഏജൻസികൾക്കും ശുപാർശകൾ നൽകുകയും ചെയ്യേണ്ടതാണ്.

(10) സംസ്ഥാനത്തോ ജില്ലയിലോ പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിനുള്ള നിബന്ധനകളും, പൊതുജനാരോഗ്യ അടിയന്തരാവസ്ഥ കൈകാര്യം ചെയ്യാൻ ആവശ്യമായ ജീവനക്കാരുടെ നിയമനത്തിനുള്ള വ്യവസ്ഥകളും, അത്തരം അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കേണ്ട സ്രോതസ്സ് എന്നിവയും സംസ്ഥാന പൊതുജനാരോഗ്യ അധികാരി നിശ്ചയിക്കേണ്ടതാണ്.

(11) സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്കും ജില്ലാ പൊതുജനാരോഗ്യ അധികാരിയ്ക്കും സംസ്ഥാന സർക്കാരിനോടോ / ജില്ലാ മജിസ്ട്രേറ്റിനോടോ സംസ്ഥാനത്തോ ജില്ലയിലോ പൊതുജനാരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ ശുപാർശ ചെയ്യാവുന്നതും കൂടാതെ, അതതു സംഗതിപോലെ, ഏതു ഉദ്യോഗസ്ഥനും അത്തരം അടിയന്തരാവസ്ഥ കൈകാര്യം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്.

(12) സംസ്ഥാന പൊതുജനാരോഗ്യ അധികാരിയും ജില്ലാ പൊതുജനാരോഗ്യ അധികാരിയും അവരുടെ അധികാരപരിധിയിൽ പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ വേണ്ട നടപടികൾ എടുക്കേണ്ടതാകുന്നു.

(13) സാമ്പത്തികം അല്ലെങ്കിൽ മറ്റ് കാരണങ്ങളാൽ, പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനോ മെച്ചപ്പെടുത്തുന്നതിനോ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയോ ജില്ലാ പൊതുജനാരോഗ്യ അധികാരിയോ നിർദ്ദേശിച്ച നടപടികൾ നടപ്പിലാക്കാൻ

ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ലെങ്കിലോ അല്ലെങ്കിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനവും സംസ്ഥാന പൊതുജനാരോഗ്യ അധികാരിയും തമ്മിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടെങ്കിലോ, അത്തരം വിഷയങ്ങൾ സർക്കാരിന് റഫർ ചെയ്യേണ്ടതും, സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(14) ദേശീയ ആരോഗ്യ പരിപാടികളും ഈ ആക്റ്റിൻ കീഴിൽ വിജ്ഞാപനം ചെയ്തിട്ടുള്ള രോഗങ്ങളും സംബന്ധിച്ച്, പൊതു, സ്വകാര്യ ആരോഗ്യ പരിപാലന ദാതാക്കളും ആരോഗ്യ സ്ഥാപനങ്ങളും പിന്തുടരേണ്ട അംഗീകൃത മെഡിക്കൽ ചികിത്സാ പ്രോട്ടോക്കോൾ സംസ്ഥാന പൊതുജനാരോഗ്യ അധികാരി പ്രസിദ്ധീകരിക്കേണ്ടതാണ്.

(15) സംസ്ഥാന പൊതുജനാരോഗ്യ അധികാരി രോഗനിരീക്ഷണം, പകർച്ച വ്യാധികളുടെ തടയലും നിയന്ത്രണവും ജീവിതശൈലി രോഗങ്ങൾ, കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും രോഗങ്ങൾ, ആരോഗ്യ അപകടങ്ങൾ എന്നിവയ്ക്കായി പൊതുജനാരോഗ്യ മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്.

8. ഹെൽത്ത് ഓഫീസറുടെ നിയമനം.—(1) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിച്ചിട്ടുള്ള ഒരു ഹെൽത്ത് ഓഫീസർ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കുവാൻ യാതൊരു ഉദ്യോഗസ്ഥനും ഇല്ലാത്ത സാഹചര്യത്തിൽ, ജില്ലാ പൊതുജനാരോഗ്യ അധികാരിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറുടെ ചുമതല വഹിക്കുന്ന മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറെയോ സർക്കാരിന്റെയോ ഒരു ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി പ്രവർത്തിക്കുന്നതിലേയ്ക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(2) ഈ ആക്റ്റിന്റെ കീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെ സഹായിക്കാൻ ഹെൽത്ത് ഇൻസ്പെക്ടറും മറ്റ് ജീവനക്കാരും ഉണ്ടായിരിക്കേണ്ടതാണ്.

(3) തദ്ദേശ പൊതുജനാരോഗ്യ അധികാരിയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ ഈ ആക്റ്റിൻ കീഴിലുള്ള തദ്ദേശ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ നിർവ്വഹിക്കുന്നതിനായി, രേഖാമൂലമുള്ള ഉത്തരവിൻ പ്രകാരം, അധികാരപ്പെടുത്താവുന്നതും ആയത് അയാളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിരിക്കുന്നതും കൂടാതെ അധികാരി നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിയന്ത്രണത്തിനും വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായിരിക്കുന്നതുമാണ്.

9. <u>അടിയന്തിര സാഹചര്യങ്ങളിൽ താൽക്കാലിക ഹെൽത്ത് ഓഫീസർമാരുടെ നിയമനം</u>.—ഏതെങ്കിലും പ്രാദേശിക മേഖലയിൽ ഏതെങ്കിലും സാംക്രമിക രോഗമോ വിജ്ഞാപനം ചെയ്യപ്പെട്ട പകർച്ചവ്യാധിയോ ഉണ്ടാവുകയോ അല്ലെങ്കിൽ പൊട്ടിപ്പുറപ്പെടുമെന്ന ഭീഷണി ഉണ്ടാവുകയോ, അല്ലെങ്കിൽ അവിടെ അസാധാരണമായ മരണങ്ങളോ മറ്റ് അടിയന്തിര സാഹചര്യങ്ങളോ ഉണ്ടാവുകയോ ചെയ്താൽ, അല്ലെങ്കിൽ ഏതെങ്കിലും മേളയ്ക്കോ ഉത്സവത്തിനോ വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന പ്രദേശത്തേയ്ക്കോ, സർക്കാരിനോ, സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്കോ അല്ലെങ്കിൽ ജില്ലാ പൊതുജനാരോഗ്യ അധികാരിയ്ക്കോ, ഉത്തരവ് പ്രകാരം, അത്തരം പകർച്ചവ്യാധി അതതു സംഗതിപോലെ, പടർന്നുപിടിക്കുന്നത് തടയുന്നതിനോ, പ്രതിരോധിക്കുന്നതിനോ അതിന്റെ കാരണം അന്വേഷിക്കുന്നതിനോ അല്ലെങ്കിൽ അത്തരം മരണങ്ങൾ തടയുന്നതിനോ അല്ലെങ്കിൽ ഒരു മേളയുടെ അല്ലെങ്കിൽ ഉത്സവത്തിന്റെ ശരിയായ നടത്തിപ്പിനോ വേണ്ടി അതിൽ വിനിർദ്ദേശിച്ചിരിക്കുന്ന കാലയളവിലേയ്ക്ക്, ഒന്നോ അതിലധികമോ മെഡിക്കൽ ഓഫീസർമാരെ അഡീഷണൽ ഹെൽത്ത് ഓഫീസർമാരായി താൽക്കാലികമായി നിയമിക്കാവുന്നതാണ്.

10. <u>പൊതുജനാരോഗ്യ അടിയന്തരാവസ്ഥകളിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ</u>.—നിർണ്ണയിക്കപ്പെടാവുന്ന അത്തരം വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്ക് ,—

(എ) അവരുടെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും പൊതുജനാരോഗ്യ സ്ഥാപനത്തിലെ ഒന്നോ അതിലധികമോ ജീവനക്കാരെ മറ്റേതെങ്കിലും പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പ്രദേശത്തിലേയ്ക്ക് താൽക്കാലിക ചുമതലയ്ക്കായി നിയോഗിക്കുന്നതിനും;

(ബി) സംസ്ഥാനത്തെ മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പിനായി പൊതുജനാരോഗ്യ മാനദണ്ഡങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വികസിപ്പിക്കുകയും അവ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നതിനും; കൂടാതെ

(സി) ശല്യം ഇല്ലാതാക്കൽ, ആരോഗ്യ അപകടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങളും റെഗുലേഷനുകളും നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനുമുള്ള ,

അധികാരം ഉണ്ടായിരിക്കുന്നതാണ്.

11. ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ.—ജില്ലാ പൊതുജനാരോഗ്യ അധികാരിയ്ക്ക്,—

(എ) ജില്ലയ്ക്കുള്ളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കു വേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും മേൽനോട്ടവും നിയന്ത്രണവും നടപ്പിലാക്കുന്നതിനും;

(ബി) രോഗങ്ങൾ തടയുന്നതിനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമെന്നു കരുതുന്ന പൊതുജനാരോഗ്യ അന്വേഷണം കാലാകാലങ്ങളിൽ നടത്തുന്നതിനും;

(സി) എല്ലാ തരത്തിലുമുള്ള പകർച്ചവ്യാധികൾ, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികൾ, ആരോഗ്യ അപകടങ്ങൾ എന്നിവ സംബന്ധിച്ച് അന്വേഷണവും പരിശോധനയും നടത്തുന്നതിനും; കൂടാതെ

(ഡി) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ആവശ്യമെന്നു കരുതുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതിനും;

അധികാരമുണ്ടായിരിക്കുന്നതാണ്.

12. പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ.—(1) പൊതുജനാരോഗ്യ മാർഗ്ഗനിർദ്ദേശങ്ങളെയോ ചട്ടങ്ങളെയോ സംബന്ധിച്ച് പ്രാദേശിക പൊതുജനാരോഗ്യ അധികാരി അതിന്റെ അധികാരപരിധിയിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കേണ്ടതാണ്.

(2) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് രേഖാമൂലം, ഏതെങ്കിലും ആളിനോടോ സ്ഥാപനത്തിനോടോ, വിനിർദ്ദേശിക്കപ്പെട്ട അത്തരം സമയത്തിനുള്ളിൽ, ഏതെങ്കിലും പ്രവർത്തികൾ നടത്തുന്നതിനോ അല്ലെങ്കിൽ നിർത്തിവയ്ക്കുവാനോ അല്ലെങ്കിൽ പൊതുജനാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിന് അധികാരി ആവശ്യമെന്നു കരുതുന്ന ഏതൊരു അവസ്ഥയും മാറ്റംവരുത്തുന്നതിനോ നിർദ്ദേശം നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ അയാൾ അല്ലെങ്കിൽ സ്ഥാപനം അപ്രകാരം ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനം ആ പ്രവർത്തികൾ നടത്തേണ്ടതും ആയതിനുണ്ടാകുന്ന ചെലവുകൾ ബന്ധപ്പെട്ട ആളിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്കുള്ള നികുതി കുടിശ്ശിക എന്നപോലെ ഈടാക്കേണ്ടതാണ്.

(3) പ്രാദേശിക പൊതുജനാരോഗ്യ അധികാരി പൊതുജനാരോഗ്യ കാര്യങ്ങളിൽ ഈ ആക്റ്റിൻ കീഴിൽ വ്യവസ്ഥകൾ പ്രകാരം അത്തരം പ്രാദേശിക പൊതുജനാരോഗ്യ

അധികാരിയ്ക്ക് ബാധകമായ അത്തരം ചുമതലകൾ നിർവ്വഹിക്കുകയും അത്തരം കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്യേണ്ടതും, കൂടാതെ

(i) ഈ ആക്റ്റ് അനുസരിച്ച് പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ പിഴ ചുമത്തുന്നതിനും, അല്ലെങ്കിൽ

(ii) രാജിയാക്കാവുന്നതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതായ, ഈ ആക്റ്റിൻ കീഴിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ കുറ്റകൃത്യം നടത്തുകയോ ചെയ്താൽ അത് രാജിയാക്കുന്നതിനും,

(iii) ഏതെങ്കിലും സ്ഥാപനത്തിൽ ഏതെങ്കിലും ആഹാര പദാർത്ഥം തയ്യാറാക്കുകയോ നിർമ്മിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്ന ജോലിയിൽ ഏർപ്പെടുന്ന ഏതൊരാൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിച്ച നിബന്ധനകൾ പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും,

അധികാരമുണ്ടായിരിക്കുന്നതാണ്.

(4) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ടിട്ടുള്ള ഹെൽത്ത് ഓഫീസർ ഈ ആക്റ്റിലോ അതിനു കീഴിലോ പ്രത്യേകമായി നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ കർത്തവ്യങ്ങളും നിറവേറ്റേണ്ടതും, കൂടാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെന്ന നിലയിൽ ആവശ്യമായ എല്ലാ പ്രവർത്തികളും നടപ്പിൽ വരുത്തേണ്ടതുമാണ്.

(5) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ടിട്ടുള്ള ഹെൽത്ത് ഓഫീസർ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സർവ്വന്റ് ആയി കരുതപ്പെടേണ്ടതാണ്.

(6) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിച്ചിട്ടുള്ള ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അദ്ദേഹത്താൽ അധികാരപ്പെടുത്തിയ ഒരു ഓഫീസർക്ക്,—

(എ) ഏതെങ്കിലും തരത്തിലുള്ള ശല്യം നടന്നതോ തുടരുന്നതോ ആയ ഏതെങ്കിലും സ്ഥലത്തും;

(ബി) ദുസ്സഹമായ വ്യാപാരം നടത്തുന്ന ഏത് സ്ഥലത്തും;

(സി) ഭക്ഷണ പദാർഥങ്ങൾ തയ്യാറാക്കുകയോ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ അല്ലെങ്കിൽ ജലവിതരണത്തിന്റെ ഏതെങ്കിലും ഉറവിടമോ ഉള്ള , മലിനീകരണമോ പകർച്ചവ്യാധിയോ ഉള്ള ഏതെങ്കിലും സ്ഥലത്തും;

(ഡി) രോഗാണു വാഹകരുടെയോ രോഗാണുക്കളുടെയോ വർദ്ധനവ് ഉൾപ്പെടെ, ഏതെങ്കിലും സാംക്രമികരോഗം പടരുന്നതിന് സഹായകരമായ സാഹചര്യങ്ങൾ നിലനിൽക്കുന്ന ഏത് സ്ഥലത്തും;

(ഇ) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരപരിധിക്കുള്ളിൽ മലിനമായതോ ആരോഗ്യത്തിന് ഹാനികരമോ ആയ ഏതെങ്കിലും സ്ഥലത്തും,

പ്രവേശിച്ച് പരിശോധിക്കാവുന്നതാണ്.

(7) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ട ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അയാളാൽ അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥന് മലിനമായതോ ചീഞ്ഞതോ ആണെന്ന് സംശയിക്കാൻ ന്യായമായ കാരണങ്ങളുള്ള ഏതെങ്കിലും ഭക്ഷണപാനീയങ്ങൾ പിടിച്ചെടുത്ത് കൊണ്ടുപോകാനോ നശിപ്പിക്കാനോ അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഈ ഉപവകുപ്പിനു കീഴിൽ എന്തെങ്കിലും നടപടി എടുക്കുകയാണെങ്കിൽ, അത്തരം നടപടികൾ എടുക്കുമ്പോൾ അയാൾ ഒന്നോ അതിലധികമോ സാക്ഷികളെ വിളിച്ച് അയാളുടെ/അവരുടെ ഒപ്പ് നേടേണ്ടതാണ്.

(8) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ട ഹെൽത്ത് ഓഫീസർക്ക് അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്,—

(എ) ഏതെങ്കിലും സ്ഥലമോ ഫാക്ടറിയോ വർക്ക് ഷോപ്പോ ജോലിസ്ഥലമോ ഓഫീസോ സിനിമാ ഹാളോ ആശുപത്രിയോ അല്ലെങ്കിൽ അയാൾക്ക് ആവശ്യമെന്ന് തോന്നിയേക്കാവുന്ന മറ്റു സ്ഥലങ്ങളും, പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തിട്ടുള്ള താമസസ്ഥലങ്ങൾ ഉൾപ്പെടെ അല്ലെങ്കിൽ മലിനീകരണ സാധ്യതയുള്ളതായി സംശയിക്കുന്ന ഏതെങ്കിലും സ്ഥലമോ, അറിയിപ്പില്ലാതെ, എപ്പോൾ വേണമെങ്കിലും, യാതൊരു സഹായവും കൂടാതെ പരിശോധിക്കാവുന്നതാണ്.

(ബി) അത്തരം സ്ഥലത്തിനപ്പുറം അത്തരം രോഗം പടരുന്നത് തടയുന്നതിനു വേണ്ടിയുള്ള അത്തരം നടപടികൾ എടുക്കാവുന്നതും; കൂടാതെ

(സി) ഏതെങ്കിലും സ്ഥലത്തുനിന്നോ പരിസരത്തു നിന്നോ ന്യായമെന്ന് തോന്നുന്നപക്ഷം ഭക്ഷണത്തിന്റെയോ വെള്ളത്തിന്റെയോ ഏതെങ്കിലും പദാർത്ഥത്തിന്റെയോ സാമ്പിളുകൾ വിശകലനത്തിനായി എടുക്കാവുന്നതുമാണ്.

(9) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിക്കപ്പെട്ട ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഓഫീസർ (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും നടപടികൾ എടുക്കുമ്പോൾ, നടപടി പൂർത്തിയായതിന് ശേഷം ന്യായമായ സമയത്തിനുള്ളിൽ, എന്നാൽ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ, അങ്ങനെ എടുത്ത നടപടികളെക്കുറിച്ച് ഒരു റിപ്പോർട്ട്, അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും നിർദ്ദിഷ്ട ഫോർമാറ്റിൽ നൽകുകയും, എന്തെങ്കിലും നടപടി എടുക്കേണ്ടതുണ്ടെങ്കിൽ പ്രാദേശിക ഭക്ഷ്യ സുരക്ഷാ ഓഫീസറെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

(10) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായി നിയോഗിച്ച ഹെൽത്ത് ഓഫീസർ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്,—

(എ) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ച ആളിനോ ആളുകൾക്കെതിരെയോ നടപടിയെടുക്കുമ്പോഴോ; അല്ലെങ്കിൽ

(ബി) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതിന് പ്രോസിക്യൂഷൻ ആരംഭിക്കുമ്പോഴോ; അല്ലെങ്കിൽ

(സി) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ പ്രകാരം, 2-ാം വകുപ്പിലെ (ഇസഡ് ഇ) ഇനം പ്രകാരം നിർവ്വചിച്ചിട്ടുള്ള ശല്യം ഇല്ലാതാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ എടുക്കുമ്പോഴോ,

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മുമ്പാകെ വയ്ക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് രേഖാമൂലം ഒരു റിപ്പോർട്ട് നൽകേണ്ടതാണ്.

13. <u>പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെ സഹായിക്കൽ</u>.—(1) പൊതുജനാരോഗ്യ കാര്യങ്ങളിൽ സഹായിക്കുന്നതിനോ നടപടി സാക്ഷ്യപ്പെടുത്തുന്നതിനോ അല്ലെങ്കിൽ അന്വേഷണ നടപടികളിലോ പ്രാദേശിക പൊതുജനാരോഗ്യ അധികാരി സമീപിക്കുമ്പോഴെല്ലാം സർക്കാരിന്റെ കീഴിലുള്ള എല്ലാ പബ്ലിക് സർവ്വന്റ്സും, എല്ലാ സഹായവും സഹകരണവും നൽകേണ്ടതാണ്. അത്തരം ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് ഉണ്ടായതായി കാണപ്പെടുന്ന ഏതെങ്കിലും നിരാകരണമോ നിസ്സഹകരണമോ,

അച്ചടക്കമില്ലായ്മയായോ പെരുമാറ്റ ലംഘനമായോ ആയി കണക്കാക്കപ്പെടുന്നതും ആയത് ബന്ധപ്പെട്ട അച്ചടക്ക അധികാരിയ്ക്കു ഉചിതമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനു കാരണമാകുന്നതുമാണ്.

(2) പ്രാദേശിക പൊതുജനാരോഗ്യ അധികാരി ഈ ആക്റ്റിൻ കീഴിലോ അല്ലെങ്കിൽ അതിൻ കീഴിലോ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ അല്ലെങ്കിൽ റെഗുലേഷനുകൾ പ്രകാരം നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അധികാരം നിയമാനുസൃതമായി വിനിയോഗിക്കുന്നതിന്, പോലീസിനോട് രേഖാമൂലം അയാളുടെ സഹായം ആവശ്യപ്പെട്ടാൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെ സഹായിക്കുക എന്നത് ഓരോ പോലീസുകാരന്റെയും ചുമതലയായിരിക്കുന്നതാണ്.

14. <u>ഹെൽത്ത് ഓഫീസർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം മതിയായ സൗകര്യം നൽകണമെന്ന്</u>.—(1) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അതിന്റെ ഹെൽത്ത് ഓഫീസർക്ക് അയാളുടെ ശരിയായ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ആവശ്യമായ സാമ്പത്തിക, ക്ലറിക്കൽ സഹായം, ഓഫീസ് സ്ഥലം, ഫർണിച്ചർ, സ്റ്റേഷനറി, ഫോമുകൾ, വാഹനസൗകര്യം എന്നിവ നൽകേണ്ടതാണ്.

(2) ഈ ആക്റ്റിൻ പ്രകാരം, പ്രാദേശിക മേഖലകളിൽ ശുചിത്വ സൗകര്യത്തിനായും ശല്യം ഇല്ലാതാക്കുന്നതിനും അതുപ്പോലെയുള്ളവയ്ക്കുമായി നടത്തിയ ഏതെങ്കിലും ജോലിയുടെയോ നടപടികളുടെയോ നിർവ്വഹണത്താൽ ഹെൽത്ത് ഓഫീസർക്ക് ഉണ്ടാകുന്ന ഏത് ചെലവുകളും നഷ്ടങ്ങളും, തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതും അത്തരം തുക ഈ ആക്റ്റ് പ്രകാരം നോട്ടീസ് നൽകപ്പെട്ട വ്യക്തിയിൽ നിന്ന് വസ്തുവിന്മേലുള്ള കരകുടിശ്ശിക എന്നപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കിയെടുക്കാവുന്നതുമാണ്.

15. <u>സംസ്ഥാനത്തെ പൊതുജനാരോഗ്യ നിയമങ്ങളുടെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ഹെൽത്ത് ഓഫീസറുടെ അധികാരം</u>.—സംസ്ഥാനത്തെ പൊതുജനാരോഗ്യ, പരിസ്ഥിതി നിയമങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾക്കനുസൃതമായി ഹെൽത്ത് ഓഫീസർ അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

## <u>അദ്ധ്യായം 3</u>

## മനുഷ്യ ഉപയോഗത്തിനായുള്ള വെള്ളവും മലിനജല നിർമ്മാർജ്ജനവും

16. <u>കുടിവെള്ളത്തിന്റെ ഗുണനിലവാരം</u>.—(1) കുടിവെള്ളത്തിന്റെ നിലവാരം കണക്കാക്കുന്നത് കുടിവെള്ളത്തിന്റെ ഇന്ത്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരം ആയിരിക്കുന്നതും, കൂടാതെ വിതരണം ചെയ്യുന്ന വെള്ളം പര്യാപ്തമാണെന്നും അത് 2006-ലെ ഫുഡ് സേഫ്റ്റി ആന്റ്

സ്റ്റാൻഡേർഡ്സ് ആക്റ്റ് പാലിച്ചുള്ളതാണെന്നും ഉറപ്പുവരുത്തേണ്ടത് മനുഷ്യ ഉപയോഗത്തിനായുള്ള ജലം വിതരണം ചെയ്യുന്ന എല്ലാ വിതരണക്കാരുടെയും ഉത്തരവാദിത്തം ആയിരിക്കുന്നതാണ്.

(2) ഓരോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയും,

(എ) ആനുകാലികമായോ അല്ലെങ്കിൽ ജലജന്യ രോഗത്തിന്റെ സംശയം ഉണ്ടാകുമ്പോഴോ, നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടതും; കൂടാതെ

(ബി) വിതരണം ചെയ്യപ്പെടുന്ന വെള്ളത്തിന്റെ ഗുണനിലവാരവും അളവും, അതതു സംഗതിപോലെ, നിലവാരം കുറഞ്ഞതെന്നോ അപര്യാപ്തമാണെന്നോ കണ്ടെത്തിയാൽ വിതരണക്കാരനെ ചേർത്ത് പരിഹാര നടപടികൾ ആരംഭിക്കേണ്ടതുമാണ്.

(3) കുടിക്കാനും കുളിക്കാനും വസ്ത്രങ്ങൾ കഴുകാനും അല്ലെങ്കിൽ വാട്ടർ സ്പോർട്സിനും വിനോദത്തിനും ഉപയോഗിക്കുന്ന, ഏതെങ്കിലും തടാകം, അരുവി, നീരുറവ, കിണർ, ടാങ്ക്, റിസർവോയർ, കുളം, ടാങ്കർ ലോറികളിലെ വെള്ളം അല്ലെങ്കിൽ മറ്റ് ജലവിതരണ സ്രോതസ്സുകളുടെ, ആയത് സ്വകാര്യ സ്വത്തായാലും അല്ലെങ്കിലും, ഉടമസ്ഥനോട് അല്ലെങ്കിൽ ആയതിൻ മേൽ നിയന്ത്രണമുള്ള ഏതെങ്കിലും ആളിനോട്, പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് എപ്പോൾ വേണമെങ്കിലും രേഖാമൂലം നോട്ടീസ് നൽകാവുന്നതും, നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള ന്യായമായ സമയത്തിനുള്ളിൽ അല്ലെങ്കിൽ (ഡി) ഖണ്ഡത്തിനു കീഴിൽ വരുന്ന വിഷയങ്ങളാണെങ്കിൽ, നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള അറിയിപ്പ് ലഭിച്ച് മുപ്പത്തിയാറു മണിക്കൂറിൽ കുറയാത്ത സമയത്തിനുള്ളിൽ അയാൾ,—

(എ) പ്രാദേശിക പൊതുജനാരോഗ്യ അധികാരി നിർദ്ദേശിക്കുന്ന അത്തരത്തിലുള്ള രീതിയിൽ ജലവിതരണ സ്രോതസ്സുകൾ നിലനിർത്തുകയും പരിപാലിക്കുകയും; അല്ലെങ്കിൽ

(ബി) ചെളി, മാലിന്യങ്ങൾ, സസ്യങ്ങൾ എന്നിവയിൽ നിന്ന് അത്തരം ജലവിതരണ സ്രോതസ്സുകൾ വൃത്തിയാക്കുകയും; അല്ലെങ്കിൽ

(സി) പ്രാദേശിക പൊതുജനാരോഗ്യ അധികാരി നിർദ്ദേശിച്ചതുപോലെ ഉപരിതല ഡ്രെയ്നേജ് വഴിയുള്ള മലിനീകരണത്തിൽ നിന്ന് അത്തരം ജലവിതരണ സ്രോതസ്സുകളെ സംരക്ഷിക്കുകയും; അല്ലെങ്കിൽ

(ഡി) പൊതുജനാരോഗ്യ അധികാരിയുടെ അഭിപ്രായത്തിൽ, ഏതെങ്കിലും രീതിയിലുള്ള ജലവിതരണ സ്രോതസ്സ് മതിയായ അറ്റകുറ്റപ്പണികളോ, സംരക്ഷണമോ അല്ലെങ്കിൽ അടച്ചുകെട്ടലോ ഇല്ലാത്തതാണെങ്കിൽ അത് ഉപയോഗിക്കുവാൻ ഇടയാകുന്ന അല്ലെങ്കിൽ കടന്നുപോകുന്ന ആളിനോ പൊതുജനങ്ങൾക്കോ ആരോഗ്യത്തിനോ

സുരക്ഷിതത്വത്തിനോ ഹാനിയുണ്ടാക്കുമെങ്കിൽ, അവരുടെ നിർദ്ദേശ പ്രകാരം അവ നികത്തുകയോ, നന്നാക്കുകയോ, സംരക്ഷിക്കുകയോ അല്ലെങ്കിൽ കെട്ടിയടയ്ക്കുകയോ; അല്ലെങ്കിൽ

(ഇ) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അഭിപ്രായത്തിൽ, ജലം കുടിക്കുവാൻ യോഗ്യമല്ലായെങ്കിൽ, കുടിവെള്ള ആവശ്യങ്ങൾക്കായി അത്തരം ജലവിതരണ സ്രോതസ്സുകൾ ഉപയോഗിക്കുന്നതിൽ നിന്നും അതുപോലെ മറ്റുള്ളവരെ ഉപയോഗിക്കുവാൻ അനുവദിക്കുന്നതിൽ നിന്നും ഒഴിവാക്കുകയോ; അല്ലെങ്കിൽ

(എഫ്) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അഭിപ്രായത്തിൽ ജലം കുടിക്കുവാൻ യോഗ്യമല്ലായെങ്കിൽ കുടിവെള്ള ആവശ്യങ്ങൾക്കായി ആയത് ഉപയോഗിക്കുന്നത് തടയാൻ പര്യാപ്തമായ രീതിയിൽ, അത്തരം ജലവിതരണ സ്രോതസ്സ് താൽക്കാലികമായോ ശാശ്വതമായോ അടയ്ക്കുന്നതിനോ, അല്ലെങ്കിൽ അതേ രീതിയിൽ നികത്തുകയോ, കെട്ടിയടയ്ക്കുകയോ അല്ലെങ്കിൽ വേലികെട്ടുകയോ; അല്ലെങ്കിൽ

(ജി) ആരോഗ്യത്തിന് ഹാനികരമാണെന്നോ സമീപസ്ഥലത്തിനു ദുസ്സഹമാണെന്നോ പ്രാദേശിക പൊതുജനാരോഗ്യ അധികാരി കണക്കാക്കുന്ന ഏതെങ്കിലും കെട്ടിക്കിടക്കുന്ന ജലം ഒഴുക്കി കളയുന്നതിനോ അല്ലെങ്കിൽ ചേർന്നോ ബന്ധപ്പെട്ടോ കിടക്കുന്ന ഏതെങ്കിലും ജലസ്രോതസ്സിൽ നിന്നോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിൽ നിന്നോ പരിസരത്തു നിന്നോ സംഭരണിയിൽ നിന്നോ ജലസംഭരണിയിൽ നിന്നോ നീക്കം ചെയ്യുകയോ, ചെയ്യണമെന്ന് ആവശ്യപ്പെടാവുന്നതാണ്:

എന്നാൽ (എ), (ഡി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകൾ ഒരു അരുവിയ്ക്ക് ബാധകമാകുന്നതല്ല:

എന്നുമാത്രമല്ല ഖണ്ഡം (ഇ) പ്രകാരം ഒരു നോട്ടീസ് ആദ്യം നൽകാത്ത പക്ഷം ഖണ്ഡം (എഫ്) പ്രകാരം ഒരു നോട്ടീസ് നൽകാൻ പാടുള്ളതല്ലാത്തതും, ഖണ്ഡം (ഇ) പ്രകാരമുള്ള നോട്ടീസ് നൽകിയതിനുശേഷവും പ്രശ്നമായ ജലവിതരണത്തിനുള്ള ഉറവിടം കുടിവെള്ള ആവശ്യങ്ങൾക്കായി തുടർച്ചയായി ഉപയോഗിക്കുകയാണെങ്കിൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്കു, അത്തരം ഉപയോഗം (എഫ്) ഖണ്ഡ പ്രകാരമുള്ള നോട്ടീസ് നൽകാതെ തടയാൻ സാധിക്കില്ലായെന്ന് കരുതുന്ന പക്ഷം അത്തരത്തിലുള്ള നോട്ടീസ് നൽകാവുന്നതാണ്.

(4) മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ ഉടമയോ നിയന്ത്രണമുള്ള ആളോ (3)-ാം ഉപവകുപ്പ് പ്രകാരം നൽകിയ നോട്ടീസ്, അതിൽ വിനിർദ്ദേശിച്ച സമയത്തിനുള്ളിൽ പാലിക്കുന്നതിൽ വീഴ്ച വരുത്തുകയോ അവഗണിക്കുകയോ ചെയ്യുകയാണെങ്കിൽ,

പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്കു, ഏതെങ്കിലും ആളിന്റെയോ അല്ലെങ്കിൽ ആളുകളുടെയോ ആരോഗ്യം അല്ലെങ്കിൽ സുരക്ഷ പരിരക്ഷിക്കുന്നതിന് അടിയന്തിര നടപടി ആവശ്യമായി വന്നാൽ, അത്തരം നോട്ടീസിൽ പറഞ്ഞിരിക്കുന്ന ജോലികൾ ഉടൻതന്നെ നിർവ്വഹിക്കുകയും, അപ്രകാരം പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ഉണ്ടാകാന്ന എല്ലാ ചെലവുകളും ഉടമ, അല്ലെങ്കിൽ അത്തരം ജലവിതരണ സ്രോതസ്സിന്റെ നിയന്ത്രണമുള്ള ആൾ അടയ്ക്കേണ്ടതും, അടയ്ക്കാത്ത പക്ഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിക്കേണ്ട നികുതി കുടിശ്ശികയെന്നപോലെ അത് ഈടാക്കിയെടുക്കുകയും ചെയ്യാവുന്നതാണ് :

എന്നാൽ ഏതെങ്കിലും സ്വകാര്യ സ്രോതസ്സിലെ ജലം പൊതുജനങ്ങൾ അല്ലെങ്കിൽ പൊതുജനങ്ങളുടെ ഒരു വിഭാഗം അവകാശമെന്ന നിലയിൽ ഉപയോഗിക്കുകയാണെങ്കിൽ അപ്രകാരമുള്ള ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകളിൽ നിന്ന് വഹിക്കേണ്ടതാണ്.

(5) പൊതുവായി അല്ലെങ്കിൽ പ്രത്യേകമായി നിർണ്ണയിച്ചിട്ടുള്ളതൊഴികെ യാതൊരാളും,—

(എ) ഓവുചാലിനെ ബാധിക്കുന്നതോ അതിൽ അടങ്ങിയിരിക്കുന്ന വസ്തുക്കളുടെ സ്വതന്ത്രമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതോ, അല്ലെങ്കിൽ അത്തരം വസ്തുക്കളുടെ ട്രീറ്റ്മെന്റിനെയും നീക്കം ചെയ്യലിനെയും ബാധിക്കുന്ന എന്തെങ്കിലും വസ്തു; അല്ലെങ്കിൽ

(ബി) മാലിന്യമോ നീരാവിയോ ആയ ഏതെങ്കിലും ദ്രാവകമോ അല്ലെങ്കിൽ മറ്റു ദ്രാവകം അതുമാത്രമായോ അല്ലെങ്കിൽ ഓടയ്ക്കുള്ളിലെ മറ്റു പദാർത്ഥങ്ങളുമായി സംയോജിക്കുമ്പോഴോ അപകടകരമോ, ശല്യത്തിനു കാരണമാവുകയോ, അല്ലെങ്കിൽ ആരോഗ്യത്തിന് ദോഷംവരുത്തുകയോ ചെയ്യുന്നെങ്കിൽ;

(സി) ഏതെങ്കിലും സ്ഫോടനവസ്തു, അല്ലെങ്കിൽ കത്തുന്ന വസ്തു,

ഏതെങ്കിലും പൊതു ഓടയിലേയ്ക്കോ അല്ലെങ്കിൽ പൊതു ഓടയുമായി ബന്ധിപ്പിക്കുന്ന ഓടയിലേയ്ക്കോ എറിയുകയോ, എറിയാനുള്ള അനുമതി കൊടുക്കുകയോ, ഒഴിക്കുകയോ മറിക്കുകയോ കടത്തിവിടുകയോ ചെയ്യുവാൻ പാടില്ലാത്തതാണ്.

(6) പൊതുവായി അല്ലെങ്കിൽ പ്രത്യേകമായി നിർണ്ണയിച്ചിട്ടുള്ളതൊഴികെ, യാതൊരാളും,—

(എ) ഏതെങ്കിലും ജലപാതയിലേയ്ക്ക്,—

(i) ഏതെങ്കിലും ഖര അല്ലെങ്കിൽ ദ്രാവക മലിനവസ്തു, അഴുക്ക്, വിസർജ്ജ്യം, അല്ലെങ്കിൽ

(ii) ഏതെങ്കിലും ഉൽപ്പാദനത്തിൽ നിന്നോ ഉൽപ്പാദന പ്രക്രിയയിൽ നിന്നോ ഉണ്ടാകുന്ന ഏതെങ്കിലും വിഷമുള്ള , മാരകമായ അല്ലെങ്കിൽ മലിനമാക്കുന്ന ദ്രാവകം,

ഇടുകയോ ഇടാൻ കാരണമാകുകയോ അല്ലെങ്കിൽ വീഴ്ത്താൻ കാരണമാകുകയോ ഒഴുക്കുകയോ കൊണ്ടുപോകുകയോ അല്ലെങ്കിൽ അറിഞ്ഞുകൊണ്ട് ഇടാൻ, വീഴ്ത്താൻ, ഒഴുക്കാൻ, കൊണ്ടുപോകാൻ അനുവദിക്കുകയോ ചെയ്യുവാനോ, അല്ലെങ്കിൽ

(ബി) ജലപാതയിലേക്ക് എന്തെങ്കിലും നിക്ഷേപിക്കുകയോ നിക്ഷേപിക്കാൻ കാരണമാവുകയോ, വീഴാൻ കാരണമാകുകയോ വീഴ്ത്തുകയോ, ഒഴുക്കുകയോ, അല്ലെങ്കിൽ ബോധപൂർവ്വം ഏതെങ്കിലും വീഴ്ത്തുകയോ, ഒഴുക്കുകയോ അല്ലെങ്കിൽ ഒരേ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടെ മറ്റ് സമാന പ്രവൃത്തികളുമായി വ്യക്തിപരമായി അല്ലെങ്കിൽ സംയോജിപ്പിച്ച്, ജലപാതയുടെ ശരിയായ ഒഴുക്കിനെ തടസ്സപ്പെടുത്തുകയോ, അതിലെ വെള്ളം മലിനമാക്കുകയോ, ഏതെങ്കിലും ഫാക്ടറിയിൽ നിന്നോ, നിർമ്മാണ പ്രക്രിയയിൽ നിന്നോ ക്വാറിയിൽ നിന്നോ ഉള്ള ഖര മാലിന്യങ്ങൾ ഏതെങ്കിലും ചപ്പുചവറുകൾ, ചാരങ്ങൾ, മറ്റ് മാലിന്യങ്ങൾ, വ്യാപാര മാലിന്യങ്ങൾ, മലിനമായ ഖര വസ്തുക്കൾ എന്നിവ ഉൾപ്പെടെ; അല്ലെങ്കിൽ

(സി) ജലപാതയിലോ സമീപപ്രദേശത്തോ ഏതെങ്കിലും ശല്യം ഉണ്ടാക്കുവാനോ, പാടുള്ളതല്ല.

(7) (3)-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ ആരെങ്കിലും അനുസരിക്കാതിരിക്കുകയാണെങ്കിൽ, അയാൾ ആയിരം രൂപ പിഴയ്ക്കും തുടർച്ചയായി അനുസരിക്കാതിരിക്കുന്ന സംഗതിയിൽ ഓരോ ദിവസത്തേക്കും അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

(8) (5) അല്ലെങ്കിൽ (6)-ാം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ ആരെങ്കിലും ലംഘിക്കുകയാണെങ്കിൽ അയാൾ ആയിരം രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

17. <u>ജലവിതരണവുമായി ബന്ധപ്പെട്ട് ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ.</u>—(1) ഏതെങ്കിലും പ്രാദേശിക മേഖലകളിലോ അതിന്റെ ഭാഗങ്ങളിലോ ജലവിതരണ സ്രോതസ്സ് മലിനമാണോ അല്ലയോ എന്നു കണ്ടെത്തുന്നതിനായി അത്തരം പ്രദേശങ്ങളിലോ അതിന്റെ ഭാഗങ്ങളിലോ ജില്ലാ പൊതുജനാരോഗ്യ അധികാരിയ്ക്കു അന്വേഷണം നടത്തിക്കാവുന്നതാണ്.

(2) ജില്ലാ പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ യഥാവിധി അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും, അത്തരം അന്വേഷണങ്ങളുടെ ഫലം കണക്കിലെടുത്ത്, വിനിർദ്ദേശിക്കപ്പെട്ട കാലയളവിനുള്ളിൽ, ജലവിതരണ സ്രോതസ്സ് വൃത്തിയാക്കുവാനോ മെച്ചപ്പെടുത്തുവാനോ നന്നാക്കുവാനോ മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുവാനോ നിർദ്ദേശിച്ചുകൊണ്ട് ഉടമയ്ക്കോ കൈവശക്കാരനോ ബന്ധപ്പെട്ട സ്ഥാപനത്തിനോ അധികാരിക്കോ ഉത്തരവ് നൽകാവുന്നതാണ്:

എന്നാൽ ഈ ഉപവകുപ്പിൻ കീഴിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, ജില്ലാ പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഓഫീസർ, അധികാരികൾക്കോ ബന്ധപ്പെട്ട ആളുകൾക്കോ പറയുവാനുള്ളതു പറയുവാൻ ന്യായമായ അവസരം നൽകേണ്ടതും അത് പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ജില്ലാ പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്ക് അപ്പീൽ നൽകാവുന്നതും, അത്തരം അപ്പീലിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരി എടുക്കുന്ന തീരുമാനത്തിനെതിരെ, സർക്കാരിലേയ്ക്ക് ഒരു റിവിഷൻ നൽകാവുന്നതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

18. <u>ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെയോ ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെയോ അധികാരങ്ങൾ</u>.—ഒരു പ്രദേശിക മേഖലയിലെ പൊതു ജലവിതരണ സ്രോതസ്സ് മലിനമാണെന്നോ അല്ലെങ്കിൽ മലിനീകരണത്തിന്റെ അപകടസാധ്യതയിലാണെന്നോ സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്കോ ജില്ലാ പൊതുജനാരോഗ്യ അധികാരിക്കോ ബോദ്ധ്യപ്പെടുകയാണെങ്കിൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, രേഖാമൂലം, അതിൽ വ്യക്തമാക്കിയിട്ടുള്ള അത്തരം നടപടികൾ കൈക്കൊള്ളുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

## <u>അദ്ധ്യായം 4</u>

## ശുചീകരണ സൗകര്യങ്ങൾ

19. <u>പൊതു ശുചിത്വ സൗകര്യങ്ങൾ നൽകുവാനും ഉറപ്പുവരുത്തുവാനുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യത</u>.—(1) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പൊതുജനങ്ങളുടെ ഉപയോഗത്തിന് ആവശ്യമായ എണ്ണത്തിലുള്ള ശുചിത്വ സൗകര്യങ്ങൾ,

ശരിയായതും സൗകര്യപ്രദവുമായ സ്ഥലങ്ങളിൽ, ആവശ്യമെങ്കിൽ നാമമാത്രമായ പണം കൊടുക്കലിന്റെ അടിസ്ഥാനത്തിൽ ഒരുക്കുകയും പരിപാലിക്കുകയും പൊതുജനാരോഗ്യത്തിന് ഒരു ശല്യമോ ഹാനിയോ ഉണ്ടാകാത്തവിധം അത്തരം സ്ഥലങ്ങൾ ശരിയായ ശുചിത്വാവസ്ഥയിൽ നിലനിർത്തുകയും ചെയ്യേണ്ടതാണ്.

(2) മനുഷ്യവാസത്തിന് ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കെട്ടിടം യാതൊരുവിധ ശുചീകരണ സൗകര്യങ്ങളും ഇല്ലാത്തതാണെങ്കിലോ അല്ലെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അഭിപ്രായത്തിൽ, കെട്ടിടത്തിൽ താമസിക്കുന്ന ആളുകളുടെ എണ്ണത്തെ സംബന്ധിച്ചിടത്തോളം അതിൽ നൽകിയിട്ടുള്ള ശുചിത്വ സൗകര്യമോ സൗകര്യങ്ങളോ അപര്യാപ്തമാണെങ്കിലോ, അല്ലെങ്കിൽ ശുചിത്വപരമായ കാരണങ്ങളാൽ ആക്ഷേപമുണ്ടെങ്കിലോ, നോട്ടീസിൽ വ്യക്തമാക്കിയേക്കാവുന്ന ശുചിത്വ സൗകര്യങ്ങൾ അല്ലെങ്കിൽ അത്തരം അധിക ശുചിത്വ സൗകര്യങ്ങളും ഒരുക്കണമെന്ന് അത്തരം കെട്ടിടങ്ങളുടെ ഉടമസ്ഥനോട് അയാൾക്ക് രേഖാമൂലമുള്ള നോട്ടീസിലൂടെ ആവശ്യപ്പെടാവുന്നതാണ്.

(3) കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ ഓരോ ഉടമസ്ഥനും അത്തരം കെട്ടിടങ്ങളിലെ താമസക്കാരുടെ ഉപയോഗത്തിനായി ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ അത്തരം സ്ഥാനങ്ങളിലും സമയത്തിനുള്ളിലും ഒരുക്കണമെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് നോട്ടീസിനാൽ ആവശ്യപ്പെടാവുന്നതാണ്.

(4) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാര പരിധിയിലുള്ള പ്രദേശത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13-ാം ആക്റ്റ്) കീഴിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20-ാം ആക്റ്റ്)-ന്റെ കീഴിലും ഉണ്ടാക്കിയിട്ടുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള മൂത്രപ്പുരകളും വാട്ടർ ക്ലോസറ്റുകളും (സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ) വാഷ് ബേസിനുകളും ഒരുക്കേണ്ടതും അവ വൃത്തിയായും ശരിയായ രീതിയിലും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ജോലിസ്ഥലങ്ങൾ, ബിസിനസ്സ് സ്ഥാപനങ്ങൾ, മാളുകൾ എന്നിവയുൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലും, ശിശുക്കൾ, പെൺകുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് സൗഹൃദപരമായ ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(5) അപ്രകാരം ഒരുക്കുന്ന എല്ലാ ശുചിമുറികളും,-

(എ) ഉപയോഗിക്കുന്ന ആളുകളുടെ സ്വകാര്യത സമീപസ്ഥലങ്ങളിൽ താമസിക്കുന്നവരുടെയോ കടന്നുപോകുന്നവരുടെയോ കാഴ്ചയിൽ നിന്ന് പരിരക്ഷിക്കുന്ന രീതിയിൽ നിർമ്മിക്കേണ്ടതും;

(ബി) വാട്ടർ ടൈപ്പ് ക്ലോസറ്റ്, അടപ്പോടുകൂടിയ ലീച്ച് പിറ്റ് അല്ലെങ്കിൽ സെപ്റ്റിക് ടാങ്ക്, ഓട സൗകര്യം, മലിനവായു പുറത്തേയ്ക്കുപോകാനുള്ള എക്സ്-ഹോസ്റ്റ് (നെറ്റ്-ടൈഡ്) തുടങ്ങിയ സംവിധാനങ്ങളുമുള്ളതും;

(സി) പരിസരത്ത് മലിനജലം കെട്ടിക്കിടക്കാതെയും വൃത്തിയോടെയും ശരിയായ രീതിയിലും അറ്റകുറ്റപ്പണികൾ നടത്തിയും അപ്രകാരമുള്ള രീതിയിൽ മാറ്റങ്ങൾ വരുത്തിയും പരിപാലിക്കുകയും, ചെയ്യേണ്ടതാണ്.

(6) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പോ അതിനുശേഷമോ നിർമ്മിച്ചതും, ഒരു തെരുവിലേയ്ക്ക് തുറക്കുന്നതുമായ ഒരു ശുചിമുറി പൊതു സഭ്യതയ്ക്ക് എതിരോ ശല്യമോ ആകത്തക്കവിധത്തിൽ സ്ഥാപിക്കുകയോ നിർമ്മിക്കുകയോ ചെയ്തിട്ടുള്ളതാണെങ്കിൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് രേഖാമൂലമുള്ള നോട്ടീസിനാൽ, അതിൽ പറഞ്ഞിരിക്കുന്ന അത്തരം സമയത്തിനുള്ളിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചുകൊണ്ട്, അത് നീക്കം ചെയ്യുവാനോ അത്തരം മെച്ചപ്പെടുത്തലുകൾ വരുത്തുവാനോ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതാണ്.

(7) (2)-ാം ഉപവകുപ്പിൽ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ കെട്ടിടത്തിന്റെ ഉടമ പാലിക്കുന്നില്ലെങ്കിൽ, ഇരുനൂറ്റിയമ്പത് രൂപയിൽ കൂടാത്ത പിഴയ്ക്കും തുടർച്ചയായി പാലിക്കുന്നില്ലെങ്കിൽ ഓരോ ദിവസത്തേയ്ക്ക് നൂറു രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

(8) കെട്ടിടം നിൽക്കുന്ന ഭൂമിയുടെ ഉടമ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ ഇരുനൂറ്റിയമ്പത് രൂപയിൽ കൂടാത്ത പിഴയ്ക്കും നിർദ്ദേശങ്ങൾ തുടർച്ചയായി പാലിക്കുന്നില്ലെങ്കിൽ ഓരോ ദിവസത്തേയ്ക്കും നൂറു രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

(9) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനമോ (4)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടാൽ, അഞ്ഞൂറ് രൂപയിൽ കവിയാത്ത പിഴയ്ക്കും നിർദ്ദേശങ്ങൾ തുടർന്നും പാലിക്കുന്നില്ലെങ്കിൽ ഓരോ ദിവസത്തേയ്ക്കും നൂറുരൂപവരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

(10) (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന, ഓരോ കെട്ടിട ഉടമയും ഇരുനൂറ്റിയമ്പത് രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും നൂറു രൂപവരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

(11) (6)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഓരോ കെട്ടിട ഉടമയും അഞ്ഞൂറ് രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും നൂറു രൂപവരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

20. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മറ്റ് പൊതു സ്ഥലങ്ങളിലെയും ശുചിത്വ സൗകര്യങ്ങൾക്കായുള്ള മാനദണ്ഡങ്ങൾ.—(1) വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും ശുചിത്വ സൗകര്യ മാനദണ്ഡങ്ങൾ നിർദ്ദേശിക്കേണ്ടത് സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെ ചുമതലയാകുന്നു.

(2) ഓരോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയും,—

(എ) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് പൊതു സ്ഥലങ്ങളിലും മതിയായ ശുചീകരണ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ;

(ബി) സൗകര്യങ്ങൾ അപര്യാപ്തമാകുമ്പോൾ പരിഹാര നടപടികൾ ആരംഭിക്കുകയും , ചെയ്യേണ്ടതാണ്.

21. സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ആവശ്യകത.—(1) വ്യക്തിഗത താമസസ്ഥലങ്ങൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും അധികാരിതയുള്ള പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അംഗീകാരത്തോടെ എല്ലാ വർഷവും സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു സ്ഥാപനവും ഇരുനൂറ്റിയമ്പത് രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും നൂറു രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനാകുന്നതാണ്.

22. തെരുവുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങളും ചവറുകളും മറ്റും നിക്ഷേപിക്കുന്നത് നിരോധിക്കൽ.—(1) യാതൊരാളും തെരുവുകളിലോ പൊതുസ്ഥല ങ്ങളിലോ ആരോഗ്യത്തിന് ഹാനികരമാകുന്ന മാലിന്യങ്ങളോ ചവറുകളോ അതുപോലെയുള്ളവയോ നിക്ഷേപിക്കാൻ പാടുള്ളതല്ല.

(2) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20-ാം ആക്റ്റ്), 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13-ാം ആക്റ്റ്) 219 എ മുതൽ 219 എസ് വരെയുള്ള വകുപ്പുകളിലും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും , തെരുവുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങൾ, ചവറുകൾ അല്ലെങ്കിൽ മറ്റെന്തെങ്കിലും നിക്ഷേപിക്കുന്നതിൽ നിന്നും യാതൊരു ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നില്ലെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരി ഉറപ്പുവരുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഇരുനൂറ്റമ്പത് രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്ക് ഇരുനൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

23. <u>പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം</u>.—ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന്റെ ആരോഗ്യ വകുപ്പിലെയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ കീഴിലോ ഉള്ള , ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ താഴെയല്ലാത്ത ഏതൊരു ഉദ്യോഗസ്ഥനും, ഏതൊരു പരിസരത്തും പ്രവേശിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്:

എന്നാൽ,—

(എ) സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയിൽ പരിസരത്ത് ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ ആയ എന്തെങ്കിലും ഒരു ശല്യമുണ്ടാകുമ്പോൾ ഒഴികെ ; സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയിൽ അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലാത്തതും;

(ബി) അത്തരം പ്രവേശനം നടത്താനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് രണ്ട് മണിക്കൂർ മുമ്പെങ്കിലും താമസക്കാരന് മുൻകൂർ അറിയിപ്പ് കൊടുത്തിട്ടില്ലായെങ്കിൽ ; താമസക്കാരന്റെ സമ്മതമില്ലാതെ ഒരു വാസസ്ഥലത്തേയ്ക്കും പ്രവേശിക്കാൻ പാടില്ലാത്തതും ;

(സി) വനിതകൾക്കായി തിരിച്ചിട്ടുള്ള ഏതൊരു അപ്പാർട്ട്മെന്റിനെയും സംബന്ധിച്ച് അന്തേവാസികൾക്ക് ഓരോ കേസ്സിലും, അവരുടെ സ്വകാര്യത സംരക്ഷിക്കപ്പെടാൻ കഴിയുന്നവിധം പരിസരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് മാറുന്നതിനുമായി മതിയായ നോട്ടീസ് നൽകേണ്ടതും ;

(ഡി) അത്തരം പരിസരങ്ങളിൽ താമസിക്കുന്ന ആളുകളുടെ സാമൂഹികവും മതപരവുമായ ആചാരങ്ങൾക്ക്, പ്രവേശനത്തിന്റെ ആവശ്യകതകളുമായി പൊരുത്തപ്പെട്ടുന്നിടത്തോളം, അർഹമായ പരിഗണന നൽകുകയും,

ചെയ്യേണ്ടതാണ്.

## അദ്ധ്യായം 5

## ശല്യം ഇല്ലാതാക്കൽ

24. <u>ശല്യമാകുന്ന ചില കാര്യങ്ങൾ</u>.—2-ാം വകുപ്പിൽ "ശല്ല്യം" എന്ന പദപ്രയോഗത്തിന് നൽകിയിരിക്കുന്ന നിർവ്വചനത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെ, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി താഴെപ്പറയുന്നവ , പ്രത്യേകിച്ചും, ശല്യമായി കരുതപ്പെടേണ്ടതാണ്, അതായത്,—

(i) ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ഏതെങ്കിലും പരിസരം സൂക്ഷിക്കുക ;

(ii) ഏതെങ്കിലും കുളം , തടാകം, തോട് , ഗട്ടർ , അരുവി , നീർത്തൊട്ടി, ശൗചാലയം, മലിനജലം , ഓവുചാൽ അല്ലെങ്കിൽ ചാരകുഴി എന്നിവ വളരെ മലിനമായതോ ആരോഗ്യത്തിന് ഹാനികരമായതോ ആയ അവസ്ഥയിൽ ഇട്ടിരിക്കുക ;

(iii) ആരോഗ്യത്തിന് ഹാനികരമായ രീതിയിലോ അത്തരമൊരു സ്ഥലത്തോ ഏതെങ്കിലും മൃഗത്തെ സൂക്ഷിക്കുക ;

(iv) ആരോഗ്യത്തിന് ഹാനികരമായ ഏതെങ്കിലും ചവർ, കെട്ടിട മാലിന്യങ്ങൾ, വ്യാപാര മാലിന്യങ്ങൾ അല്ലെങ്കിൽ മറ്റ് വസ്തുക്കൾ എന്നിവ കുന്നുകൂട്ടുകയോ ശേഖരിക്കുകയോ ചെയ്യുക ;

(v) ആരോഗ്യത്തിന് ഹാനികരമാകുന്ന വിധത്തിൽ ഏതെങ്കിലും ഫാക്ടറി, വർക്ക്ഷോപ്പ്, ജോലിസ്ഥലം, കടകൾ, ഭക്ഷണശാലകൾ എന്നിവയ്ക്ക് വേണ്ടത്ര വായുസഞ്ചാര മാർഗ്ഗങ്ങൾ നൽകാതെയും അല്ലെങ്കിൽ വിഷമയമായ മാലിന്യങ്ങളിൽ നിന്ന് വൃത്തിയായി സൂക്ഷിക്കാതെയും അല്ലെങ്കിൽ ജോലിചെയ്യുമ്പോൾ തിക്കും തിരക്കും കൂട്ടുകയോ ചെയ്യുക ;

(vi) തീ കൂട്ടുന്ന സ്ഥലമോ ചൂളയോ അതിൽ ഉപയോഗിക്കപ്പെടുന്ന ജ്വലനങ്ങളിൽ നിന്നുണ്ടാകുന്ന പുക, സാധ്യമാകുന്നിടത്തോളം, വലിച്ചെടുക്കാത്ത വിധത്തിൽ സൂക്ഷിക്കുക ;

(vii) ആരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ പുക പുറന്തള്ളുന്ന വിധത്തിലുള്ള അളവിലും ഉയരത്തിലുമുള്ള ചിമ്മിനി നിലനിർത്തുക ;

(viii) ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള ഏതെങ്കിലും ഒച്ച, ശബ്ദം, പ്രകമ്പനം, പൊടി, ചാരം, അസഹ്യഗന്ധം, അനിഷ്ടകരമായ മണം, വിഷവസ്തു അല്ലെങ്കിൽ അറപ്പുളവാക്കുന്ന രംഗം എന്നിവ ഉണ്ടാക്കുക ;

(ix) ആരോഗ്യത്തിന് ഹാനികരമായ അവസ്ഥയിൽ ശരിയായ മുൻകരുതൽ നടപടികളില്ലാതെ ഏതെങ്കിലും എക്സ്-റേ യൂണിറ്റ്, ക്ലിനിക്കൽ ലബോറട്ടറി, സ്കാൻ സെന്റർ അല്ലെങ്കിൽ ആശുപത്രി എന്നിവ നിലനിർത്തുക ;

(x) ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ഏതെങ്കിലും ഹോട്ടൽ അല്ലെങ്കിൽ ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥാപനം, അറവുശാല, ഇറച്ചിക്കട,

കോഴിക്കട, മിൽക്ക് സ്റ്റാൾ, ചന്ത, ഐസ് ഫാക്ടറി, ലോഡ്ജുകൾ, അതിനു സമാനമായ, താമസത്തിനുള്ള സ്ഥാപനങ്ങൾ വാണിജ്യസ്ഥാപനങ്ങൾ എന്നിവ നടത്തുകയോ നിലനിർത്തുകയോ ചെയ്യുക ;

(xi) ആരോഗ്യത്തിന് ഹാനികരമായ അവസ്ഥയിൽ ഏതെങ്കിലും ശ്മശാനം, ചുടല, കല്ലറ എന്നിവ നിലനിർത്തുക ;

(xii) ഏതെങ്കിലും മരം അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം എന്നിവ ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന അത്തരത്തിലുള്ള അവസ്ഥയിൽ ഇട്ടിരിക്കുക ;

(xiii) കൊതുകുകളുടെ പ്രജനന സ്രോതസ്സുകളായ, കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ, ഏതെങ്കിലും ജലശേഖരം അല്ലെങ്കിൽ ഈച്ചകൾ, പാറ്റകൾ, ഒച്ചുകൾ എന്നിവയുടെ പ്രജനന സ്ഥലങ്ങളും ആരോഗ്യത്തിന് ഹാനികരമായ വിധത്തിൽ ഇട്ടിരിക്കുക ;

(xiv) ഏതെങ്കിലും പന്നിക്കൂട്, കോഴിഫാം, ആട് ഫാം, കന്നുകാലി ഫാം, ഹാച്ചറി, കുതിരലായം എന്നിവ ആരോഗ്യത്തിന് ഹാനികരമായേക്കാവുന്ന അവസ്ഥയിൽ ഇടുക ;

(xv) എലികൾ, ചുണ്ടെലികൾ, ചെള്ളുകൾ മുതലായവയ്ക്ക് താവളമാകുന്ന രീതിയിൽ ഏതെങ്കിലും സംഭരണശാല മാലിന്യകൂമ്പാരം അതുപോലുള്ളവ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ സൂക്ഷിക്കുകയോ നിലനിർത്തുകയോ ചെയ്യുക ; കൂടാതെ

(xvi) ആരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിൽ ഏതെങ്കിലും തരത്തിലുള്ള മാലിന്യങ്ങൾ വാഹനത്തിൽ കൊണ്ടുപോകുകയോ ജലവിതരണം വാഹനത്തിൽ നടത്തുകയോ ചെയ്യുക.

25. ശല്ല്യം സംബന്ധിച്ച വിവരങ്ങൾ.—ഏതെങ്കിലും പ്രാദേശത്ത് ശല്യത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അല്ലെങ്കിൽ അത്തരമൊരു ശല്യം നിലനിൽക്കുന്നു എന്നറിയുന്ന ഏതൊരാൾക്കും, അതേക്കുറിച്ച് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് വിവരം നൽകുകയോ രേഖാമൂലം പരാതി നൽകുകയോ ചെയ്യാവുന്നതാണ്.

26. ശല്ല്യം ഇല്ലാതാക്കുന്നതിനുള്ള പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരം.—(1) ഒരു ശല്യം നിലനിൽക്കുന്നു എന്ന്, ഒരു വിവരത്തിന്റെയോ അല്ലെങ്കിൽ 25-ാം വകുപ്പ് പ്രകാരമുള്ള പരാതിയുടെ അടിസ്ഥാനത്തിലോ, മറ്റുവിധത്തിലോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് ബോധ്യപ്പെട്ടാൽ, അധികാരിയ്ക്ക്, ആരുടെ പ്രവൃത്തിയാലോ, വീഴ്ചയാലോ ആണ് ശല്ല്യം ഉണ്ടായിട്ടുള്ളത് അല്ലെങ്കിൽ തുടർന്നുകൊണ്ടിരിക്കുന്നത്

അയാൾക്ക് അറിയിപ്പ് നൽകിക്കൊണ്ടും, അയാളെ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, ശല്യം തുടരുന്നതായ പരിസരത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ അത് ഇല്ലാതാക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായോ അത്തരം ജോലികൾ ചെയ്യുവാനോ നിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ,—

(എ) ഏതെങ്കിലും എടുപ്പിന്റെ ഘടനാപരമായ പോരായ്മയിൽനിന്നാണ് ശല്യം ഉണ്ടാകുന്നതെങ്കിൽ, പരിസരത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകേണ്ടതും ; കൂടാതെ

(ബി) ശല്യം ഉണ്ടായത് അല്ലെങ്കിൽ അത് തുടരുന്നത്, പരിസരത്തിന്റെ ഉടമയുടെയോ കൈവശക്കാരന്റെയോ പ്രവൃത്തിയോ വീഴ്ചയോ കൊണ്ടല്ലായെങ്കിൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി, ശല്യം ആവർത്തിക്കുന്നത് തടയുന്നതിനു വേണ്ടി ആയത് ഇല്ലാതെയാക്കാൻ ആവശ്യമുള്ളതെന്ന് അയാൾ കരുതുന്ന അത്തരം നടപടികൾ ഉടനടി സ്വയം എടുക്കേണ്ടതുമാണ്.

എന്നുമാത്രമല്ല, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് കാരണങ്ങൾ രേഖപ്പെടുത്തുകയും, ആർക്കാണോ അത്തരം നോട്ടീസ് നൽകിയത്, അയാളുടെ രേഖാമൂലമുള്ള അപേക്ഷയിന്മേലും, കേസ്സിന്റെ വസ്തുതകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിലും, അത്തരം നോട്ടീസിൽ നിർദ്ദേശിച്ച കാലയളവ് നീട്ടാവുന്നതാണ്.

(2) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ മാമൂലിലോ ഏതെങ്കിലും ആചാരത്തിലോ പ്രകടമായതോ സൂചിപ്പിക്കപ്പെടുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ഉടമ്പടികളിലോ കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിലെ വ്യവസ്ഥകളുമായി വിരുദ്ധമാകാത്തിടത്തോളം, (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നോട്ടീസ് പരിസരത്തിന്റെ കൈവശക്കാരനെന്ന നിലയിൽ ഒരാളിന് നൽകുന്നത്, അയാൾ ആ പരിസരത്തിന്റെ ഉടമസ്ഥനല്ലാതിരിക്കുകയും അത്തരം നോട്ടീസ് ശല്യം ഇല്ലാതാക്കുന്നതിനുള്ള ബാധ്യത ഉണ്ടാക്കുന്നതിനോ ഏതെങ്കിലും ജോലിനിർവ്വഹിക്കുന്നതിനോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൻ കീഴിൽ നിർദ്ദേശിക്കപ്പെടുന്ന അത്തരം നടപടികൾ കൈക്കൊള്ളുന്നതിനോ മാത്രമാണെങ്കിൽ, അയാൾക്ക് ആ പരിസരത്തെ സംബന്ധിച്ച് യാതൊരു നിയമപരമായ അവകാശമോ ഉടമസ്ഥാവകാശമോ, താൽപ്പര്യമോ സൃഷ്ടിക്കുന്നതല്ല.

(4) (1)-ാം ഉപവകുപ്പ് പ്രകാരം പ്രാദേശിക പൊതുജനാരോഗ്യ അധികാരി നോട്ടീസ് കൊടുത്ത ഏതെങ്കിലും ആൾ, ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ, ദീർഘിപ്പിച്ച സമയത്തിനുള്ളിൽ അതിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി, ശല്യം ഇല്ലാതാക്കുന്നതിനും

അതിന്റെ ആവർത്തനം തടയുന്നതിനും ആവശ്യമാണെന്ന് അയാൾ കരുതുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ സ്വയം നിർവഹിക്കുകയോ അല്ലെങ്കിൽ അത്തരം നടപടികൾ കൈക്കൊള്ളുകയോ ചെയ്യേണ്ടതും, അതിന്റെ ചെലവുകൾ അത്തരം ആളിൽ നിന്നോ ഉടമയിൽ നിന്നോ കൈവശക്കാരനിൽ നിന്നോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള നികുതി കുടിശ്ശികയെന്നപോലെ ഈടാക്കേണ്ടതുമാണ്.

(5) പ്രാദേശിക പൊതുജനാരോഗ്യ അധികാരി അയാൾ ഉത്തരവിട്ടതോ എടുത്തതോ ആയ നടപടികളെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

27. ശല്യത്താൽ ആൾതാമസത്തിനു അനുയോജ്യമല്ലാത്ത വിധത്തിലുള്ള വീട് സംബന്ധിച്ച വ്യവസ്ഥ.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അഭിപ്രായത്തിൽ, ഒരു വീടോ മറ്റ് കെട്ടിടമോ അവിടെ നിലനിൽക്കുന്ന ഒരു ശല്യത്താൽ ആൾതാമസത്തിന് അനുയോജ്യമല്ലെങ്കിൽ, അത്തരം വീടോ കെട്ടിടമോ ആൾതാമസത്തിന് അനുയോജ്യമാകുന്നതുവരെ, വാസസ്ഥലമായി ഉപയോഗിക്കുന്നത് അയാൾ നിരോധിക്കേണ്ടതാണ്.

28. ശല്യം ഇല്ലാതാക്കുമ്പോൾ നീക്കംചെയ്യപ്പെട്ട സാധനങ്ങളുടെ കൈയ്യൊഴിയൽ.—(1) ഈ അദ്ധ്യായത്തിൻ കീഴിലെ ജോലികൾ നിർവ്വഹിക്കുമ്പോഴോ അല്ലെങ്കിൽ മറ്റുവിധത്തിൽ അതിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുമ്പോഴോ, ഏതെങ്കിലും പരിസരത്ത് നിന്ന് (ഏതെങ്കിലും തെരുവ് ഉൾപ്പെടെ) നീക്കംചെയ്ത ഏതെങ്കിലും സാധനങ്ങൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി അവ നീക്കംചെയ്ത തീയതി മുതൽ ഏഴ് ദിവസം കഴിയുന്നതിന് മുമ്പ് ഉടമ അത്തരം സാധനങ്ങൾ അവകാശപ്പെടുകയും എടുത്തുമാറ്റുകയും ചെയ്തില്ലായെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് അവ പരസ്യമായി ലേലത്തിൽ വിൽക്കാവുന്നതാണ്;

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഏതെങ്കിലും സാധനങ്ങൾ വിൽക്കുന്ന ഒരു പ്രാദേശിക പൊതുജനാരോഗ്യ അധികാരി, ആരാണോ വസ്തുവിന്റെ ഉടമ അയാളിൽ നിന്നും അത്തരം അധികാരിയ്ക്ക് ഈടാക്കിയെടുക്കേണ്ട ചെലവുകളുടെ തുക തട്ടിക്കിഴിച്ചതിനു ശേഷമുള്ള, വിൽപ്പനത്തുക അയാൾക്ക് നൽകേണ്ടതാണ് ;

(3) പെട്ടെന്ന് നശിക്കുന്ന സാധനങ്ങൾ, അത്തരം സാധനങ്ങളുടെ ഉടമ ആറ് മണിക്കൂറിനുള്ളിൽ അവകാശപ്പെട്ടില്ലായെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്കു വിൽക്കുകയോ മറ്റുവിധത്തിൽ കയ്യൊഴിയുകയോ ചെയ്യാവുന്നതാണ് ;

(4) ഒരു പ്രാദേശിക പൊതുജനാരോഗ്യ അധികാരി നീക്കംചെയ്ത ഏതെങ്കിലും ദുസ്സഹമായ കാര്യങ്ങൾക്കോ ഇനങ്ങൾക്കോ ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകില്ല.

29. <u>പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം</u>.—ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാരിന്റെ ആരോഗ്യ വകുപ്പിലെയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ കീഴിലോ ഉള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പദവിയിൽ താഴെയല്ലാത്ത ഏതൊരു ഉദ്യോഗസ്ഥനും, ഏതൊരു പരിസരത്തും പ്രവേശിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ,—

(എ) സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയിൽ പരിസരത്ത് ചെയ്യുന്നതോ ചെയ്യാതിരിക്കുന്നതോ ആയ എന്തെങ്കിലും ഒരു ശല്ല്യമുണ്ടാകുമ്പോൾ ഒഴികെ; സൂര്യാസ്തമയത്തിനും സൂര്യോദയത്തിനുമിടയിൽ അത്തരം സ്ഥലങ്ങളിൽ പ്രവേശിക്കുവാൻ പാടില്ലാത്തതും;

(ബി) അത്തരം പ്രവേശനം നടത്താനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് കുറഞ്ഞത് രണ്ട് മണിക്കൂർ മുമ്പെങ്കിലും താമസക്കാരനു മുൻകൂർ അറിയിപ്പ് കൊടുത്തിട്ടില്ലെങ്കിൽ; താമസക്കാരന്റെ സമ്മതമില്ലാതെ ഒരു വാസസ്ഥലത്തേയ്ക്കും പ്രവേശിക്കാൻ പാടില്ലാത്തതും;

(സി) വനിതകൾക്കായി തിരിച്ചിട്ടുള്ള ഏതൊരു അപ്പാർട്ട്മെന്റിനെയും സംബന്ധിച്ച് അന്തേവാസികൾക്ക് ഓരോ കേസ്സിലും, അവരുടെ സ്വകാര്യത സംരക്ഷിക്കപ്പെടാൻ കഴിയുന്നവിധം പരിസരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് മാറുന്നതിനായി മതിയായ നോട്ടീസ് നൽകേണ്ടതും;

(ഡി) അത്തരം പരിസരങ്ങളിൽ താമസിക്കുന്ന ആളുകളുടെ സാമൂഹികവും മതപരവുമായ ആചാരങ്ങൾക്ക്, പ്രവേശനത്തിന്റെ ആവശ്യകതകളുമായി പൊരുത്തപ്പെടുന്നിടത്തോളം, അർഹമായ പരിഗണന നൽകുകയും, ചെയ്യേണ്ടതാണ്.

30. <u>പ്രാദേശിക പൊതുജനാരോഗ്യ അധികാരി വീഴ്ചവരുത്തുന്ന സംഗതിയിൽ സർക്കാരിന്റെ അധികാരം</u>.—ശല്യം ഇല്ലാതാക്കുന്നതോ തടയുന്നതോ സംബന്ധിച്ച് ഈ ആക്റ്റിന് കീഴിലുള്ള അതിന്റെ കടമ നിറവേറ്റുന്നതിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി വീഴ്ചവരുത്തിയാൽ, സർക്കാരിന് അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് അത്തരം കടമ നിർവ്വഹിക്കാനും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അല്ലെങ്കിൽ രണ്ടിന്റെയും ഏതെങ്കിലും നിർദ്ദിഷ്ട അധികാരങ്ങൾ പ്രയോഗിക്കാനും അധികാരപ്പെടുത്താവുന്നതാണ്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്

അത്തരത്തിലുള്ള വ്യവസ്ഥയില്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥർ വഹിക്കുന്ന ചെലവുകൾ സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടതാണ്.

31. <u>പ്രാദേശിക മേഖലയ്ക്ക് പുറത്ത് പ്രവർത്തിയോ വീഴ്ചയോ മൂലമുണ്ടാകുന്ന ശല്യം</u>.— ഏതെങ്കിലും ഒരു പ്രാദേശിക മേഖലയ്ക്കുള്ളിലോ, അതിന്റെ ഏതെങ്കിലും ഭാഗത്തെയോ ബാധിക്കുന്ന, ഈ ആക്റ്റിനു കീഴിലുള്ള ഒരു ശല്ല്യം, അത് അത്തരം പ്രാദേശിക മേഖലയ്ക്ക് പുറത്ത് ചെയ്യുതോ നടക്കുന്നതോ ആയ ഏതൊരു പ്രവൃത്തിയിലോ വീഴ്ചയാലോ, പൂർണ്ണമായോ ഭാഗികമായോ, ഉണ്ടായതാണെന്ന് കാണുന്നപക്ഷം, പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക്, സമാനമായ സംഗതികളിലും സമാനമായ സംഭവങ്ങളിലും പ്രത്യാഘാതങ്ങളിലും ശല്ല്യവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു നടപടികളും, അത്തരം പ്രവൃത്തിയോ വീഴ്ചയോ ആ പ്രാദേശിക മേഖലയ്ക്കകത്ത് പൂർണ്ണമായും ചെയ്തിട്ടുള്ളതോ നടന്നിട്ടുള്ളതോ എന്നപോലെ, അത്തരം പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഏതൊരാൾക്ക് എതിരെയും എടുക്കാവുന്നതോ എടുക്കാൻ ഇടയാക്കുകയോ ചെയ്യാവുന്നതാണ് :

എന്നാൽ, എടുത്ത നടപടി പ്രദേശത്തിന്റെ അധികാരപരിധിയിലെ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെ അറിയിക്കേണ്ടതും പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ തമ്മിൽ എന്തെങ്കിലും തർക്കമുണ്ടാകുന്ന സന്ദർഭത്തിൽ, ആ സംഗതി ജില്ലാ പൊതുജനാരോഗ്യ അധികാരിക്ക് അതിന്റെ തീരുമാനത്തിനുവേണ്ടി റഫർ ചെയ്യേണ്ടതും, അപ്രകാരമെടുക്കുന്ന തീരുമാനം ബന്ധപ്പെട്ട എല്ലാ പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതുമാണ്.

## അദ്ധ്യായം 6

## പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ-കൗമാര ആരോഗ്യം

32. <u>പ്രാദേശിക പൊതുജനാരോഗ്യ അധികാരി പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ-കൗമാര ആരോഗ്യ അവസ്ഥ (RMNCAH) നടപ്പിലാക്കണമെന്ന്</u>.—(1) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശപ്രകാരം, ഓരോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയും പ്രത്യുൽപ്പാദന, മാതൃ, നവജാതശിശു, ശൈശവ-കൗമാര ആരോഗ്യവും (RMNCAH) സംബന്ധിച്ച അത്തരം നടപടികൾ നടപ്പിലാക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന നടപടികൾ നടപ്പിലാക്കുന്നതിലേയ്ക്ക് സംസ്ഥാന പൊതുജനാരോഗ്യ അധികാരിയും ജില്ലാ പൊതുജനാരോഗ്യ അധികാരിയും പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾക്ക് സാങ്കേതിക പിന്തുണ നൽകേണ്ടതാണ്.

(3) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രത്യുൽപ്പാദന, മാതൃ, നവജാതശിശു, ശൈശവ-കൗമാര ആരോഗ്യം (RMNCAH) എന്നിവയുമായി ബന്ധപ്പെട്ട പ്രതിരോധം, പ്രോത്സാഹനം, കാര്യനിർവ്വഹണം എന്നിവ സംബന്ധിച്ച എല്ലാ നടപടികളും, ആവശ്യമെന്ന് കരുതുന്നപക്ഷം, മറ്റ് വകുപ്പുകളുമായി സംയോജിച്ച് നടപ്പിലാക്കേണ്ടത് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ ചുമതലയാണ്.

(4) മാതൃ ആരോഗ്യം, ശിശുക്ഷേമം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമാണെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരികരുതുന്ന ഏതെങ്കിലും പ്രവൃത്തികൾ വിനിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള സമയത്തിനകം ചെയ്യുന്നതിനോ വിട്ടു നിൽക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും അവസ്ഥ മാറ്റുന്നതിനോ, ഏതെങ്കിലും ആളിനോ സ്ഥാപനത്തിനോ രേഖാമൂലം നിർദ്ദേശം നൽകുവാൻ അധികാരിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രസ്തുത ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ ആളോ സ്ഥാപനമോ അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി ഇക്കാര്യം ജില്ലാ പൊതുജനാരോഗ്യ അധികാരിയെ അറിയിക്കേണ്ടതും അത് തുടർന്ന് സംസ്ഥാന പൊതുജനാരോഗ്യ അധികാരിയെയും സർക്കാരിനെയും അറിയിക്കേണ്ടതും ആയതിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

## അദ്ധ്യായം 7

## പകർച്ച വ്യാധികളുടെയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടെയും പ്രതിരോധവും, വിജ്ഞാപനവും ചികിത്സയും

33. <u>പകർച്ച വ്യാധികളും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ച വ്യാധികളും</u>.—(1)ഈ ആക്റ്റിന്റെ ആവശ്യത്തിനായി, പകർച്ചവ്യാധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്,—

(i) ആന്ത്രാക്സ്,

(ii) ചിക്കൻപോക്സ്,

(iii) ചിക്കുൻഗുനിയ,

(iv) കോളറ,

(v) ചെങ്കണ്ണ്,

(vi) ഡെങ്കിപ്പനി,

(vii) ഡിഫ്ത്തീരിയ,

(viii) വയറിളക്കം,

(ix) എന്ററിക് പനി (ടൈഫോയ്ഡ്),

(x) എബോള,

(xi) പക്ഷിപ്പനി ഉൾപ്പെടെയുള്ള പകർച്ചപ്പനി,

(xii) മന്ത്,

(xiii) ഹ്യൂമൻ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ്/അക്വയർഡ് ഇമ്മ്യൂൺ ഡെഫിഷ്യൻസി സിൻഡ്രോം (HIV/AIDS),

(xiv) സാംക്രമിക കരൾവീക്കം,

(xv) ജാപ്പനീസ് മസ്തിഷ്കവീക്കം, തീവ്രമായ മസ്തിഷ്കവീക്ക രോഗലക്ഷണം (ജെഇ, എഇഎസ്),

(xvi) ക്യസന്നൂർ ഫോറസ്റ്റ് ഡിസീസ് (KFD),

(xvii) ലീഷ്മാനിയാസിസ്,

(xviii) കുഷ്ഠം,

(xix) എലിപ്പനി,

(xx) മലേറിയ,

(xxi) മീസിൽസ്,

(xxii) മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം (MERS),

(xxiii) മെനിംജോകോക്കൽ മെനിഞ്ചൈറ്റിസ്,

(xxiv) മുണ്ടിനീർ,

(xxv) പ്ലേഗ്,

(xxvi) പോളിയോമൈലിറ്റിസ്,

(xxvii) പേ വിഷബാധ,

(xxviii) സ്ക്രബ് ടൈഫസ്,

(xxix) ടെറ്റനസ്,

(xxx) ക്ഷയം (TB),

(xxxi) കഠിന പകർച്ചപ്പനി/ടൈഫസ്

(xxxii) വില്ലൻ ചുമ, അല്ലെങ്കിൽ

(xxxiii) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ, സംസ്ഥാനത്തൊട്ടാകെയോ, അല്ലെങ്കിൽ വിജ്ഞാപന ത്തിൽ പ്രഖ്യാപിച്ചേക്കാവുന്ന അത്തരം ഭാഗങ്ങളിലേയ്ക്കോ ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്ന മറ്റേതെങ്കിലും രോഗം.

(2) ഈ ആക്റ്റിന്റെ ആവശ്യത്തിനായി, വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, -

(i) ക്ഷയം,

(ii) മലേറിയ,

(iii) സിക്ക,

(iv) ആന്ത്രാക്സ്,

(v) പക്ഷി പനി,

(vi) സെറിബ്രോസ്പൈനൽ പനി,

(vii) കോളറ,

(viii) ഡിഫ്തീരിയ,

(ix) ജാപ്പനീസ് മസ്തിഷ്ക വീക്കം,

(x) പോളിയോമൈലിറ്റിസ്,

(xi) ടെറ്റനസ്,

(xii) മഞ്ഞപ്പനി,

(xiii) പേ വിഷബാധ,

(xiv) നിപ,

(xv) കൊറോണ വൈറസ് രോഗം 2019 (കോവിഡ്-19),

അല്ലെങ്കിൽ

(xvi) കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ സംസ്ഥാനത്തൊട്ടാകെയോ അല്ലെങ്കിൽ വിജ്ഞാപനത്താൽ പ്രഖ്യാപിച്ചേക്കാവുന്ന അത്തരം ഭാഗങ്ങളിലേയ്ക്കോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്ന മറ്റേതെങ്കിലും രോഗം.

(3) സർക്കാരിന്, വിവരങ്ങൾ ശേഖരിക്കേണ്ടതോ ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതോ ആയ എതെങ്കിലും പകരുന്നതോ അല്ലാത്തതോ ആയ രോഗത്തിനെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.

(4) വിജ്ഞാപനപ്പെടുത്തേണ്ട ഏതെങ്കിലും പകർച്ചവ്യാധിയുടെ ഒരു സംഭവമോ പൊട്ടിപ്പുറപ്പെടലോ, ഏതെങ്കിലും ആളോ, സർക്കാർ ആശുപത്രിയോ സ്വകാര്യ ആശുപത്രിയോ, ക്ലിനിക്കോ അല്ലെങ്കിൽ ലബോറട്ടറിയോ അവരുടെ, ശ്രദ്ധയിൽപ്പെടുകയോ അറിയപ്പെടുകയോ ചെയ്താൽ, അയാൾ/അത് അക്കാര്യം ഉടൻ തന്നെ പൊതുജനാരോഗ്യ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരമുള്ള വിവരം ലഭിക്കുമ്പോൾ, അത്തരം രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനും അത് ഉന്മൂലനം ചെയ്യുന്നതിനുമായി പൊതുജനാരോഗ്യ അധികാരികൾ ഉടൻതന്നെ ഇടപെടേണ്ടതാണ്.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു സംഭവം റിപ്പോർട്ട് ചെയ്യാൻ പരാജയപ്പെടുന്ന ഏതെങ്കിലും ആളോ അല്ലെങ്കിൽ സ്ഥാപനമോ, കുറ്റസ്ഥാപനത്തിന്മേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോടുകൂടി ശിക്ഷിക്കപ്പെടേണ്ടതാണ്.

34. <u>സംസ്ഥാന നിരീക്ഷണ ആഫീസറും ജില്ലാ നിരീക്ഷണ ആഫീസർമാരും</u>.—(1) സർക്കാർ, ആരോഗ്യ വകുപ്പിലെ മെഡിക്കൽ ആഫീസർമാരെ സംസ്ഥാന നിരീക്ഷണ ആഫീസറും ജില്ലാ നിരീക്ഷണ ആഫീസർമാരുമായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(2) ജില്ലയിലെ എല്ലാ മെഡിക്കൽ ഓഫീസർമാരും സംസ്ഥാന നിരീക്ഷണ ആഫീസർ നിർദ്ദേശിക്കുന്ന പ്രകാരം പകർച്ചവ്യാധികളേയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളേയും സംബന്ധിച്ച് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ഉടനടി റിപ്പോർട്ടുകൾ നൽകേണ്ടതും, അയാൾ തുടർന്ന് ജില്ലാ നിരീക്ഷണ ആഫീസർക്കും അവിടെനിന്ന് സംസ്ഥാന നിരീക്ഷണ ആഫീസർക്കും സമയാസമയങ്ങളിൽ, റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(3) ഏതെങ്കിലും പ്രദേശത്ത് ഏതെങ്കിലും പകർച്ചവ്യാധികളുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടേയോ സംഭവമോ പൊട്ടിപ്പുറപ്പെടുമെന്നുള്ള ഭീഷണിയോ അല്ലെങ്കിൽ അവിടെ എന്തെങ്കിലും അസാധാരണ മരണനിരക്കോ ഉള്ളപക്ഷം പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് വിഭവങ്ങൾ സമാഹരിക്കുന്നതിന് പരിമിതികൾ ഉണ്ടെങ്കിൽ, അതതു സംഗതിപോലെ, ജില്ലാ പൊതുജനാരോഗ്യ അധികാരി അല്ലെങ്കിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരി, അത്തരം പകർച്ചവ്യാധികളുടെയും

വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടെയും ചികിത്സക്കാവശ്യമായേക്കാവുന്ന അങ്ങനെയുള്ള കൂടുതൽ ജീവനക്കാർ, മരുന്നുകൾ, ഉപകരണങ്ങൾ, ചികിത്സയ്ക്ക് ആവശ്യമായേക്കാവുന്ന മറ്റ് സജ്ജീകരണങ്ങളും നൽകേണ്ടതും അതതു സംഗതിപോലെ, അത് പടരുന്നതിൽ നിന്ന് തടയേണ്ടതുള്ളതും അത്തരത്തിലുള്ള മരണനിരക്കിന്റെ കാരണം അന്വേഷിച്ച് അത് തടയേണ്ടതുമാണ്.

(4) ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണർ, (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടാൽ, അയാൾ രണ്ടായിരം രൂപ വരെയാകാവുന്ന പിഴയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

35. <u>ഐസൊലേഷൻ ആശുപത്രികളുടേയും വാർഡുകളുടേയും പരിപാലനം</u>.—(1) പ്രാദേശിക പൊതുജനാരോഗ്യ അധികാരി, രോഗത്തിന്റെ പ്രകൃതത്താൽ ആവശ്യമായി വന്നാൽ,—

(എ) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്ന ആളുകളെ സ്വീകരിക്കുന്നതിനും ചികിത്സക്കുമായി ആശുപത്രികളും വാർഡുകൾ അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളും നൽകുകയോ നൽകാൻ കാരണമാക്കുകയോ ചെയ്യേണ്ടതും ;

(ബി) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ളവരെ കൊണ്ടുപോകുന്നതിനാവശ്യമായ സഹായികളോടെയും അനുയോജ്യമായ വാഹന സൗകര്യങ്ങൾ നൽകുകയും പരിപാലിക്കുകയും ചെയ്യേണ്ടതും ;

(സി) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്നതോ അനുഭവിക്കുന്നതായി സംശയിക്കപ്പെടുന്നതോ ആയ ആൾക്കാർക്ക് സൗജന്യ രോഗനിർണ്ണയത്തിനും വൈദ്യചികിത്സക്കുമായി അതിന്റെ പ്രദേശിക മേഖലയിൽ അത്തരത്തിലുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതും, കൂടാതെ

(ഡി) പ്രാദേശിക പൊതുജനാരോഗ്യ അധികാരി നിശ്ചയിക്കുന്ന പോലെയുള്ള അത്തരം ഫീസ് നൽകിയോ അല്ലെങ്കിൽ സൗജന്യമായോ, അണുബാധയ്ക്ക് വിധേയമായ വാഹനങ്ങൾ, വസ്തുങ്ങൾ, കിടക്കകൾ അല്ലെങ്കിൽ മറ്റ് സാധനങ്ങൾ എന്നിവ അണുവിമുക്തമാക്കുന്നതിനായി ഉചിതമായ സ്ഥലങ്ങളും ഉപകരണങ്ങളും സജ്ജീകരങ്ങളും നൽകേണ്ടതുമാണ്.

(2) ഓരോ ആരോഗ്യപരിപാലന സ്ഥാപനവും,—

(എ) പ്രദേശത്തെ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ച വ്യാധിയെയോ സംബന്ധിച്ച വിവരങ്ങൾ ;

(ബി) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുകയോ അനുഭവിക്കുന്നതായി സംശയിക്കപ്പെടുന്നവർക്കോ രോഗനിർണ്ണയത്തിനും വൈദ്യചികിത്സക്കുമായി അതിന്റെ പക്കലുള്ള സേവനങ്ങളുടെ വിശദാംശങ്ങൾ ;

(സി) അത്തരത്തിലുള്ള ആൾക്കാർക്ക് ആവശ്യമായ വൈദ്യചികിത്സയും അതിന്റെ വിശദാംശങ്ങൾ,

എന്നിവ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്കും ജില്ലാ പൊതുജനാരോഗ്യ അധികാരിക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

36. <u>മെഡിക്കൽ പ്രാക്ടീഷണർമാർ പകർച്ചവ്യാധിയുടെയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വിവരം നൽകണമെന്നും നിർദ്ദിഷ്ട ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കണമെന്നും</u>.—(1) ഏതു ചികിത്സാ സമ്പ്രദായത്തിലേയും ഓരോ മെഡിക്കൽ പ്രാക്ടീഷണറും തന്റെ പ്രാക്ടീസ് വേളയിൽ ഏതെങ്കിലും സ്വകാര്യമോ പൊതുവോ ആയ താമസസ്ഥലത്ത് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ നിലവിലുള്ളതായി അറിഞ്ഞാലോ, ഏതെങ്കിലും പൊതുവോ സ്വകാര്യമോ ആയ ആരോഗ്യപരിപാലന സ്ഥാപനത്തിന്റെ ചുമതലയുള്ള ഓരോ ഉദ്യോഗസ്ഥനും, ഏതൊരു വ്യവസായ സ്ഥാപനത്തിന്റേയോ പൊതുകെട്ടിടത്തിന്റെയോ ഓരോ മാനേജറും, താൽക്കാലിക താമസസ്ഥലത്തിന്റെ ഓരോ സൂക്ഷിപ്പുകാരനും, ഓരോ കുടുംബത്തിലേയും നാഥനും ഒരു വീടിന്റെ താമസക്കാരനും ഉടമയും തന്റെ നടത്തിപ്പിലോ നിയന്ത്രണത്തിലോ താമസത്തിലോ ഉള്ള ഏതെങ്കിലും പരിസരത്തിൽ ഏതെങ്കിലും ആൾക്ക് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്നുണ്ടെങ്കിലോ അല്ലെങ്കിൽ മരണപ്പെട്ടെന്നോ അറിയുകയോ വിശ്വസിക്കാൻ കാരണമുണ്ടാകുകയോ ചെയ്താൽ, ആ സംഗതി നേരത്തെ അറിയിച്ചിട്ടില്ലെങ്കിൽ ഏറ്റവും കുറഞ്ഞ കാലതാമസത്തിൽ, ഏതു വിധത്തിലായാലും ഇരുപത്തിനാല് മണിക്കൂറിനകം, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്കും ജില്ലാ നിരീക്ഷണ ഉദ്യോഗസ്ഥനും അല്ലെങ്കിൽ ഇതിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള മറ്റേതെങ്കിലും അധികാരിയ്ക്കും ആ വിവരം നൽകേണ്ടതാണ്.

(2) സംസ്ഥാന പൊതുജനാരോഗ്യ അധികാരി ഒരു സാംക്രമിക രോഗം വിജ്ഞാപനപ്പെടുത്തുകയും സാമ്പിൾ ശേഖരണം രോഗനിർണ്ണയ ചികിത്സാ നടപടിക്രമങ്ങൾ ഉൾപ്പെടെ ആ രോഗത്തിനെ കൈകാര്യം ചെയ്യുന്നതിനു മാത്രമായി പിന്തുടരേണ്ട, നിർവ്വഹണ രീതികൾ നിർദ്ദേശിച്ചിരിക്കുന്നിടത്ത്, അത്തരം രോഗത്തിന്റെ ലക്ഷണങ്ങളുള്ള രോഗികളെ ചികിത്സിക്കുന്ന എല്ലാ മെഡിക്കൽ പ്രാക്ടീഷണർമാരും ആരോഗ്യ പരിപാലന സ്ഥാപനങ്ങളും അത്തരം നിർവ്വഹണരീതിയും നടപടിക്രമങ്ങളും പിന്തുടരേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണർ പരാജയപ്പെട്ടാൽ, അയാൾ അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

37. <u>പകർച്ചവ്യാധിയുടേയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയും വ്യാപനം തടയുന്നതിന്റെ രീതി സംബന്ധിച്ച് നിർദ്ദേശം കൊടുത്തിരിക്കേണ്ടതാണെന്ന്</u>.—ഓരോ ഫിസിഷ്യനും പകർച്ചവ്യാധിയോ അല്ലെങ്കിൽ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ള ഒരാളെ ചികിത്സിക്കുകയോ ചികിത്സിക്കണമെന്ന ഉദ്ദേശത്തോടെ പരിശോധിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യ സന്ദർശനത്തിൽ,—

(എ) രോഗശമനം കിട്ടുന്നതുവരെ ചികിത്സയുടെ ആവശ്യകതയെക്കുറിച്ച് അത്തരം ആളെ ധരിപ്പിക്കേണ്ടതും ;

(ബി) രോഗത്തിന്റെ വ്യാപനം തടയുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് അയാളെ നിർദ്ദേശിക്കേണ്ടതും ;

(സി) സംസ്ഥാന പൊതുജനാരോഗ്യ അധികാരി ആവശ്യപ്പെട്ടേക്കാവുന്ന, രോഗത്തെക്കുറിച്ചുള്ള അങ്ങനെയുള്ള മറ്റ് വിവരങ്ങൾ അയാൾക്ക് നൽകേണ്ടതുമാണ്.

38. <u>പകർച്ചവ്യാധിയിൽ നിന്നോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയിൽ നിന്നോ ഒരാൾ മുക്തനായതായി രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർമാർ സാക്ഷ്യപ്പെടുത്തണമെന്ന്</u>.—(1) മോഡേൺ മെഡിസിൻ പ്രാക്ടീസ് ചെയ്യുന്ന രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ മെഡിക്കൽ പ്രാക്ടീഷണറും, ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഈ വകുപ്പിൻ കീഴിൽ ഒരു സാക്ഷ്യപത്രം വേണമെന്ന് ആഗ്രഹിക്കുന്നയാളുടെ ആവശ്യത്തിൽ അത്തരം ആളെ പരിശോധിക്കേണ്ടതും അത്തരം ആൾ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്നില്ലെന്നോ അല്ലെങ്കിൽ രോഗം ഭേദമായെന്നോ കണ്ടെത്തിയാൽ, അത്തരം ആൾക്ക്, ആവശ്യമെങ്കിൽ, അന്വേഷണ തെളിവുകൾ സഹിതം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഇത് സംബന്ധിച്ച് ഒരു സാക്ഷ്യപത്രം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സാക്ഷ്യപത്രം നൽകുന്നതിന് ഏതെങ്കിലും രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർ വിസമ്മതിച്ചാൽ , അയാൾ അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

39. <u>സംശയാസ്പദമായ സ്രോതസ്സിൽ നിന്നുമുള്ള വെള്ളത്തിന്റെയോ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ ഉപയോഗത്തിന്റെ നിരോധനം</u>.—(1) ശുചിത്വവും വൃത്തിയും പരിശോധിച്ചതിനു ശേഷം, ഏതെങ്കിലും ടാങ്കിലെയോ, കിണറിലെയോ ടാങ്കർ

കണ്ടെയ്നറിലെയോ അല്ലെങ്കിൽ മറ്റ് സ്ഥലത്തെയോ, ജലം ഉപയോഗിച്ചാലോ, കുടിക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും ഗാർഹികമോ വാണിജ്യപരമോ ആയ ആവശ്യത്തിനോ ഉദ്ദേശിക്കുകയോ ചെയ്താൽ ഏതെങ്കിലും പകർച്ചവ്യാധിയുടെയോ അല്ലെങ്കിൽ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വ്യാപനത്തിന് കാരണമാകാൻ സാദ്ധ്യതയുണ്ടെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ബോദ്ധ്യപ്പെട്ടാൽ, മേൽപ്പറഞ്ഞ സ്രോതസ്സുകളിലെ ജലം ഉപയോഗിക്കുന്നത് നിരോധിക്കുന്നതിനായി അയാൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കാവുന്നതാണ്.

(2) ശുചിത്വവും വൃത്തിയും പരിശോധിച്ചതിനു ശേഷം പൊതു ഉപഭോഗത്തിനോ മറ്റേതെങ്കിലും ഗാർഹികമോ വാണിജ്യപരമോ ആയ ഉദ്ദേശത്തിനുള്ള ഭക്ഷണമോ പാനീയമോ ഏതെങ്കിലും പകർച്ചവ്യാധിയുടെയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വ്യാപനത്തിന് കാരണമാകാൻ സാദ്ധ്യതയുണ്ടെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ബോദ്ധ്യപ്പെട്ടാൽ അയാൾക്ക്, മേൽപ്പറഞ്ഞ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ, പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും എടുത്തു പറഞ്ഞിട്ടുള്ള ഗാർഹിക, വാണിജ്യ ആവശ്യത്തിനോ ഉപയോഗിക്കുന്നത് നിരോധിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കാവുന്നതാണ്.

(3) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയിൽ നിന്നും (1)-ാം ഉപവകുപ്പിന്റെയോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിന്റെയോ കീഴിലുള്ള അറിയിപ്പ് ലഭിച്ചാൽ ബന്ധപ്പെട്ട അധികാരി അത്തരം ജലം, ഭക്ഷണം അല്ലെങ്കിൽ പാനീയം എന്നിവയുടെ ഉപയോഗം നിരോധിച്ചുകൊണ്ട് അത്തരത്തിലുള്ള ജലം, ഭക്ഷണം അല്ലെങ്കിൽ പാനീയം കൈവശത്തിലുള്ളയാൾക്ക് നോട്ടീസ് കൊടുക്കേണ്ടതാണ്.

(4) യാതൊരാളും അപ്രകാരം നൽകിയിട്ടുള്ള നോട്ടീസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അതുമായി ബന്ധപ്പെട്ട ഏതെങ്കിലും ജലമോ ഭക്ഷണമോ പാനീയമോ ഉപയോഗിക്കുവാനോ കൈവശം വയ്ക്കുവാനോ പാടുള്ളതല്ല.

(5) ഈ വകുപ്പിൻ കീഴിൽ നിരോധനം പുറപ്പെടുവിക്കുന്ന പ്രാദേശിക പൊതുജനാരോഗ്യ അധികാരി ആയത് കഴിയുന്നത്ര നേരത്തെയുള്ള അവസരത്തിൽ, ഏത് സംഗതിയിലും ഇരുപത്തിനാല് മണിക്കൂറിനകം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതാണ്.

(6) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അഞ്ഞൂറ് രൂപ വരേയാകാവുന്ന പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേക്കും നൂറ് രൂപ വരേയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

40. രോഗബാധിതനെ ആശുപത്രിയിലേക്ക് മാറ്റൽ.—(1) ഏതെങ്കിലും ആൾ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്നുണ്ടെന്നും അത്തരത്തിലുള്ള ആൾക്ക് മതിയായ താമസസ്ഥലമോ താമസ സൗകര്യമോ ഇല്ലായെന്നും അല്ലെങ്കിൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ താമസിക്കുന്ന ഒരു സ്ഥലത്ത് താമസിക്കുന്നെന്നോ അല്ലെങ്കിൽ രോഗവ്യാപനം നേരിട്ട് തടയുന്ന വിധം ചികിത്സാമേൽനോട്ടം ഇല്ലായെന്നോ ഒരു സ്ഥലത്തെ അയാളുടെ സാന്നിദ്ധ്യം ചുറ്റുവട്ടത്തുള്ള ജനങ്ങൾക്ക് അപകടമാണെന്നോ കൂടാതെ അയാളെ ആശുപത്രിയിലേക്കോ അത്തരം രോഗമുള്ളവരെ സ്വീകരിക്കുന്ന സ്ഥലത്തേക്കോ മാറ്റേണ്ടതുണ്ടെന്നോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ബോദ്ധ്യപ്പെട്ടാൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി അത്തരം ആളെ അത്തരം ആശുപത്രിയിലേക്കോ സ്ഥലത്തേക്കോ മാറ്റുകയോ മാറ്റിക്കുകയോ ചെയ്യേണ്ടതാണ്.

(2) മാമൂൽ പ്രകാരം പൊതുജനങ്ങൾക്കിടയിൽ വരാത്ത ഏതെങ്കിലും സ്ത്രീയെ അങ്ങനെയുള്ള ഏതെങ്കിലും ആശുപത്രിയിലേക്കോ സ്ഥലത്തേക്കോ മാറ്റുകയാണെങ്കിൽ, അപ്രകാരം മാറ്റുന്നത് അവരുടെ സ്വകാര്യത സംരക്ഷിക്കുന്ന തരത്തിൽ നടത്തേണ്ടതും കൂടാതെ മേൽപ്പറഞ്ഞ മാമൂലിന് അനുസൃതമായുള്ള താമസ സൗകര്യം അത്തരം ആശുപത്രിയിലോ സ്ഥലത്തോ നൽകേണ്ടതുമാണ്.

(3) യാതൊരാളും അത്തരം ആശുപത്രിയുടേയോ സ്ഥലത്തിന്റേയോ ചുമതലയുള്ള മെഡിക്കൽ ആഫീസറുടെ സമ്മതം കൂടാതെ ഏതെങ്കിലും ആശുപത്രിയിൽ നിന്നോ (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന മറ്റു സ്ഥലത്തു നിന്നോ വിട്ടുപോകാനോ അയാളെ കൊണ്ടുപോകാനോ പാടുള്ളതല്ല.

(4) (1)-ാം ഉപവകുപ്പിൻ കീഴിൽ, ആശുപത്രിയിലേക്കോ സ്ഥലത്തേക്കോ അത്തരം ആളെ മാറ്റുന്നത് തടയുകയോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പിന് വിരുദ്ധമായി അത്തരം ആശുപത്രിയിൽ നിന്നും വിട്ടുപോകുകയോ ആരെങ്കിലും കൊണ്ടുപോകുകയോ ചെയ്യുന്ന ഏതൊരാളും ആയിരം രൂപ പിഴയ്ക്ക് ശിക്ഷിക്കപ്പെടുന്നതാണ്.

41. ആളുകൾ അണുബാധയ്ക്ക് സമ്പർക്കത്തിലാകുന്നത് നിരോധിക്കൽ.—(1) ഈ അദ്ധ്യായത്തിൽ വിനിർദ്ദേശിക്കുന്ന പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുന്നതായി അറിയുന്ന യാതൊരാളും,—

(എ) ഏതെങ്കിലും കമ്പോളം, അരങ്ങ് അല്ലെങ്കിൽ വിനോദത്തിനോ ഒത്തുചേരലിനോ ഉള്ള മറ്റ് സ്ഥലം, അല്ലെങ്കിൽ

(ബി) ഏതെങ്കിലും സ്കൂൾ, കോളേജ്, ഗ്രന്ഥശാല, കളിസ്ഥലം അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് സ്ഥലം, അല്ലെങ്കിൽ

(സി) ഏതെങ്കിലും ഹോസ്റ്റൽ, ഹോട്ടൽ, ലഘുഭക്ഷണശാല, സുഖവാസ കേന്ദ്രം, സ്റ്റേ ഹോം, വഴിയമ്പലം, വാടക വീട്, പുരവഞ്ചി, ക്ലബ്ബ് അല്ലെങ്കിൽ വാട്ടർ തീം പാർക്ക് ,അല്ലെങ്കിൽ

(ഡി) ഏതെങ്കിലും വ്യവസായശാല, കട, പണിശാല അല്ലെങ്കിൽ പണിസ്ഥലം, അല്ലെങ്കിൽ

(ഇ) ഏതെങ്കിലും പൊതു വാഹന സൗകര്യം, അല്ലെങ്കിൽ

(എഫ്) ഏതെങ്കിലും പൊതു സ്നാനസ്ഥലം, അല്ലെങ്കിൽ

(ജി) ഏതെങ്കിലും മറ്റ് പൊതുവിനോദസ്ഥലം,

എന്നിവിടങ്ങളിൽ തന്റെ സാന്നിദ്ധ്യത്തിലൂടെയോ പ്രവൃത്തിയിലൂടെയോ അണുബാധയെന്ന അപകടമുണ്ടാക്കാൻ പാടില്ലാത്തതാകുന്നു.

വിശദീകരണം:—ഒരാൾക്ക് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉണ്ടെന്ന് ഏതെങ്കിലും ഒരു മെഡിക്കൽ പ്രാക്ടീഷണറോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയോ അയാളെ അറിയിച്ചിട്ടുണ്ടെങ്കിൽ അയാൾ അപ്രകാരം അനുഭവിക്കുന്നതായി , അറിവുള്ളതായി ഈ ഉപവകുപ്പിന്റെ അർത്ഥത്തിലേയ്ക്ക് കരുതപ്പെടേണ്ടതാണ്.

(2) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉള്ള ആളിന്റേയോ ആളുകളുടെയോ പരിചരണ ചുമതലയുള്ള യാതൊരാളും (1)-ാം ഉപവകുപ്പിൽ പറയുന്ന സ്ഥലങ്ങളിൽ അത്തരത്തിലുള്ള ആളിന്റെ സാന്നിദ്ധ്യം കൊണ്ടോ പ്രവൃത്തികൊണ്ടോ മറ്റുള്ളവരെ അപകട സാദ്ധ്യതയിലാക്കാൻ പാടില്ലാത്തതാകുന്നു.

(3) (1)-ാം ഉപവകുപ്പിലേയോ (2)-ാം ഉപവകുപ്പിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അഞ്ഞൂറു രൂപവരെയാകാവുന്ന പിഴയ്ക്കോ തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും നൂറ് രൂപ വരേയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

42. അണുബാധിതർ ചില വ്യാപാരത്തിലും തൊഴിലിലും ഏർപ്പെടരുതെന്ന്.—(1) യാതൊരാളും അയാൾ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ അനുഭവിക്കുമ്പോൾ അല്ലെങ്കിൽ താൻ പടർത്തിയേക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിലും,—

(എ) മനുഷ്യ ഉപഭോഗത്തിനുള്ള ഏതെങ്കിലും ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുവാനോ വിൽപ്പനക്കായി കൊണ്ടുനടക്കാനോ വയ്ക്കാനോ വിൽപ്പനയ്ക്കായി ഉണ്ടാക്കുന്നതോ, വയ്ക്കുന്നതോ, കൊണ്ടുനടക്കുന്നതോ ആയ ജോലിയിൽ പങ്കെടുക്കുവാനോ പാടുള്ളതല്ല ; അല്ലെങ്കിൽ

(ബി) ബന്ധപ്പെട്ട പ്രാദേശിക പൊതുജനാരോഗ്യ അധികാരിയിൽ നിന്നുള്ള വ്യക്തമായ അനുമതി കൂടാതെയോ അതിൽ വിനിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമല്ലാതേയോ മറ്റേതെങ്കിലും വൃത്തിയിൽ ഏർപ്പെട്ടുവാനും പാട്ടുള്ളതല്ല ;

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തിനും നൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

43. <u>അണുബാധയുടെ വ്യാപനം തടയുന്നതിന് വീടുകളുടെ കൈവശപ്പെടുത്തൽ.</u>— (1) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, അടിയന്തിര ഘട്ടത്തിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ ഏതൊരു കെട്ടിടത്തിലോ സ്ഥലത്തോ പ്രവേശിക്കാവുന്നതും താമസക്കാരെ ഒഴിപ്പിക്കാവുന്നതും കൂടാതെ അണുബാധയുടെ വ്യാപനം തടയുന്നതിന് വേണ്ട അത്തരത്തിലുള്ള നടപടികൾ എടുക്കാവുന്നതുമാണ്:

എന്നാൽ കെട്ടിടമോ സ്ഥലമോ താമസമുള്ളതാണെങ്കിൽ പ്രവേശിക്കുന്നതിന് കുറഞ്ഞത് രണ്ട് മണിക്കൂർ മുമ്പായി താമസക്കാർക്ക് രേഖാമൂലം നോട്ടീസ് നൽകേണ്ടതും അല്ലെങ്കിൽ അത്തരത്തിലുള്ള കെട്ടിടത്തിലോ സ്ഥലത്തോ പ്രകടമായി കാണത്തക്ക വിധത്തിൽ നോട്ടീസ് പതിക്കേണ്ടതും, നോട്ടീസ് കൊടുത്ത് പന്ത്രണ്ട് മണിക്കൂറിനുള്ളിൽ സ്ഥലത്തു നിന്ന് മാറണമെന്ന് താമസക്കാരോട് ആവശ്യപ്പെടേണ്ടതുമാണ്.

(2) അത്തരത്തിലുള്ള കെട്ടിടത്തിന്റേയോ സ്ഥലത്തിന്റേയോ ഉടമയോ പാട്ടക്കാരനോ ഏതൊരു നഷ്ടത്തിനോ, നടത്തിയ ചെലവിലേക്കോ നഷ്ടപരിഹാരത്തിനും കൂടാതെ ഇത് കൈവശത്തിലിരുന്ന കാലത്തേയ്ക്കോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾക്ക് ഉപയോഗിച്ചതിനോ ന്യായമായ വാടകയ്ക്കും അർഹതയുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള അത്തരം നഷ്ടപരിഹാരവും വാടകയും ജില്ലാ കളക്ടറാൽ നിശ്ചയിക്കപ്പെടേണ്ടതും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതുമാണ്.

(3) മേൽപ്പറഞ്ഞ അത്തരം കെട്ടിടത്തിന്റെ അല്ലെങ്കിൽ സ്ഥലത്തിന്റെ കൈവശപ്പെടുത്തൽ തീരുമ്പോഴോ ആവശ്യങ്ങളുടെ ഉപയോഗം തീരുമ്പോഴോ പ്രാദേശിക പൊതുജനാരോഗ്യ അധികാരി അത് പൂർണ്ണമായും അണുവിമുക്തമാക്കുകയും വൃത്തിയാക്കുകയും ചെയ്യേണ്ടതാണ്.

44. <u>പ്രതിരോധ നടപടികൾ എടുക്കുന്നതിനായി പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് പ്രവേശനത്തിനുള്ള അധികാരം.</u>—(1) പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്കോ അല്ലെങ്കിൽ ഇതിലേക്കായി അയാൾ അധികാരപ്പെടുത്തിയ ഏതൊരാളിനോ,—

(എ) ന്യായമായ എല്ലാ സമയങ്ങളിലും സഹായികളോടൊപ്പമോ അല്ലാതേയോ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ റിപ്പോർട്ട് ചെയ്യതോ സംശയിക്കപ്പെടുന്നതോ ആയ സ്ഥലത്ത് ഫാക്ടറികൾ, വർക്ക് ഷോപ്പ്, പണിശാല, തൊഴിലിടങ്ങൾ, വ്യാപാര സ്ഥലങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതുപോലുള്ള സ്ഥലങ്ങളിൽ നോട്ടീസ് കൂടാതെയും, ആൾപാർപ്പുള്ള വീടുകൾ ഉൾപ്പടെയുള്ള മറ്റു സംഗതികളിൽ അയാൾക്ക് ന്യായമെന്ന് തോന്നുന്ന പ്രകാരത്തിലുള്ള നോട്ടീസ് നൽകിയ ശേഷവും പരിശോധിക്കാവുന്നതാണ് കൂടാതെ,

(ബി) അത്തരത്തിലുള്ള സ്ഥലത്തിനുപുറത്തേയ്ക്ക് അത്തരത്തിലുള്ള രോഗത്തിന്റെ വ്യാപനം തടയുന്നതിനായി അയാൾക്ക് ആവശ്യമെന്നു കരുതിയേക്കാവുന്ന അത്തരം നടപടി എടുക്കാവുന്നതുമാണ്.

45. <u>ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളുടേയും ലോഡ്ജിംഗ് ഹൗസുകളുടേയും അടച്ചിടൽ.</u>—(1) ഒരു ലോഡ്ജിംഗ് ഹൗസിലോ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതോ തയ്യാറാക്കുന്നതോ കച്ചവടത്തിനായോ വിതരണത്തിനായോ വെച്ചിരിക്കുന്ന സ്ഥലത്തോ, പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉണ്ടെന്നതിനാലോ അടുത്ത സമയത്തായി ഉണ്ടായിരുന്നതിനാലോ അത്തരം ലോഡ്ജിംഗ് ഹൗസോ സ്ഥലമോ പൊതുജനാരോഗ്യ താൽപര്യാർത്ഥം അടച്ചിടേണ്ടതാണെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ബോധ്യപ്പെട്ടാൽ ലോഡ്ജിംഗ് ഹൗസോ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതോ തയ്യാറാക്കുന്നതോ കച്ചവടത്തിനായോ വിതരണത്തിനായോ വെച്ചിരിക്കുന്ന സ്ഥലമോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള കാലയളവ് തീരുന്നതുവരേയോ അല്ലെങ്കിൽ രോഗാവസ്ഥയിൽ നിന്നും മുക്തമായതായി ഒരു മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തുന്നതുവരേയോ അടച്ചിടുന്നതിന് ഉത്തരവ് മുഖാന്തരം നിർദ്ദേശിക്കാവുന്നതാണ്.

(2) പകർച്ചവ്യാധിയുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടേയോ വ്യാപനത്തിനുള്ള കാരണം ഏതെങ്കിലും കുടിവെള്ള സ്രോതസ്സാണെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ബോധ്യപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനെ അറിയിച്ചുകൊണ്ട് അത് അടച്ചിടാവുന്നതും ആ സ്രോതസ്സിൽ നിന്നും ജലം ഉപയോഗിക്കുന്നതിൽ നിന്നോ വിതരണം ചെയ്യുന്നതിൽ നിന്നോ ആളുകളെ വിലക്കാവുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽകീഴിലുള്ള നിർദ്ദേശം അനുസരിക്കാത്ത ഏതൊരാളും ഇരുന്നൂറ്റൻപത് രൂപവരെയാകാവുന്ന പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും നൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

46. അണുബാധിതർ ഉപയോഗിച്ച വസ്തുങ്ങൾ അലക്കുശാലയിലേയ്ക്ക് അയയ്ക്കരുതെന്ന്.—(1) യാതൊരാളും ഏതെങ്കിലും പകർച്ചവ്യാധിയിൽ നിന്നോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയിൽ നിന്നോ അണുബാധയുണ്ടായതായി അയാൾക്കറിയാവുന്ന ഏതെങ്കിലും വസ്ത്രമോ കിടക്കയോ മറ്റ് സാധനങ്ങളോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു മെഡിക്കൽ പ്രാക്ടീഷണറുടെ തൃപ്തിക്കനുസരിച്ച് അണുവിമുക്തമാക്കാതെയും, അത്തരമൊരാളിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചല്ലെങ്കിൽ, അണുബാധ ഏറ്റതാണെന്ന അറിയിപ്പോടെയും അണുനശീകരണത്തിനായുള്ള മതിയായ മുൻകരുതലോടെ അല്ലാതെയും ഏതെങ്കിലും അലക്കുശാലയിലോ പൊതു അലക്കുശാലയിലോ പൊതു ജലാശയത്തിലോ ടാങ്കിലോ കിണറിലോ അലക്കുന്ന ആവശ്യത്തിലേയ്ക്കായി അയയ്ക്കുകയോ എത്തിക്കുകയോ വൃത്തിയാക്കുന്ന ആവശ്യത്തിലേയ്ക്കായി ഏതെങ്കിലും സ്ഥലത്തേക്ക് അയ്ക്കുകയോ എത്തിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും ഇരുന്നൂറ്റൻപത് രൂപവരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

47. ആളുകളുടെ ഒത്തുചേരൽ നിയന്ത്രിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ അധികാരം.—(1) ഏതെങ്കിലും പ്രാദേശിക മേഖലയിൽ ഏതെങ്കിലും പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ നിലവിലുള്ള സാഹചര്യത്തിൽ, ജില്ലാ കളക്ടറുടെ അഭിപ്രായത്തിൽ അത്തരം പ്രദേശങ്ങളിലെ അത്തരം ആവശ്യത്തിലേയ്ക്കായുള്ള ഒത്തുചേരൽ പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ വ്യാപിക്കുന്നതിന് ഹേതുവായിത്തീരുമെന്നോ രോഗം കൂടുതൽ തീവ്രമാകുമെന്നോ അഭിപ്രായമുള്ളപക്ഷം, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അപേക്ഷയിന്മേലോ മറ്റുവിധത്തിലോ ആ ആവശ്യത്തിലേയ്ക്ക് പൊതുവായതോ സ്വകാര്യമായതോ ആയ ഏതൊരു സ്ഥലത്തും, തന്റെ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന എണ്ണത്തിൽ അധികരിച്ചുള്ള ആളുകളുടെ ഒത്തുചേരൽ, ഏതെങ്കിലും വ്യക്തിഗത സംഗതിയിൽ പ്രത്യേക ഉത്തരവ് മുഖാന്തരമോ, അല്ലെങ്കിൽ പൊതുവായ ഉത്തരവ് മുഖാന്തരമോ നിരോധിക്കുന്നതിന് ജില്ലാ കളക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച ഉത്തരവ് ലംഘിക്കുന്ന ഏതൊരാളും ഇരുന്നൂറ്റൻപത് രൂപ വരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

48. പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ നിയന്ത്രിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പ്രത്യേക അധികാരം നൽകുന്നതിന് സർക്കാരിനുള്ള അധികാരം.—സാഹചര്യം അപ്രകാരം ആവശ്യപ്പെടുന്നപക്ഷം, പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ അല്ലെങ്കിൽ രണ്ടും കൂടിയോ നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക അധികാരങ്ങൾ നൽകുന്നതിന് സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

49. <u>മൃഗങ്ങളിൽ നിന്നും പകരുന്ന പകർച്ചവ്യാധിയുടേയോ വിജ്ഞാപന പ്പെടുത്തേണ്ട പകർച്ചവ്യാധിയുടേയോ പ്രതിരോധം</u>.—ഏതെങ്കിലും പ്രദേശത്ത് മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ പൊട്ടിപ്പുറപ്പെട്ടാലോ അല്ലെങ്കിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെയോ ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെയോ അഭിപ്രായത്തിൽ കന്നുകാലികൾക്കിടയിലോ മറ്റ് മൃഗങ്ങൾക്കിടയിലോ അത്തരം രോഗം പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുണ്ടെങ്കിലോ, രോഗം നിയന്ത്രിക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ടി സർക്കാരിലെ, അതതു സംഗതിപോലെ, മൃഗസംരക്ഷണ വകുപ്പിലേയും വനം വന്യജീവി വകുപ്പിലേയും ഉദ്യോഗസ്ഥരുമായുള്ള കൂടിയാലോചനയ്ക്കും ഏകോപനത്തിനും ശേഷം അത്തരത്തിലുള്ള പൊട്ടിപ്പുറപ്പെടലോ പൊട്ടിപ്പുറപ്പെടൽ ഭീഷണിയോ തടയുന്നതിനോ അല്ലെങ്കിൽ രോഗം നിയന്ത്രിക്കുന്നതിനോ കുറയ്ക്കുന്നതിനോ ആവശ്യമെന്നു അവർ കരുതിയേക്കാവുന്ന അത്തരം നടപടി, തുടർനടപടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് റിപ്പോർട്ട് സഹിതം നൽകേണ്ടതും അത്തരം നടപടി എടുക്കുന്നത് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ ചുമതല ആയിരിക്കുന്നതുമാണ്.

50. <u>മൂഷികവർഗ്ഗത്തിന്റേയും നായകളുടേയും മററ് മൃഗങ്ങളുടേയും നശീകരണം</u>.— (1) ഓരോ പരിസരത്തിന്റെയും കൈവശക്കാരനും, താമസമില്ലെങ്കിൽ അതിന്റെ ഉടമയും, മൂഷികവർഗ്ഗത്തിനേയും നായകളേയും മറ്റു മൃഗങ്ങളേയും ആകർഷിക്കുന്ന വിധത്തിൽ മാലിന്യങ്ങൾ തള്ളുവാനോ, കാടും മറ്റും വളരുവാൻ അനുവദിക്കാനോ പാടില്ലാത്തതും പ്ലേഗിനും എലിപ്പനിക്കും കാരണമാകുന്ന മൂഷികവർഗ്ഗത്തിനേയും കൂടാതെ പേ വിഷബാധ ഉള്ളതോ പേ വിഷബാധ ഉള്ളതായി സംശയിക്കപ്പെടുന്നതോ ആയ നായകളേയും രോഗങ്ങൾ ഉണ്ടാക്കാൻ കാരണമാകുന്ന മറ്റ് മൃഗങ്ങളെയും നശിപ്പിക്കുന്നതിനുള്ള, ന്യായമായും പ്രായോഗികമായ അത്തരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്:

എന്നാൽ മൃഗങ്ങളുടെ നശീകരണം 1960-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റിലെയും (1960-ലെ 59-ാം ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ ലംഘിക്കുവാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും പരിസരത്തിന്റെ താമസക്കാരനോ ഉടമയോ (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയിട്ടുള്ള കർത്തവ്യം പാലിച്ചിട്ടില്ലെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് അഭിപ്രായമുണ്ടെങ്കിൽ, അയാൾക്ക്,—

(എ) നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള അത്തരം സമയത്തിനുള്ളിൽ നടപടി എടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അത്തരം താമസക്കാരനോ ഉടമയ്ക്കോ നോട്ടീസ് നൽകാവുന്നതും; അല്ലെങ്കിൽ

(ബി) ആവശ്യമായേക്കാവുന്ന അത്തരം സമയത്തിനുള്ളിൽ സ്വയം അത്തരം നടപടികൾ എടുക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിൻ കീഴിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി നടപടി എടുക്കുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ആ ആവശ്യത്തിലേക്കായി ആവശ്യമുള്ള ഫണ്ടുകൾ നൽകേണ്ടതാണ്.

(4) താമസക്കാരനോ ഉടമയ്ക്കോ തൽസമയം നോട്ടീസ് നൽകിയ ശേഷം (1)-ാം ഉപവകുപ്പ് പ്രകാരം നശിപ്പിക്കേണ്ടതായ മൂഷികവർഗ്ഗം, നായകൾ, മറ്റ് മൃഗങ്ങൾ തുടങ്ങിയവയെ നശിപ്പിക്കുന്നതിനാവശ്യമായ അത്തരം നടപടികൾ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് സ്വീകരിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ഉണ്ടായിട്ടുള്ള ഏതൊരു ചെലവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് താമസക്കാരനിൽ നിന്നോ ഉടമയിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയ്ക്ക് അയാളിൽ നിന്നുള്ള നികുതി കുടിശ്ശിക എന്നപോലെ ഈടാക്കാവുന്നതാണ്.

(6) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും, പൊതുസ്ഥലങ്ങളിൽ തെരുവ് നായകളും മൂഷിക വർഗ്ഗത്തിൽപ്പെട്ടവയും മറ്റ് മൃഗങ്ങളും സ്വതന്ത്രമായി അലഞ്ഞു തിരിയുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി അത്തരം നടപടികൾ എടുക്കേണ്ടതും കൂടാതെ മൂഷിക വർഗ്ഗത്തിൽപ്പെട്ടവയെ നശിപ്പിക്കുന്നതിനാവശ്യമായതും സമൂഹത്തിൽ മൃഗജന്യരോഗങ്ങളുടെ വ്യാപനത്തിന് കാരണമാകുന്ന തെരുവ് നായ്ക്കളേയും മറ്റു മൃഗങ്ങളേയും നിയന്ത്രിക്കുന്നതിനും ന്യായവും പ്രായോഗികവുമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്:

എന്നാൽ തെരുവ് നായ്ക്കളേയും മറ്റുമൃഗങ്ങളേയും നിയന്ത്രിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം എടുക്കുന്ന ഏതു നടപടിയും 1960-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റിലെ (1960-ലെ 59-ാം ആക്റ്റ്)-യും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായിരിക്കേണ്ടതാണ്.

(7) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും നൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

51. <u>രോഗബാധിതരുടെ ക്വാറന്റൈൻ.</u>—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ബാധിച്ചിട്ടുള്ള ആളുകളെ ക്വാറന്റൈനിലാക്കുവാനോ മാറ്റിപാർപ്പിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്.

52. <u>മൃതദേഹങ്ങൾ കൈകാര്യം ചെയ്യുമ്പോഴുള്ള മുൻകരുതലുകൾ</u>.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, സംസ്ഥാന പൊതുജനാരോഗ്യ അധികാരി നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചെന്ന് ഉറപ്പുവരുത്തി പകർച്ചവ്യാധിയാലോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയാലോ മരിച്ച ആളുകളുടെ മൃതദേഹങ്ങൾ കൈകാര്യം ചെയ്യുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

53. <u>രോഗങ്ങളുടെ പ്രതിരോധത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>.—(1) സർക്കാരിനും സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്കും അംഗീകൃതമായ ചികിത്സാ നിർദ്ദേശങ്ങൾക്കു വിധേയമായി പകർച്ചവ്യാധിയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയും ഉൾപ്പെടെയുള്ള ഏതെങ്കിലും രോഗങ്ങൾ ബാധിച്ചിട്ടുള്ള ആൾക്കാരുടെ ചികിത്സയ്ക്കും രോഗനിർണ്ണയത്തിനും കൂടാതെ അത്തരം രോഗങ്ങളുടെ വ്യാപനം തടയുന്നതിനുള്ള നടപടികൾ, വാക്സിനേഷൻ, മറ്റു നടപടികൾ എന്നിവയ്ക്കു വേണ്ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും അവ ജില്ലാ പൊതുജനാരോഗ്യ അധികാരിയും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയും വഴി നടപ്പിൽ വരുത്തുവാനും നിർവ്വഹിക്കുവാനും അധികാരമുള്ളതാകുന്നു.

(2) പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ ഉൾപ്പെടെയുള്ള ഏത് രോഗം ചികിത്സിക്കുന്നതിനും (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള ചികിത്സാരീതികൾ പാലിക്കാൻ ഓരോ മെഡിക്കൽ പ്രാക്ടീഷണറും പൊതു സ്വകാര്യ ആരോഗ്യസംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്.

(3) ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെ ആവശ്യപ്രകാരം, പ്രദേശത്തെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള ഏതെങ്കിലും അസുഖത്തെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ പൊതുജനാരോഗ്യ അധികാരിക്കോ അല്ലെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്കോ നൽകുന്നതിന് ഓരോ മെഡിക്കൽ പ്രാക്ടീഷണറും പൊതു സ്വകാര്യ ആരോഗ്യസംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്.

(4) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു മെഡിക്കൽ പ്രാക്ടീഷണറും പൊതുവോ സ്വകാര്യമോ ആയ ആരോഗ്യസംരക്ഷണ സ്ഥാപനവും അഞ്ഞൂറ് രൂപയിൽ അധികരിക്കാത്ത പിഴയ്ക്കു ബാദ്ധ്യസ്ഥമാകുന്നതും (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളുടെ ലംഘനത്തിന് ഇരുന്നൂറ് രൂപയിൽ അധികരിക്കാത്ത പിഴയ്ക്കും കൂടാതെ തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും ഇരുന്നൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥമാകുന്നതാണ്.

54. <u>വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ലേബർ ക്യാമ്പുകൾ മുതലായവ പരിശോധിക്കുന്നതിനുള്ള പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരം</u>.—(1) മതിയായ ശുചിത്വം, മാലിന്യ നിർമാർജ്ജനം, കുടിവെള്ള വിതരണം കൂടാതെ മറ്റ് സൗകര്യങ്ങളും ഒരുക്കാത്ത യാതൊരാളും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ലേബർ ക്യാമ്പ് അല്ലെങ്കിൽ ധാരാളം ആൾക്കാർ താമസിക്കുന്ന മറ്റേതെങ്കിലും സ്ഥലമോ സ്വന്തമാക്കുവാനോ നടത്തുവാനോ പാടുള്ളതല്ല.

(2) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ ഹോസ്റ്റലോ, ലേബർ ക്യാമ്പുകളോ അല്ലെങ്കിൽ ധാരാളം ആൾക്കാർ താമസിക്കുന്ന മറ്റ് കെട്ടിടങ്ങളോ സ്ഥലങ്ങളോ പരിശോധിക്കാവുന്നതും ആ കെട്ടിടങ്ങളിലോ സ്ഥലങ്ങളിലോ തിക്കും തിരക്കും ഇല്ലായെന്നും കൂടാതെ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ബോധ്യമാകുന്ന വിധത്തിൽ അത്തരം കെട്ടിടങ്ങളിലും സ്ഥലങ്ങളിലും മതിയായ ശുചിത്വത്തിനും മാലിന്യനിർമ്മാർജനത്തിനും കുടിവെള്ള വിതരണത്തിനും കൂടാതെ അഗ്നിബാധയുടെയും മറ്റ് അപകടങ്ങളുടെയും സംഗതികളിൽ വേണ്ടതായ രക്ഷാമാർഗ്ഗവുമുൾപ്പടെയുള്ള സൗകര്യങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും രണ്ടായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും ഏതൊരാളും ഇരുന്നൂറ് രൂപ വരേയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.

55. <u>ഭക്ഷ്യജന്യ രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും</u>.—(1) യാതൊരാളും, പകർച്ചവ്യാധിയുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വ്യാപനത്തിന് കാരണമാകുന്നതോ ആയി സംശയിക്കപ്പെടുന്നതോ ആയ ഭക്ഷണം തന്റെ സ്വന്തം ആവശ്യത്തിനോ അല്ലെങ്കിൽ മറ്റുള്ളവരുടെ ആവശ്യത്തിനോവേണ്ടി തയ്യാറാക്കുകയോ കൈകാര്യം ചെയ്യാനോ പാടുള്ളതല്ല.

(2) പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് ഭക്ഷണത്തിന്റേയും ബന്ധപ്പെട്ട സംഗതികളുടേയും ശുചിത്വവും പൊതുശുചിത്വവും പരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതും കൂടാതെ ഏതെങ്കിലും പകർച്ചവ്യാധിയുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടേയോ കാരണമായി സംശയിക്കപ്പെടുന്ന ഏത് ഭക്ഷണസാധനത്തിന്റേയോ അല്ലെങ്കിൽ ഭക്ഷ്യവിഷബാധയ്ക്ക് കാരണമാകുന്നതിന് സാദ്ധ്യതയുള്ള ഭക്ഷണസാധനത്തിന്റെയോ മായംചേർക്കൽ പ്രാദേശിക ഭക്ഷ്യസുരക്ഷാ ഓഫീസറെ അറിയിക്കേണ്ടതുമാണ്.

(3) ഭക്ഷ്യസംബന്ധിയായ ഒരു പകർച്ചവ്യാധിയുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടേയോ പൊട്ടിപ്പുറപ്പെടലിൽ, അതിന്റെ കൂടുതൽ വ്യാപനം തടയുന്നതിനും നിയന്ത്രണത്തിനും ഒതുക്കിനിർത്തലിനുമായി ആവശ്യമായ നടപടികൾ എടുക്കുവാൻ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നതോ തയ്യാറാക്കുന്നതോ വിൽപ്പനക്കായി വെച്ചിരിക്കുന്നതോ വിതരണം ചെയ്യുന്നതിനോ ഉള്ള സ്ഥലങ്ങളുടെ കൈവശക്കാരിൽ നിന്നും, അവിടെ ആൾത്താമസമില്ലെങ്കിൽ അത്തരം സ്ഥലത്തിന്റെ ഉടമയിൽ നിന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിവരം നൽകിക്കൊണ്ട് പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് അത്തരം സ്ഥലങ്ങൾ വൃത്തിയാക്കുന്നതിനും അണുവിമുക്തമാക്കുന്നതും ആവശ്യമായ ന്യായമായ, പ്രായോഗിക നടപടികൾ എടുക്കാവുന്നതും അതിലേയ്ക്കായി ചെലവഴിച്ച ഏതൊരു ചെലവും അതതു സംഗതിപോലെ, താമസക്കാരനിൽ നിന്നോ ഉടമയിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് അയാൾക്കുള്ള നികുതി കുടിശ്ശിക എന്നപോലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്.

56. <u>ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ</u>.—(1) സർക്കാരിനും സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്കും ബയോമെഡിക്കൽ മാലിന്യ പരിപാലനത്തിനും അത്തരം മാലിന്യത്തിൽ നിന്നുള്ള ഏതെങ്കിലും രോഗാണുബാധയുടെ വ്യാപനം തടയുന്നതിനും അത്തരം മാലിന്യത്തിന്റെ ശരിയായ കയ്യൊഴിക്കലിനുമായി, അവർക്ക് ആവശ്യമെന്നു തോന്നുന്ന, മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും അധികാര മുണ്ടായിരിക്കുന്നതും കൂടാതെ അവ ജില്ലാ പൊതുജനാരോഗ്യ അധികാരിയും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയും മുഖേന നിർവ്വഹിക്കുന്നതിനും നടപ്പാക്കുന്നതിനും നിറവേറ്റുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രയോഗ രീതികൾ പാലിക്കുന്നതിന് ഓരോ മെഡിക്കൽ പ്രാക്ടീഷണറും പൊതു, സ്വകാര്യ ആരോഗ്യസംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്:

എന്നാൽ ഈ വകുപ്പിലെ യാതൊന്നുംതന്നെ 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്റ്റിലെ (1986-ലെ 24-ാം ആക്റ്റ്) 6-ഉം 25-ഉം വകുപ്പുകളിലെ വ്യവസ്ഥകളെ ലംഘിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത ഏത് മെഡിക്കൽ പ്രാക്ടീഷണറും പൊതുവോ സ്വകാര്യമോ ആയ ആരോഗ്യസംരക്ഷണ സ്ഥാപനവും അയ്യായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്ക് അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടുന്നതാണ്.

57. രക്തബാങ്കുകളും പകർച്ചവ്യാധികളുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടേയോ നിയന്ത്രണവും.—(1) സർക്കാരിനോ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്കോ രക്തബാങ്കുകളുടെ പരിപാലനത്തിനായി അവർക്കുചിതമെന്ന തോന്നുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും കൂടാതെ രക്ത പകർച്ചയിലൂടെ ഉണ്ടാകുന്ന ഏതെങ്കിലും രോഗാണുബാധയുടെ വ്യാപനം തടയുന്നതിനും നടപടി എടുക്കുന്നതിനും, അവ ജില്ലാ പൊതുജനാരോഗ്യ അധികാരിയിലൂടേയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയിലൂടേയോ നടപ്പാക്കുന്നതിനും നിർവ്വഹിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(2) രക്തബാങ്കുകൾ നടത്തുന്നതിലും രക്ത പകർച്ചയ്ക്കും വേണ്ടി (1)-ാം ഉപവകുപ്പിൻ കീഴിൽ വിനിർദ്ദേശിച്ചിട്ടുള്ള പ്രയോഗ രീതികൾ പാലിക്കുന്നതിന് ഓരോ മെഡിക്കൽ പ്രാക്ടീഷണറും രക്തബാങ്കുകളും മറ്റൊരാൾക്ക് രക്തം പകരുന്ന ഓരോ പൊതുവോ സ്വകാര്യമോ ആയ ആരോഗ്യ സംരക്ഷണ സ്ഥാപനവും ബാദ്ധ്യസ്ഥമാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത ഓരോ മെഡിക്കൽ പ്രാക്ടീഷണറും പൊതുവോ സ്വകാര്യമോ ആയ ആരോഗ്യസംരക്ഷണ സ്ഥാപനവും പതിനായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനത്തിന് ഓരോ ദിവസത്തേയ്ക്കും ആയിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥമാണ്.

## അദ്ധ്യായം 8

## വെക്ടറിന്റെ നിയന്ത്രണം

58. പ്രാണികളെയും മറ്റ് വെക്ടറുകളെയും നിയന്ത്രിക്കുന്നതിന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ ചുമതലകൾ.—(1) സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ ഓരോ ഉടമയോ കൈവശക്കാരനോ പ്രാണികളുടെ പ്രജനനം തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും, നിർദ്ദേശം നൽകുമ്പോൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരി വിനിർദ്ദേശിച്ചേക്കാവുന്ന അത്തരം നടപടികൾ നിർവ്വഹിക്കേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 'പ്രാണികൾ' എന്ന പദത്തിൽ കൊതുകുകൾ, ഈച്ചകൾ, പേൻ, ചാഴി, മണലീച്ച, ചെള്ളുകൾ, ആരോഗ്യത്തിന് ഹാനികരമായ മറ്റേതെങ്കിലും പ്രാണികൾ എന്നിവ ഉൾപ്പെടുന്നതാകുന്നു.

(2) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാണികളുടെ പ്രജനനത്തിനുള്ള കാരണമോ കാരണങ്ങളോ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നീക്കംചെയ്യുന്നതിനുമുള്ള നടപടികൾ എടുക്കേണ്ടതാണ്.

(3) ഓരോ പ്രാദേശിക പൊതുജനാരോഗ്യ അധികാരികളും പ്രാണികൾ പ്രജനനം നടത്തുന്നതോ നടത്തുവാൻ സാധ്യതയുള്ളതോ ആയ സ്ഥലങ്ങൾ വൃത്തിയാക്കേണ്ടതും പ്രാണികളെ നിയന്ത്രിക്കുന്നതിനും നശിപ്പിക്കുന്നതിനായി (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള നടപടികൾ എടുക്കേണ്ടതുമാണ്.

59. ജലശേഖരങ്ങളിൽ കൊതുകുകളുടെ പ്രജനനം തടയൽ.—(1) ഏതൊരാളോ തദ്ദേശസ്വയംഭരണ സ്ഥാപനമോ,—

(എ) പ്രദേശത്ത് കൊതുകുകൾ പ്രജനനം നടത്തുന്നതോ പ്രജനനം നടത്താൻ സാധ്യതയുള്ളതോ ആയ നിശ്ചല ജലത്തിന്റെയോ ഒഴുകുന്ന ജലത്തിന്റെയോ ശേഖരത്തിന് കാരണമാകുകയോ നിലനിർത്തുകയോ; അല്ലെങ്കിൽ,

(ബി) പ്രദേശത്തിനകത്ത്, ഏതെങ്കിലും ജലം കൊതുകുകൾ പ്രജനനം നടത്തുകയോ പ്രജനനം നടത്തുവാൻ സാധ്യതയുള്ളതോ ആയ ശേഖരമായി രൂപപ്പെടാൻ കാരണമാക്കുകയോ അനുമതി നൽകുകയോ അനുവദിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) കെട്ടിനിൽക്കുന്നതോ ഒഴുകുന്നതോ ആയ വെള്ളത്തിൽ കൂത്താടികളുടെ സ്വാഭാവികമായ സാന്നിദ്ധ്യം അത്തരം വെള്ളത്തിൽ കൊതുകുകൾ പ്രജനനം നടത്തുന്നു എന്നതിന്റെ തെളിവായിരിക്കുന്നതാണ്.

(3) ഏതെങ്കിലും ആളോ തദ്ദേശസ്വയംഭരണ സ്ഥാപനമോ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ രണ്ടായിരം രൂപയിൽ അധികരിക്കാത്ത പിഴയ്ക്കും തുടർച്ചയായ ലംഘനങ്ങൾക്ക് ഓരോ ദിവസത്തേയ്ക്കും അൻപത് രൂപ വരെയാകുന്ന പിഴയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

60. കൊതുകുകൾ പ്രജനനം നടത്തുന്ന സ്ഥലങ്ങളുടെ പരിചരണം.—(1) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, കൊതുക് പ്രജനനം നടത്തുന്നതോ നടത്തുവാൻ സാധ്യതയുള്ളതോ ആയ, കെട്ടിക്കിടക്കുന്നതോ ഒഴുകുന്നതോ ആയ ജലശേഖരം ഉള്ള ഏതെങ്കിലും സ്ഥലത്തിന്റെ ഉടമസ്ഥനോടോ കൈവശക്കാരനോടോ, ഇരുപത്തിനാല് മണിക്കൂറിൽ അധികരിക്കാത്തതും നോട്ടീസിൽ പറഞ്ഞിട്ടുള്ളതുമായ അത്തരം സമയത്തിനകം, സാഹചര്യത്തിന് അനുയോജ്യമാണെന്ന് പ്രാദേശിക പൊതുജനാരോഗ്യ അധികാരി കരുതുന്ന, രാസ അല്ലെങ്കിൽ ജൈവ രീതിയിലുള്ള ഏർപ്പാടുകൾ അല്ലെങ്കിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരി അംഗീകരിച്ച നടപടികളോ രീതിയോ

ഉപയോഗിച്ച് കൊതുകുകളുടെ പ്രജനന സ്ഥലങ്ങളെ പരിചരിച്ച് അവിടം കൊതുകുകൾ അല്ലെങ്കിൽ കൂത്താടികളിൽ നിന്ന് മുക്തമാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു നോട്ടീസ് കൈവശക്കാരന് നൽകിയിട്ടുണ്ടെങ്കിൽ, വിരുദ്ധമായി പ്രകടമായോ സൂചിപ്പിക്കുന്നതോ ആയ ഒരു കരാറിന്റെ അഭാവത്തിൽ, നോട്ടീസിൽ വിനിർദ്ദേശിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് അല്ലെങ്കിൽ പരിചരണം അവലംബിക്കുന്നതിന് അയാൾക്ക് ഉണ്ടാകുന്ന ന്യായമായ ചെലവ് ഉടമയിൽ നിന്നും ഈടാക്കുന്നതിനും, അല്ലെങ്കിൽ അത്തരം ചെലവിന്റെ തുക ഉടമസ്ഥന് അയാളിൽ നിന്ന് അപ്പോഴോ അതിനുശേഷമോ ലഭിക്കേണ്ടതായ വാടകയിൽ നിന്ന് തട്ടിക്കഴിക്കുന്നതിനോ അർഹതയുണ്ടായിരിക്കുന്നതാണ്.

61. <u>വീഴ്ചവരുത്തുന്ന സംഗതിയിൽ തദ്ദേശ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ.</u>—(1) 60-ാം വകുപ്പിൻ കീഴിൽ നോട്ടീസ് നൽകിയ വ്യക്തി അതിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനകം അത്തരം നോട്ടീസിൽ വിനിർദ്ദേശിച്ചിട്ടുള്ള നടപടിയെടുക്കാനോ പരിചരണരീതി അവലംബിക്കാനോ പരാജയപ്പെടുകയോ നിരസിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, നിർണ്ണയിക്കപ്പെടുന്ന പ്രകാരം അത്തരം നടപടികൾ സ്വീകരിക്കുകയോ അത്തരം പരിചരണരീതി അവലംബിക്കുകയോ ചെയ്യാവുന്നതാണ്.

(2) അത്തരം നടപടിക്ക് ആവശ്യമായ പണം ആ പ്രദേശത്ത് അധികാരിതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം ലഭ്യമാക്കേണ്ടതും, ആ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അതത് സംഗതിപോലെ, സ്ഥലത്തിന്റെ ഉടമസ്ഥനിൽ നിന്നോ കൈവശക്കാരനിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി കുടിശ്ശികയെന്ന പോലെ വസൂലാക്കാവുന്നതുമാണ്.

62. <u>കൊതുകിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് സംരക്ഷണം.</u>—ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിലോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയോ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ നിർദ്ദേശത്തിൽ, അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ, കൊതുകുകളുടെ പ്രജനനം തടയുക എന്ന ലക്ഷ്യത്തോടെ അത്തരം സ്ഥലത്തോ കെട്ടിടത്തിലോ ഏതെങ്കിലും രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളയിടത്ത്, അത്തരം സ്ഥലത്തിന്റെയോ കെട്ടിടത്തിന്റെയോ തത്സമയത്തെ ഉടമസ്ഥനോ തത്സമയത്തെ കൈവശക്കാരനോ അത്തരം നിർമ്മാണങ്ങൾക്ക് കേടുവരുത്തുവാനോ അല്ലെങ്കിൽ അവയുടെ ക്ഷമതയെ ദുർബ്ബലപ്പെടുത്തുന്നതോ അല്ലെങ്കിൽ ദുർബ്ബലപ്പെടുത്തുവാൻ സാധ്യതയുള്ളതോ ആയ ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കപ്പെടുന്നത് തടയേണ്ടതുമാകുന്നു.

63. കൊതുക് വിരുദ്ധപ്രവർത്തനങ്ങളിൽ ഇടപെടുന്നത് തടയൽ.—(1) യാതൊരാളും പ്രദേശിക പൊതുജനാരോഗ്യ അധികാരിയുടെ ഉത്തരവുകളാൽ ഏതെങ്കിലും സ്ഥലത്ത് അല്ലെങ്കിൽ കെട്ടിടങ്ങളുടെ പുറമേയോ അടിയിലോ അവിടെ കൊതുകുകളുടെ പ്രജനനം തടയുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ ജോലികളെയോ സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളെയോ സാധനങ്ങളെയോ തടസ്സപ്പെടുത്തുകയോ കേടുവരുത്തുകയോ നശിപ്പിക്കുകയോ ഉപയോഗശൂന്യമാക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഏതെങ്കിലും ആളാൽ ലംഘിക്കപ്പെടുകയാണെങ്കിൽ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, അതതു സംഗതിപോലെ, ജോലികൾ വീണ്ടും നടപ്പാക്കുകയോ ഉപകരണങ്ങളോ സാധനങ്ങളോ പുനഃസ്ഥാപിക്കുകയോ ചെയ്യാവുന്നതും, അപ്രകാരം ചെയ്യുന്നതിനുള്ള ചെലവ് അത്തരം ആളിൽ നിന്ന് അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതുമാണ്.

64. ദുരന്തഫലമായുണ്ടാകുന്ന പകർച്ചവ്യാധികളുടെയോ വിജ്ഞാപനപ്പെടുത്താവുന്ന പകർച്ചവ്യാധികളുടെയോ തടയലും കൈകാര്യം ചെയ്യലും.—(1)പ്രകൃതിദുരന്തങ്ങളുടെയോ മനുഷ്യനിർമ്മിതമോ ആയ ദുരന്തങ്ങളുടെ ഫലമായുണ്ടാകുന്ന പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ അടക്കമുള്ള രോഗങ്ങളെ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും ആവശ്യമായേക്കാവുന്ന എല്ലാ സജീവമായ നടപടികളും എടുക്കുന്നതിന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് അധികാരങ്ങൾ ഉണ്ടായിരിക്കും.

എന്നാൽ ഈ വകുപ്പിലെ യാതൊന്നും 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്റ്റ് (2005-ലെ നമ്പർ 53)-ലെ വ്യവസ്ഥയെ ലംഘിക്കുന്നതാകരുത്.

65. ആരോഗ്യ പ്രവർത്തകർക്ക് പരിസരങ്ങളിൽ പ്രവേശിക്കുവാനും പരിശോധിക്കുവാനുമുള്ള അധികാരം.—ഈ അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്കും അല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തിയ ഏതൊരുദ്യോഗസ്ഥനും, അയാൾക്ക് ഉചിതമെന്ന് കരുതാവുന്ന അത്തരം നോട്ടീസ് രേഖാമൂലം നൽകിയശേഷം, ന്യായമായ എല്ലാ സമയങ്ങളിലും, തന്റെ അധികാരപരിധിയിലുള്ള ഏതെങ്കിലും സ്ഥലത്തോ കെട്ടിടത്തിലോ പ്രവേശിക്കുകയോ പരിശോധന നടത്തുകയോ ചെയ്യാവുന്നതും, അത്തരം സ്ഥലത്തിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ, അതതു സംഗതിപോലെ, കൈവശക്കാരൻ അല്ലെങ്കിൽ ഉടമസ്ഥൻ അത്തരം പ്രവേശനത്തിനും പരിശോധനയ്ക്കും ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതും മേൽപ്പറഞ്ഞ ഉദ്ദേശ്യത്തിനായി അയാൾ ആവശ്യപ്പെടാവുന്ന അത്തരം എല്ലാ വിവരങ്ങളും നൽകേണ്ടതുമാണ്.

## അദ്ധ്യായം 9

## മേളകളും ഉത്സവങ്ങളും പൊതുവും സാമൂഹ്യ ഒത്തുചേരലുകളും

66. മേളകൾ, ഉത്സവങ്ങൾ പൊതു-സാമൂഹ്യ ഒത്തുചേരൽ എന്നിവ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളും.—ഏതു പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരപരിധിക്കകത്താണോ ഒരു മേളയോ ഉത്സവമോ നടക്കുന്നത് ആ അധികാരി അല്ലെങ്കിൽ അത് നടക്കുന്നത് രണ്ടോ അതിലധികമോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരപരിധികൾക്കകത്താണെങ്കിൽ അത്തരം പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ സംയുക്തമായി നിയമിക്കുന്ന ഒരു കമ്മിറ്റി, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20-ാം ആക്റ്റ്), 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്) എന്നിവ പ്രകാരമുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്, അതായത്:-

(i) പകർച്ചവ്യാധികൾ അല്ലെങ്കിൽ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടെ കേസ്സുകൾ കണ്ടെത്തലും വേർതിരിക്കലും അത്തരം രോഗങ്ങളുടെ വ്യാപനം തടയുകയും ചെയ്യൽ;

(ii) ആവശ്യമായ ആരോഗ്യപ്രവർത്തകരെ നിയോഗിക്കൽ, വൈദ്യസഹായത്തിനും പ്രഥമശുശ്രൂഷ പെട്ടികൾ എന്നിവയ്ക്കുമുള്ള മാർഗ്ഗങ്ങൾ, പൊതുവായതും ഐസൊലേറ്റ് ചെയ്യുമുള്ള ആശുപത്രി താമസത്തിന്റെ ആവശ്യങ്ങൾക്കായി സൗകര്യം ഒരുക്കൽ;

(iii) നിർണ്ണയിക്കപ്പെടാവുന്ന അത്തരം മറ്റ് ആവശ്യങ്ങൾ.

(2) അത്തരം മേളയോ, ഉത്സവമോ, ഒത്തുചേരലുകളോ സംഘടിപ്പിക്കുന്ന ആൾ അല്ലെങ്കിൽ അധികാരി (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(3) അത്തരം മേളയോ ഉത്സവമോ ഒത്തുചേരലുകളോ സംഘടിപ്പിക്കുന്ന ആളോ അധികാരസ്ഥാനമോ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അയാൾ അത് ആയിരം രൂപയിൽ അധികരിക്കാത്ത പിഴ ശിക്ഷയ്ക്ക് ബാധ്യസ്ഥമായിരിക്കും.

67. മലിനമായ ഭക്ഷണമോ, രോഗം പടർത്താൻ സാധ്യതയുള്ള ഭക്ഷണമോ മേള, ഉത്സവം, സ്വകാര്യ അല്ലെങ്കിൽ പൊതുഒത്തുചേരൽ സ്ഥലത്തു നിന്നും പിടിച്ചെടുക്കുന്നതിനുള്ള അധികാരം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്കോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ പൊതുജനാരോഗ്യ ഹെൽത്ത് ഓഫീസർമാർക്കോ ബന്ധപ്പെട്ട പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾക്കോ,—

(എ) പാചകം ചെയ്യതോ, ശേഖരിച്ചിരിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ ഭക്ഷണം രോഗം പടർത്തുന്നതിന് ഉറവിടമാകുമെന്നോ ഉറവിടമാകാൻ സാധ്യതയുണ്ടെന്നോ അയാൾക്ക് വിശ്വസിക്കാൻ കാരണമുള്ളയിടത്ത് മേളയുടെയോ ഉത്സവകേന്ദ്രത്തിന്റെയോ ഏതു പരിസരത്തും പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനും;

(ബി) പരിശോധനയുടെ ആവശ്യത്തിലേക്കായി അത്തരം കേന്ദ്രത്തിലെയോ അവിടെ നിന്നു അത്തരം ദൂരത്തിനകത്തുള്ള ജലവിതരണ ഉറവിടത്തിലേക്കോ അതോറിറ്റി പൊതുവായോ പ്രത്യേകമായോ നിശ്ചയിക്കാവുന്ന ഉത്തരവിനാൽ പ്രവേശനത്തിനും; കൂടാതെ

(സി) പാചകം ചെയ്യതോ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നതോ, സംഭരിച്ചിരിക്കുന്നതോ, മേളയിലേക്കോ ഉത്സവകേന്ദ്രത്തിലേക്കോ കൊണ്ടുപോകുന്നതോ ആയ ഏതൊരു ഭക്ഷണവും, അവർക്ക് അത് അനാരോഗ്യകരമായതോ രോഗത്തിന് കാരണമാകുന്നതോ പടരാൻ ഇടയാക്കുന്നതോ ആണെന്ന് കരുതാൻ തക്കകാരണമുണ്ടെങ്കിൽ പിടിച്ചെടുക്കാനും, അത്തരം ഭക്ഷണം മലിനീകരണത്തിന് ഹേതുവാകുമെങ്കിൽ ആയത് നശിപ്പിക്കുകയും, ചെയ്യാവുന്നതാണ്.

68. <u>ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം.—</u> പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അഭിപ്രായത്തിൽ, മേള, ഉത്സവം അല്ലെങ്കിൽ ഒത്തുചേരലുകൾക്ക് വിതരണം ചെയ്യുന്ന ജലം അപകടപ്പെടുത്താനോ രോഗം പടർത്താനോ സാധ്യതയുള്ളതാണെങ്കിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി അതിന്റെ നിയന്ത്രണമുള്ള ഉടമസ്ഥനോടോ മറ്റ് ആളോടോ, അത്തരം ജലവിതരണം നിർത്തിവയ്ക്കുവാനോ അണുവിമുക്തമാക്കുവാനോ നിർദ്ദേശം നൽകേണ്ടതാണ്.

## അദ്ധ്യായം 10

## പ്രായമായവർ, നിരാലംബർ തുടങ്ങിയവർക്ക് വേണ്ടിയുള്ള ആരോഗ്യപരിപാലന പരിപാടി

69. <u>പ്രാദേശിക പൊതുജനാരോഗ്യ അധികാരി പ്രായമായവർക്കും നിരാലംബർക്കും കൂടാതെ അതുപോലുള്ളവർക്കും ആരോഗ്യപരിപാലന പരിപാടികൾ നടപ്പിൽ വരുത്തേണ്ടതാണെന്ന്.</u>—(1) സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കാവുന്നതുപോലെ പ്രായമായവർക്കും നിരാലംബർക്കും ഭിന്നശേഷിക്കാർക്കും മാരകരോഗമുള്ളവർക്കും അതുപോലുള്ളവർക്കും ആരോഗ്യ പരിപാലന പരിപാടികൾ നടപ്പിൽ വരുത്തുവാൻ ഓരോ പൊതുജനാരോഗ്യ അധികാരിയും ബാധ്യസ്ഥമായിരിക്കും.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പരിപാടികൾ നടപ്പിൽ വരുത്തുവാൻ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയും ജില്ലാ പൊതുജനാരോഗ്യ അധികാരിയും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെ ഉപദേശിക്കേണ്ടതാണ്.

## അദ്ധ്യായം 11

## പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം

70. പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം.—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി "പകർച്ചവ്യാധിയല്ലാത്ത രോഗം" എന്നാൽ പകർച്ചവ്യാധി അല്ലാത്തതും ദീർഘകാലം നീണ്ടുനിൽക്കുന്നതും പൊതുവേ മന്ദഗതിയിൽ കൂടുന്നതുമായ ഒരു രോഗം അല്ലെങ്കിൽ മെഡിക്കൽ അവസ്ഥ എന്നർത്ഥമാകുന്നു.

(2) വിട്ടുമാറാത്ത ഒരു അസുഖം എന്നാൽ സാധാരണരീതിയിൽ നിന്നുള്ള വൈകല്യങ്ങൾ അല്ലെങ്കിൽ വ്യതിയാനങ്ങളും ഉള്ള, പകർച്ചവ്യാധിയല്ലാത്തതും, താഴെപ്പറയുന്ന ഒന്നോ അതിലധികമോ അവസ്ഥകൾ അടങ്ങിയതും എന്നർത്ഥമാകുന്നു, അതായത്:—

(i) സ്ഥിരമായ വൈകല്യം;

(ii) ശേഷിക്കുന്ന ബലഹീനത;

(iii) തിരിച്ചറിയാനാകാത്ത പത്തോളജിക്കൽ മാറ്റം മൂലമുണ്ടാകുന്ന ബലഹീനത;

(iv) പുനഃരധിവാസത്തിനായി രോഗിയുടെ പ്രത്യേക പരിശീലനത്തിന്റെ ആവശ്യകത; കൂടാതെ

(v) ഭേദമാകുന്നതിന് ദീർഘകാലത്തേക്ക് മേൽനോട്ടവും നിരീക്ഷണവും പ്രതീക്ഷിക്കുന്നത്.

(3) താഴെപ്പറയുന്നവ സാധാരണഗതിയിൽ പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളായി കരുതപ്പെടും, അതായത്:—

(i) അന്ധത

(ii) അർബുദം

(iii) വിട്ടുമാറാത്ത ശ്വാസകോശരോഗം

(iv) വിട്ടുമാറാത്ത വൃക്കരോഗം

(v) കൊറോണറി ആർട്ടറി രോഗം

(vi) മറവിരോഗം

(vii) പ്രമേഹം

(viii) രക്തസമ്മർദ്ദം

(ix) അപകടങ്ങൾ മൂലമുണ്ടാകുന്ന പരിക്കുകൾ

(x) മസ്കുലോ-സ്കെലിട്ടൽ സന്ധിവാതം

(xi) നാഡീസംബന്ധമായ രോഗം-അൽഷിമേഴ്സ് രോഗം

(xii) അമിതവണ്ണം

(xiii) മാനസിക രോഗം

(xiv) റുമാറ്റിക് ഹൃദ്രോഗം

(xv) പക്ഷാഘാതം

(4) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ വിനിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കനുസരണമായ മറ്റേതൊരു രോഗത്തെയും സർക്കാരിന് പകർച്ചവ്യാധിയല്ലാത്ത രോഗമായി വിജ്ഞാപനം ചെയ്യാവുന്നതാണ്.

(5) സർക്കാർ, പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണത്തിനായി പ്രതിരോധ, പ്രോത്സാഹന, രോഗശാന്തിയുളവാകുന്ന, പുനരധിവാസ, സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവരികയും ആ മാർഗ്ഗനിർദേശങ്ങൾ പ്രാദേശിക പൊതുജനാരോഗ്യ അധികാരികളും ആരോഗ്യപരിരക്ഷാദാതാക്കളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ സർക്കാർ പകർച്ചവ്യാധിയല്ലാത്ത രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നയങ്ങൾ ആസൂത്രണം ചെയ്യുകയും രൂപീകരിക്കുകയും, അത്തരം നയങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്ക് പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ മുഖേന ആരോഗ്യപരിരക്ഷാദാതാക്കൾക്ക് പരിശീലനം നൽകുകയും വേണ്ടതാണ്.

(6) പ്രദേശത്തെ ജനങ്ങളുടെ നിലവിലുള്ള ആരോഗ്യാവസ്ഥകൾക്ക് വിധേയമായി പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ തടയലിനും നിയന്ത്രണത്തിനുമായി സർക്കാർ രൂപീകരിച്ച നയങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നടപ്പിലാക്കേണ്ടതാണ്. ആരോഗ്യകരമായ ശീലങ്ങൾ പരിപോഷിപ്പിക്കുന്ന തിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടു എന്നും പ്രദേശത്തെ ജനങ്ങളുടെ അത്തരം ജീവിതശൈലിക്കുള്ള ഭൗതിക സാഹചര്യം നിലനിർത്തുന്നുവെന്നും കൂടി പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

(7) (8)-ാം ഉപവകുപ്പിൽ വിശദീകരിച്ചിരിക്കുന്ന പ്രകാരം പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ പ്രാഥമിക പ്രതിരോധം, ദ്വിതീയ പ്രതിരോധം, തൃതീയ പ്രതിരോധം എന്നിവയിലൂടെ പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ തടയലും നിയന്ത്രണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(8) പ്രാഥമിക പ്രതിരോധത്തിൽ വീടിനകത്തും പുറത്തുമുള്ള വായുമലിനീകരണം നിയന്ത്രിക്കൽ, ശാരീരിക വ്യായാമവും വിനോദങ്ങളും പ്രോത്സാഹിപ്പിക്കൽ, സാധാരണ ശാരീരിക പ്രവൃത്തികൾക്ക് ഇടം സൃഷ്ടിക്കൽ, ആരോഗ്യകരമായ പാചകരീതികൾ പ്രോത്സാഹിപ്പിക്കൽ, ആരോഗ്യകരമായ ഭക്ഷണത്തിനു വേണ്ടി പ്രാദേശിക ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കൽ, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കൽ, സാമൂഹ്യാധിഷ്ഠിതവും ജോലിസ്ഥലത്തെ അടിസ്ഥാനമാക്കിയുള്ളതും വിദ്യാഭ്യാസ്ഥാപനാടിസ്ഥാനത്തിലുള്ളതുമായ വ്യക്തിഗത, സാമൂഹ്യകൂട്ടായ്മ പെരുമാറ്റങ്ങൾ ബഹുജന മാധ്യമങ്ങളിലൂടെ പരിഷ്കരിക്കൽ തുടങ്ങിയ പ്രതിരോധ പ്രോത്സാഹന മാർഗ്ഗങ്ങൾ ഉൾപ്പെടുന്നു. ദ്വിതീയ പ്രതിരോധത്തിൽ മുൻകൂട്ടിയുള്ള രോഗനിർണ്ണയവും രോഗനിർണ്ണയം നടത്തിയ കേസ്സുകളുടെ ചികിത്സയും പാവപ്പെട്ടവർക്കും ചെലവ് താങ്ങാൻ പറ്റാത്തവർക്കും താങ്ങാവുന്ന നിരക്കിലോ സൗജന്യ നിരക്കിലോ നല്ല ഗുണമുള്ള മരുന്നുകളുടെ തുടർച്ചയായ വിതരണം, ലബോറട്ടറി സൗകര്യങ്ങൾ, സങ്കീർണ്ണതകൾ തടയുന്നതിന് പതിവായ പരിശോധനകൾ എന്നീ ക്യൂറേറ്റീവ് നടപടികൾ ഉൾപ്പെടുന്നു. തൃതീയ പ്രതിരോധത്തിൽ സാന്ത്വന പരിചരണം, തൊഴിൽ അല്ലെങ്കിൽ സാമ്പത്തിക സഹായം അല്ലെങ്കിൽ രണ്ടും കൂടിയോ നൽകൽ എന്നിവ പോലുള്ള പുനരധിവാസ നടപടികൾ ഉൾപ്പെടുന്നു.

(9) പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ താഴെ പറയുന്നവയും പ്രോത്സാഹിപ്പിക്കേണ്ടതാണ്, അതായത്:—

(i) ഉയർന്ന അപകട സാധ്യതയുള്ള സ്ക്രീനിംഗ്, അതായത് ക്ലിനിക്കലായി പ്രകടമായി ഹൃദ്രോഗം വെളിപ്പെടാത്ത ആളുകളിൽ ഹൃദയത്തിനുള്ള അപകടസാധ്യത വിലയിരുത്തുകയും നിയന്ത്രിക്കുകയും (പ്രാഥമിക പ്രതിരോധം)

(ii) ഹൃദ്രോഗ സാധ്യതയുള്ള ആളുകളിൽ, ഭക്ഷണ പരിഷ്കാരങ്ങൾ, കായിക പ്രവർത്തനങ്ങൾ, ഭാരനിയന്ത്രണം, പുകവലിയും മദ്യവും നിർത്താൻ പ്രചാരണം എന്നിവയിലൂടെ ഹൃദ്രോഗങ്ങൾ തടയുക;

(iii) പെരിഫറൽ വാസ്കുലാർ രോഗം ബാധിച്ച വ്യക്തികളുടെ പരിചരണം (ദ്വിതീയ പ്രതിരോധം)

(iv) ഭക്ഷണപരമായ മാറ്റം വരുത്തൽ, ഫാർമകോതെറാപ്പി, പുകവലിയും മദ്യവും നിർത്താൻ പ്രചാരണം എന്നിവയ്ക്കായുള്ള തീവ്രമായ ജീവിത ശൈലി ഉപദേശം;

(v) ഉയർന്ന അപകടസാധ്യതാ വിഷയങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാനും അത്തരം വ്യക്തികളുടെ നേരത്തേയുള്ള രോഗനിർണ്ണയത്തിനും റഫറൻസിനുമായി ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം;

(vi) വിവര, വിദ്യാഭ്യാസ, വാർത്താവിനിമയ പ്രവർത്തനങ്ങളുടെ ശക്തിപ്പെടുത്തൽ;

(vii) ഇലക്കറികളും ശുദ്ധമായ പഴങ്ങളും കൂടുതലായി കഴിക്കൽ, ഉപ്പിന്റെ ഉപയോഗം കുറയ്ക്കൽ, ഉപ്പ് ധാരാളമുള്ള അച്ചാറുകൾ, ചട്നികൾ, സോസുകൾ, ക്യാച്ചപ്പുകൾ, ചിപ്സ്, ഉപ്പുള്ള ബിസ്കറ്റ്, ഉപ്പുള്ള വെണ്ണ, ഉപ്പിട്ടുണക്കിയ മത്സ്യം മുതലായവ തയ്യാറാക്കലുകളും ഒഴിവാക്കൽ, എല്ലാ രൂപത്തിലുമുള്ള ശുദ്ധീകരിച്ച കാർബോ ഹൈഡ്രേറ്റുകളുടെയും നിയന്ത്രണം, വറുത്ത ഭക്ഷണത്തെക്കാൾ ആവിയിൽ വേവിച്ച ഭക്ഷണത്തിന് മുൻഗണന, ശുദ്ധമായ പഴച്ചാർ കഴിക്കൽ, കാർബണേറ്റഡ് പാനിയങ്ങൾക്ക് പകരം കരിക്ക്, ഫാസ്റ്റ്/ജങ്ക് ഭക്ഷണങ്ങൾ, എയ്റേറ്റഡ് പാനിയങ്ങൾ എന്നിവ ഒഴിവാക്കൽ, നിലക്കടല എണ്ണ, സോയാബീൻ ഓയിൽ, കടുകെണ്ണ, സൂര്യകാന്തി എണ്ണ, വെളിച്ചെണ്ണ പോലുള്ള എണ്ണകളുടെ ഉപയോഗം, ഹാനികരമായ എണ്ണകൾക്ക് പകരം നെയ്യ്, വെണ്ണ മുതലായവയുടെ മിതമായ ഉപയോഗം, വറുത്ത മത്സ്യം, വറുത്ത മാംസം, ചുവന്ന മാംസം എന്നിവയുടെ കുറഞ്ഞ ഉപയോഗം പോലുള്ള ആഹാര നിയന്ത്രണം;

(viii) സ്വാസ്ഥ്യത്തിനു വേണ്ടിയുള്ള പതിവായ വ്യായാമം, ഭാരനിയന്ത്രണം അല്ലെങ്കിൽ ഭാരം കുറയ്ക്കൽ, കൂടാതെ സൈക്ലിംഗ്, ഗാർഡനിംഗ് തുടങ്ങിയ പുറമേയുള്ള പ്രവൃത്തികൾ പോലുള്ള കായിക പ്രവർത്തനങ്ങൾ, കൂടാതെ

(ix) യോഗ പരിശീലനം.

(10) പ്രാദേശിക പ്രദേശത്ത് പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ വ്യാപനവും അപകട സാധ്യതയും അടിസ്ഥാനമാക്കി (6), (7), (8) കൂടാതെ (9)-ഉം വകുപ്പുകൾ പ്രകാരമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ ബഡ്ജറ്റിന്റെ ഒരു ഭാഗം നീക്കിവയ്ക്കേണ്ടതാണ്.

(11) പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ, സാംക്രമികേതര രോഗങ്ങൾ സംശയിക്കുന്നതോ സാധ്യതയുള്ളതോ ആയ ആളുകൾക്ക് വേണ്ടി ആരോഗ്യപ്രദമായ ഭക്ഷണം ലഭ്യമാക്കുന്നത്, അതായത് ഗണ്യമായ പോഷകങ്ങൾ അടങ്ങിയ, പൂരിതകൊഴുപ്പ്, പഞ്ചസാര എന്നിവ കുറഞ്ഞ, സോഡിയം കുറഞ്ഞ അളവിൽ അടങ്ങിയ നിറങ്ങളോ രുചികളോ പ്രിസർവേറ്റീവുകളോ ചേർക്കാത്ത ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാക്കുന്നത് മുൻഗണന ഇനമാക്കണം.

(12) പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾക്ക് ഭക്ഷ്യസ്ഥാപനത്തിന്റെ ഉടമസ്ഥനോട് അല്ലെങ്കിൽ നിയന്ത്രണമുള്ള മറ്റ് വ്യക്തിയോട് (11)-ാം ഉപവകുപ്പിൻ പ്രകാരമുള്ള ഭക്ഷണ പദാർത്ഥങ്ങൾകൂടി വിൽക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.

(13) (9)-ാം ഉപവകുപ്പിന്റെ (viii)-ഉം (ix)-ഉം ഇനങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഉചിതമായ സ്ഥലങ്ങൾ കണ്ടെത്താനും തദ്ദേശസ്വയംഭരണ സ്ഥാപനത്തോട് അത് പ്രായോഗികമെങ്കിൽ അവ പൊതുജനങ്ങൾക്കായി തുറന്നു നൽകാൻ ശിപാർശ ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കും.

## അദ്ധ്യായം 12

## പലവക

71. <u>നോട്ടീസുകളും ഉത്തരവുകളും നൽകുന്ന രീതി</u>.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടം, റെഗുലേഷൻ അല്ലെങ്കിൽ ഉത്തരവ് പ്രകാരമോ ഏതെങ്കിലും നോട്ടീസ് നൽകേണ്ടിവരുമ്പോൾ അത്തരം നോട്ടീസ് അല്ലെങ്കിൽ ഉത്തരവ് രേഖാമൂലമായിരിക്കേണ്ടതും അത്,—

(എ) അത്തരം ആളിന് നൽകുകയോ ഏൽപ്പിക്കുകയോ ചെയ്തുകൊണ്ടോ; അല്ലെങ്കിൽ

(ബി) അത്തരം ആളിനെ കണ്ടെത്തിയില്ലെങ്കിൽ അയാളുടെ അവസാനത്തേതായി അറിയപ്പെടുന്ന വാസസ്ഥലത്തോ തൊഴിലിടത്തിലോ കൊടുത്തുകൊണ്ടും അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിയായ അംഗത്തിന് നൽകിക്കൊണ്ടോ ഏൽപ്പിച്ചുകൊണ്ടോ; അല്ലെങ്കിൽ

(സി) അത്തരം ആൾ ആ പ്രദേശത്ത് താമസിക്കുന്നില്ലായെങ്കിലും അയാളുടെ മറ്റെവിടെയെങ്കിലുമുള്ള വിലാസം അറിയാമെങ്കിൽ ആയത് രജിസ്റ്റേർഡ് തപാൽ വഴി അയാൾക്ക് അയച്ചുകൊണ്ടും; അല്ലെങ്കിൽ

(ഡി) മേൽപ്പറഞ്ഞ മാർഗ്ഗങ്ങൾ ഒന്നും ലഭ്യമല്ലെങ്കിൽ അത്തരം വാസസ്ഥലത്തിന്റെയോ തൊഴിലിടത്തിന്റെയോ പ്രകടമായി കാണാവുന്ന ഏതെങ്കിലും ഭാഗത്ത് പതിച്ചുകൊണ്ടോ,

നൽകേണ്ടതാണ്.

(2) ഒരാൾ ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ ആയിരിക്കുമ്പോൾ ആ നോട്ടീസിൽ ഉടമസ്ഥന്റെയോ കൈവശക്കാരന്റെയോ പേര് പറഞ്ഞിരിക്കേണ്ട ആവശ്യമുള്ളതും കൂട്ടുടമസ്ഥരുടെയും കൂട്ടുകൈവശക്കാരുടെയും സംഗതിയിൽ അത്തരത്തിലുള്ള ഉടമസ്ഥരിലോ കൈവശക്കാരിലോ ഒരാൾക്ക് അത് നൽകിയാൽ മതിയാകുന്നതുമാണ്.

72. അപ്പീലുകൾ.—ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിരിക്കുന്ന സംഗതികളിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്കും, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനങ്ങളിന്മേലുള്ള അപ്പീൽ ജില്ലാ പൊതുജനാരോഗ്യ അധികാരിക്കും നിലനിൽക്കുന്നതാണ്.

73. റിവിഷൻ.—ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെ 71-ാം വകുപ്പിന് കീഴിലുള്ള തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംസ്ഥാന പൊതുജനാരോഗ്യ അധികാരി മുമ്പാകെ റിവിഷൻ ഫയൽ ചെയ്യാവുന്നതാണ്.

74. ചില സംഗതികളിൽ വ്യവഹാരത്തിനും പ്രോസിക്യൂഷനുമുള്ള നിരോധനം.—(1) ഈ ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു പ്രവൃത്തിക്കും ഏതൊരു പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, സർക്കാരിനോ സർക്കാരിന്റെയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെയോ ഏതെങ്കിലും ഓഫീസർക്കോ ജീവനക്കാർക്കോ എതിരെ യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നടപടികളോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ നിലനിൽക്കുന്നതല്ല.

(2) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെയോ സർക്കാരിന്റെയോ ഏതെങ്കിലും ഓഫീസറോ ജീവനക്കാരനോ ഈ ആക്റ്റിനാലോ അതിൻ കീഴിലോ ചുമത്തപ്പെട്ട ചുമതലകൾ നിറവേറ്റുമ്പോഴോ പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോഴോ ആ പ്രവൃത്തി ഉത്തമവിശ്വാസത്തിൽ ചെയ്തതാണെങ്കിൽ, അത്തരം പ്രവൃത്തി സംബന്ധിച്ച് ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടികൾക്ക് പ്രോസിക്യൂട്ട് ചെയ്യപ്പെടാൻ ബാദ്ധ്യസ്ഥനല്ലാത്തതാകുന്നു.

75. ദുരുദ്ദേശ്യത്തോടെയുള്ള അധികാര ദുർവിനിയോഗത്തിനുള്ള ശിക്ഷ.—(1) പ്രാദേശിക പൊതുജനാരോഗ്യ അധികാരിയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെയോ സർക്കാരിന്റെയോ ഓഫീസറോ ജീവനക്കാരോ ഈ ആക്റ്റിലോ അതിൻകീഴിലോ അയാൾക്ക് നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരം ദുരുദ്ദേശ്യത്തോടെ ദുർവിനിയോഗം ചെയ്താൽ പതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്ക് ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ വകുപ്പിൻ കീഴിലുള്ള യാതൊരു പ്രോസിക്യൂഷനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ തുടങ്ങാൻ പാടില്ല.

76. <u>കുറ്റങ്ങൾക്ക് നടപടിയെടുക്കൽ</u>.—(1) കുറ്റം ചെയ്ത് മൂന്ന് മാസത്തിനകം അതതു സംഗതിപോലെ, പ്രാദേശിക പൊതുജനാരോഗ്യ അധികാരിയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ അല്ലെങ്കിൽ തദ്ദേശ പൊതുജനാരോഗ്യ അധികാരിയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയോ ഇതിലേയ്ക്കായി പ്രകടമായി അധികാരപ്പെടുത്തിയ ഒരാളോ രേഖാമൂലമുള്ള പരാതി നൽകുന്നില്ലായെങ്കിൽ യാതൊരു കോടതിയും ഈ ആക്ടിലെ വ്യവസ്ഥകളിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ റെഗുലേഷനിലെയോ വ്യവസ്ഥകൾക്ക് കീഴിലുള്ള ഒരു കുറ്റം വിചാരണക്കെടുക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്ടിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ കോഗ്നൈസബിൾ അല്ലാത്തതും ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാൽ വിചാരണ ചെയ്യപ്പെടേണ്ടതുമായിരിക്കും.

77. <u>കുറ്റങ്ങൾ രാജിയാക്കൽ</u>.—(1) ഈ ആക്ടിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുറ്റങ്ങൾ, ഈ ആക്ടിൻ കീഴിലോ, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ റെഗുലേഷനുകളിലോ ഉള്ള കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന ഏതെങ്കിലും വ്യക്തിയുടെ അപേക്ഷയിൻമേൽ, പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പോ, പ്രോസിക്യൂഷൻ ആരംഭിച്ചശേഷം ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടെയോ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് സംസ്ഥാന പൊതുജനാരോഗ്യ അധികാരി വിജ്ഞാപനം ചെയ്ത അത്തരം തുകയ്ക്ക് രാജിയാക്കാവുന്നതാണ്.

(2) പ്രാദേശിക പൊതുജനാരോഗ്യ അധികാരി, വിരുദ്ധമായ കാരണങ്ങൾ ഒന്നും ഇല്ലായെങ്കിൽ,—

(എ) രാജിയാക്കൽ വഴി നിശ്ചയിച്ച തുക;

(ബി) ഏത് തീയതിയ്ക്കോ അതിനുമുമ്പോ ആണ് തുക അടക്കേണ്ടത്;

(സി) ഏത് തീയതിയ്ക്കോ അതിനു മുമ്പോ അയാൾ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് വസ്തുത റിപ്പോർട്ട് ചെയ്യേണ്ടത് എന്നിവ വ്യക്തമാക്കികൊണ്ട് രേഖാമൂലം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(3) അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾ രാജിയാക്കുന്ന അധികാരം അത്തരം മറ്റ് അധികാരസ്ഥാപനങ്ങളാലോ ആളാലോ ഇതിലേയ്ക്ക് സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കുന്നപ്പെടുന്ന വിധത്തിൽ വിനിയോഗിക്കാവുന്നതാണ്.

(4) അത്തരം ഉത്തരവിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ആളിന് പ്രാദേശിക പൊതുജനാരോഗ്യ അധികാരി അയച്ചുകൊടുക്കേണ്ടതാണ്.

(5) ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം രാജിയായതിനുശേഷവും അയാൾ അതേ കുറ്റം ആവർത്തിക്കുകയാണെങ്കിൽ പ്രോസിക്യൂഷൻ ആരംഭിക്കേണ്ടതാണ്.

78. സർക്കാരിനാൽ അധികാരം ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, വിജ്ഞാപനത്താലും അതിൽ വ്യക്തമാക്കുന്ന ഏതെങ്കിലും നിയന്ത്രണത്തിനും പരിമിതികൾക്കും വിധേയമായി, അതിന് ഈ ആക്റ്റ് പ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഒന്നോ അതിലധികമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ഏതൊരാളെയും അധികാരപ്പെടുത്താവുന്നതും അതേ രീതിയിൽ തന്നെ അത്തരം അധികാരം പിൻവലിക്കാവുന്നതുമാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും തന്നെ 79-ാം വകുപ്പ് പ്രകാരം ഈ ആക്റ്റിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള സർക്കാരിന്റെ അധികാരത്തിന് ബാധകമല്ല.

79. ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന് വിജ്ഞാപനത്താൽ ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, (1)-ാം ഉപവകുപ്പ് നൽകിയിട്ടുള്ള അധികാരങ്ങളും സാമാന്യതയ്ക്ക് ഭംഗം വരാതെയും സർക്കാരിന്, ഈ ആക്റ്റിനാൽ പ്രകടമായി ആവശ്യമുള്ളതോ അനുവദിച്ചിട്ടുള്ളതോ ആയ എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കാവുന്നതുമാണ് ;

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഓരോ ചട്ടവും അത് ഉണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിന് ശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടം പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കണം.

80. റെഗുലേഷനുകൾ ഉണ്ടാക്കാനുള്ള സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെ അധികാരം.—(1) സംസ്ഥാന പൊതുജനാരോഗ്യ അധികാരിയ്ക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഈ ആക്റ്റിന്റെ ഉദ്ദേശങ്ങൾ നടപ്പാക്കുന്നതിനും ഈ ആക്റ്റിനും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അനുസൃതമായി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ അങ്ങനെയുണ്ടാക്കുന്ന ഓരോ റഗുലേഷനും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതാണ്.

81. പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച്, പരിശോധന നടത്തുമ്പോഴും പിഴ ചുമത്തുന്നതിന് മുമ്പായും പ്രാദേശിക പൊതുജനാരോഗ്യ അധികാരി, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും അധികാരി, അതേ വിഷയത്തിൽ നടപടി എടുക്കുന്നുണ്ടോ എന്നത് കണക്കിലെടുക്കേണ്ടതും വൈരുദ്ധ്യമുള്ള തീരുമാനമുണ്ടാകില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

82. വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഉത്തരവ് മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ അത്തരം വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

(2) എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ടു വർഷം കഴിഞ്ഞതിനുശേഷം (1)-ാം ഉപവകുപ്പിൻ പ്രകാരം യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടില്ലാത്തതല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏത് ഉത്തരവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പ്പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്കും, അത് സമ്മേളനത്തിലല്ലായെങ്കിൽ അടുത്ത സമ്മേളനത്തിന്റെ പ്രാരംഭത്തിലും വയ്ക്കേണ്ടതാണ്.

83. റദ്ദാക്കലും ഒഴിവാക്കലും.—(1) 1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്റ്റിലെ (1956-ലെ 37-ാം ആക്റ്റ്) 5-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന മലബാർ ജില്ലയിൽ പ്രാബല്യത്തിൽ ഉള്ള 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ്,

(1939-ലെ III) ആ സ്ഥലത്ത് പ്രാബല്യമില്ലാതായിതീരുന്നതും 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI), 2021-ലെ കേരള പൊതുജനാരോഗ്യ ഓർഡിനൻസും (2021-ലെ 116-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കലോ പ്രാബല്യം ഇല്ലാതാകലോ ഉണ്ടെങ്കിൽ തന്നേയും അത്തരം ആക്റ്റുകളിൻ കീഴിലോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വൈരുദ്ധ്യമാകാതെയോ പുറപ്പെടുവിച്ചിട്ടുള്ള ഏതു വിജ്ഞാപനവും, ഉണ്ടാക്കിയ ഏത് ചട്ടങ്ങളും ചെയ്തതെന്തെങ്കിലുമോ അതതു സംഗതിപോലെ, വിജ്ഞാപന പ്രകാരം അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ റദ്ദാക്കുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനത്ത് രണ്ട് മേഖലകളിലായി 1939-ലെ മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്റ്റ് (1939-ലെ III-ാം ആക്റ്റ്), 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI-ാം ആക്റ്റ്) എന്നീ രണ്ട് നിയമങ്ങളാണ് നിലവിലുള്ളത്.

2. വിവിധ വകുപ്പുകളുടെ ഏകീകരണ പ്രവർത്തനങ്ങളിലൂടെയാണ് കേരളത്തിൽ കോവിഡ് പോലുള്ള പകർച്ചവ്യാധികളെ നേരിടുന്നത്. മറ്റ് വകുപ്പുകൾ അതാത് വകുപ്പുകളുടെ കൃത്യനിർവ്വഹണത്തിലേയ്ക്ക് പൂർണ്ണമായി വ്യാപൃതരാകുമ്പോൾ ആരോഗ്യ വകുപ്പിന് നിയമപരമായ അധികാരങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഇത്തരം രോഗങ്ങളുടെ വ്യാപനം തടയുന്നതിന് ഫലവത്തായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. പകർച്ചവ്യാധികളെ ഫലപ്രദമായി നേരിടുന്നതിന് കേരള സംസ്ഥാനത്ത് മുഴുവനായി പ്രാബല്യമുള്ള ഒരു നിയമത്തിന്റെ അനിവാര്യത ബോദ്ധ്യമായ സാഹചര്യത്തിൽ 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI-ാം ആക്റ്റ്), 1939-ലെ മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്റ്റ് (1939-ലെ III-ാം ആക്റ്റ്) എന്നിവയിലെ വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് സംസ്ഥാനത്ത് ഒരു നിയമം നടപ്പിലാക്കുന്നതിനു പ്രസ്തുത ആക്റ്റുകൾ ഏകീകരിച്ചുകൊണ്ട് കേരള പൊതുജനാരോഗ്യ ആക്റ്റ് കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

3. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള പൊതുജനാരോഗ്യ ഒർഡിനൻസ് (2021-ലെ 44) 2021 ഫെബ്രുവരി 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 24-ാം തീയതിയിലെ 948-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള പൊതുജനാരോഗ്യ ഒർഡിനൻസ് (2021-ലെ 63) 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 63-ാം നമ്പർ ഓർഡിനൻസായി 2021 ജൂലൈ 3-ാം തീയതിയിലെ 1940-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഒരു ബിൽ 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള പൊതുജനാരോഗ്യ ഓർഡിനൻസ് (2021-ലെ 116), 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 26-ാം തീയതിയിലെ 2514-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2021-ലെ 116-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20-ാം ആക്റ്റ്) എന്നിവയ്ക്ക് അനുസൃതമായി, ഈ ബില്ലിന്റെ കീഴിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്, ആവശ്യമെന്ന് കരുതുന്ന എന്ത് നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സംസ്ഥാന പൊതുജനാരോഗ്യ അധികാരിക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിനു ബില്ലിലെ 7-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

2. ഏതെങ്കിലും പ്രാദേശിക മേഖലയിൽ ഏതെങ്കിലും സാംക്രമിക രോഗമോ വിജ്ഞാപനം ചെയ്യപ്പെട്ട പകർച്ചവ്യാധിയോ ഉണ്ടാവുകയോ അല്ലെങ്കിൽ പൊട്ടിപ്പുറപ്പെട്ടുമെന്ന ഭീഷണി ഉണ്ടാവുകയോ, അല്ലെങ്കിൽ അവിടെ അസാധാരണമായ മരണങ്ങളോ മറ്റ് അടിയന്തര സാഹചര്യങ്ങളോ ഉണ്ടാവുകയോ ചെയ്താൽ, അല്ലെങ്കിൽ ഏതെങ്കിലും മേളയ്ക്കോ ഉത്സവത്തിനോ വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന പ്രദേശത്തേയ്ക്കോ, അത്തരം പകർച്ചവ്യാധി പടർന്നുപിടിക്കുന്നത് തടയുന്നതിനോ, പ്രതിരോധിക്കുന്നതിനോ അതിന്റെ കാരണം അന്വേഷിക്കുന്നതിനോ അല്ലെങ്കിൽ അത്തരം മരണങ്ങൾ തടയുന്നതിനോ അല്ലെങ്കിൽ ഒരു മേളയുടെ അല്ലെങ്കിൽ ഉത്സവത്തിന്റെ ശരിയായ നടത്തിപ്പിനോ വേണ്ടി അതിൽ വിനിർദ്ദേശിച്ചിരിക്കുന്ന കാലയളവിലേയ്ക്ക്, ഒന്നോ അതിലധികമോ മെഡിക്കൽ ഓഫീസർമാരെ അഡീഷണൽ ഹെൽത്ത് ഓഫീസർമാരായി താൽക്കാലികമായി, ഉത്തരവ് പ്രകാരം, നിയമിക്കുന്നതിനു ബില്ലിലെ 9-ാം ഖണ്ഡം സർക്കാരിനെയോ, സംസ്ഥാന പൊതുജനാരോഗ്യ അധികാരിയെയോ അല്ലെങ്കിൽ ജില്ലാ പൊതുജനാരോഗ്യ അധികാരിയെയോ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

3. ശല്യം ഇല്ലാതാക്കുന്നതിനോ തടയുന്നതോ സംബന്ധിച്ച് ഈ ബില്ലിന്റെ കീഴിലുള്ള അതിന്റെ കടമ നിറവേറ്റുന്നതിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി വീഴ്ച വരുത്തിയാൽ, സർക്കാരിന്, അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് അത്തരം കടമ നിർവ്വഹിക്കാനും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അല്ലെങ്കിൽ രണ്ടിന്റെയും ഏതെങ്കിലും നിർദ്ദിഷ്ട അധികാരങ്ങൾ പ്രയോഗിക്കാൻ അധികാരം നൽകുന്നതിന് ബില്ലിലെ 30-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

4. ആക്റ്റിൽ പറയാത്ത മറ്റേതെങ്കിലും രോഗത്തെ പകർച്ചവ്യാധിയായോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയായോ പൊതുജനാരോഗ്യ പ്രാധാന്യമുള്ള രോഗമായോ വിജ്ഞാപനം ചെയ്യുന്നതിന് ബില്ലിലെ 33-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

5. ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർമാരെ സംസ്ഥാന നിരീക്ഷണ ഓഫീസറും ജില്ലാ നിരീക്ഷണ ഓഫീസറായി നാമനിർദ്ദേശം ചെയ്യുന്നതിന് ബില്ലിലെ 34-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ അല്ലെങ്കിൽ രണ്ടും കൂടിയോ നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക അധികാരങ്ങൾ നൽകുന്നതിന് ബില്ലിലെ 48-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

7. ബയോമെഡിക്കൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ബില്ലിലെ 56-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെയും സംസ്ഥാന പൊതുജനാരോഗ്യ അധികാരിയെയും അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

8. രക്തബാങ്കുകളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ബില്ലിലെ 57-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെയും സംസ്ഥാന പൊതുജനാരോഗ്യ അധികാരിയെയും അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണത്തിനായി പ്രതിരോധ, പ്രോത്സാഹന, രോഗശാന്തിയുളവാകുന്ന, പുനരധിവാസ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ബില്ലിലെ 70-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

10. കുറ്റങ്ങൾ രാജിയാക്കാനുള്ള ഉദ്യോഗസ്ഥരെയും, തുകയും ഗസറ്റ് വിജ്ഞാപനം വഴി വിനിർദ്ദേശിക്കുവാൻ ബില്ലിലെ 77-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

11. സർക്കാരിന് വിജ്ഞാപനത്താൽ, അതിൽ വ്യക്തമാക്കുന്ന ഏതെങ്കിലും നിയന്ത്രണത്തിനും പരിമിതികൾക്കും വിധേയമായി, അതിന് ഈ ആക്റ്റ് പ്രകാരം നിക്ഷിപ്തമായിരിക്കുന്ന ഒന്നോ അതിലധികമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ഏതൊരാളെയും അധികാരപ്പെടുത്തുന്നതിനും അതേ രീതിയിൽ തന്നെ അത്തരം അധികാരം പിൻവലിക്കുന്നതിനും ബില്ലിലെ 78-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. ഗസറ്റ് വിജ്ഞാപനം വഴി ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 79-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനു ബില്ലിലെ 80-ാം ഖണ്ഡം സംസ്ഥാന പൊതുജനാരോഗ്യ അധികാരിയെ അധികാരപ്പെടുത്തുന്നു.

14. ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ ബില്ലിലെ 82-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വീണാ ജോർജ്ജ്

ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിലെ ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുക്കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—സംസ്ഥാന പൊതുജനാരോഗ്യ അധികാരി, ജില്ലാ പൊതുജനാരോഗ്യ അധികാരികൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ എന്നി അധികാരികൾ നിലവിൽ വരുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—സംസ്ഥാന പൊതുജനാരോഗ്യ അധികാരി ആരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—ജില്ലാ പൊതുജനാരോഗ്യ അധികാരി ആരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരി ആരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—പൊതുജനാരോഗ്യ അധികാരികളുടെ കടമകളും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—ഹെൽത്ത് ഓഫീസറുടെ നിയമനം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—അടിയന്തിര സാഹചര്യങ്ങളിൽ താൽക്കാലിക ഹെൽത്ത് ഓഫീസർമാരെ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—പൊതുജനാരോഗ്യ അടിയന്തരാവസ്ഥകളിൽ സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയെ സർക്കാരിന്റെ കീഴിലുള്ള എല്ലാ പബ്ലിക് സർവ്വന്റ്സും പൊതുജനാരോഗ്യ കാര്യങ്ങളിൽ സഹായിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—ഹെൽത്ത് ഓഫീസർക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനം മതിയായ സൗകര്യം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—സംസ്ഥാനത്തെ പൊതുജനാരോഗ്യ നിയമങ്ങളുടെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ഹെൽത്ത് ഓഫീസറുടെ അധികാരം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—ജലവിതരണവുമായി ബന്ധപ്പെട്ട് ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെയോ ജില്ലാ പൊതുജനാരോഗ്യ അധികാരിയുടെയോ അധികാരങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—പൊതു ശുചിത്വസൗകര്യങ്ങൾ നൽകുവാനും ഉറപ്പുവരുത്തുവാനുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതകൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മറ്റ് പൊതു സ്ഥലങ്ങളിലെയും ശുചിത്വ സൗകര്യങ്ങൾക്കായുള്ള മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ആവശ്യകത വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—തെരുവുകളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങളും ചവറുകളും മറ്റും നിക്ഷേപിക്കുന്നത് നിരോധിക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—4-ാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഏതൊരു പരിസരത്തും പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ശല്യമാകുന്ന കാര്യങ്ങൾ ഏതൊക്കെയെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—ശല്യം സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—ശല്യം ഇല്ലാതാക്കുന്നതിനുള്ള പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരം വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—ശല്യത്താൽ ആൾതാമസത്തിനു അനുയോജ്യമല്ലാത്ത വിധത്തിലുള്ള വീട് അനുയോജ്യമാകുന്നതുവരെ, വാസസ്ഥലമായി ഉപയോഗിക്കുന്നത് നിരോധിക്കുന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—ശല്യം ഇല്ലാതാക്കുമ്പോൾ നീക്കംചെയ്യപ്പെട്ട സാധനങ്ങളുടെ കൈയ്യൊഴിയൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—5-ാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഏതൊരു പരിസരത്തും പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരി വീഴ്ച വരുത്തുന്ന സംഗതിയിൽ സർക്കാരിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—പ്രാദേശിക മേഖലയ്ക്കു പുറത്ത് പ്രവർത്തിയാലോ വീഴ്ചയാലോ മൂലമുണ്ടാകുന്ന ശല്യത്തിൻമേൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരി പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ-കൗമാര ആരോഗ്യം (RMNCAH) സംബന്ധിച്ച അത്തരം നടപടികൾ നടപ്പിലാക്കേണ്ടത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം.—പകർച്ച വ്യാധികളും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ച വ്യാധികളും എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് എന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—സംസ്ഥാന നിരീക്ഷണ ആഫീസറുടെയും ജില്ലാ നിരീക്ഷണ ആഫീസർമാരുടെയും നിയമനവും ചുമതലകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—ഐസൊലേഷൻ ആശുപത്രികളുടേയും വാർഡുകളുടേയും പരിപാലനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—മെഡിക്കൽ പ്രാക്ടീഷണർമാർ പകർച്ചവ്യാധിയുടെയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ വിവരം നൽകണമെന്നും നിർദ്ദിഷ്ട ചികിത്സാ മാനദണ്ഡങ്ങൾ പാലിക്കണമെന്നും നിർദ്ദേശിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—പകർച്ചവ്യാധിയുടേയും വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയും വ്യാപനം തടയുന്നതിന്റെ രീതി സംബന്ധിച്ച് കൊടുത്തിരിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

38-ാം ഖണ്ഡം.—പകർച്ചവ്യാധിയിൽ നിന്നോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയിൽ നിന്നോ ഒരാൾ മുക്തനായതായി രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ പ്രാക്ടീഷണർമാർ സാക്ഷ്യപ്പെടുത്തണമെന്നത് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

39-ാം ഖണ്ഡം.—സംശയാസ്പദമായ സ്രോതസ്സിൽ നിന്നുമുള്ള വെള്ളത്തിന്റെയോ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ ഉപയോഗത്തിന്റെ നിരോധനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

40-ാം ഖണ്ഡം.—രോഗബാധിതനെ ആശുപത്രിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

41-ാം ഖണ്ഡം.—ആളുകൾ അണുബാധയ്ക്ക് വിധേയമാകുന്നത് നിരോധിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

42-ാം ഖണ്ഡം.—അണുബാധിതർ ചില വ്യാപാരത്തിലും തൊഴിലിലും ഏർപ്പെടാതിരിക്കുന്നതിനു സ്വീകരക്കേണ്ടതായ നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

43-ാം ഖണ്ഡം.-—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക്, അടിയന്തിര ഘട്ടത്തിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ അണുബാധയുടെ വ്യാപനം തടയുന്നതിന് വീടുകളുടെ കൈവശപ്പെടുത്തലിനും മറ്റുമുള്ള നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

44-ാം ഖണ്ഡം.—പ്രതിരോധ നടപടികൾ എടുക്കുന്നതിനായി പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയോ റിപ്പോർട്ട് ചെയ്തതോ സംശയിക്കപ്പെടുന്നതോ ആയ സ്ഥലത്ത് പ്രവേശനത്തിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

45-ാം ഖണ്ഡം.—പകർച്ചവ്യാധിയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടെയോ അടിസ്ഥാനത്തിൽ ഭക്ഷണം കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളുടേയും ലോഡ്ജിംഗ് ഹൗസുകളുടേയും അടച്ചിടൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

46-ാം ഖണ്ഡം.—അണുബാധിതർ ഉപയോഗിച്ച വസ്തുങ്ങൾ അലക്കുശാലയിലേയ്ക്ക് അയക്കാതിരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

47-ാം ഖണ്ഡം.—ആളുകളുടെ ഒത്തുചേരൽ നിയന്ത്രിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

48-ാം ഖണ്ഡം.—പകർച്ചവ്യാധികളോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളോ നിയന്ത്രിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പ്രത്യേക അധികാരം നൽകുന്നതിന് സർക്കാരിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

49-ാം ഖണ്ഡം.—മൃഗങ്ങളിൽ നിന്നും പകരുന്ന പകർച്ചവ്യാധിയുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധിയുടേയോ പ്രതിരോധന നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

50-ാം ഖണ്ഡം.—മൂഷികവർഗ്ഗത്തിന്റേയും നായകളുടേയും മറ്റ് മൃഗങ്ങളുടേയും നശീകരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

51-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് രോധബാധിതരെ ക്വാറന്റൈൻ ചെയ്യുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

52-ാം ഖണ്ഡം.—മൃതദേഹങ്ങൾ കൈകാര്യം ചെയ്യുമ്പോഴുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

53-ാം ഖണ്ഡം.—രോഗങ്ങളുടെ പ്രതിരോധത്തിനും ചികിത്സയ്ക്കും നിയന്ത്രണത്തിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

54-ാം ഖണ്ഡം.—വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ലേബർ ക്യാമ്പുകൾ മുതലായവ പരിശോധിക്കുന്നതിനുള്ള പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

55-ാം ഖണ്ഡം.—ഭക്ഷ്യജന്യ രോഗങ്ങളുടെ നിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

56-ാം ഖണ്ഡം.—ബയോമെഡിക്കൽ മാലിന്യ പരിപാലനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

57-ാം ഖണ്ഡം.—രക്തബാങ്കുകളും പകർച്ചവ്യാധികളുടേയോ വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളുടേയോ നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

58-ാം ഖണ്ഡം.—പ്രാണികളെയും മറ്റു രോഗാണുവാഹകരെയും നിയന്ത്രിക്കുന്നതിന് പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ ചുമതലകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

59-ാം ഖണ്ഡം.—ജലശേഖരങ്ങളിൽ കൊതുകുകളുടെ പ്രജനനം തടയുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം..

60-ാം ഖണ്ഡം.—കൊതുകുകൾ പ്രജനനം നടത്തുന്ന സ്ഥലങ്ങളുടെ പരിചരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

61-ാം ഖണ്ഡം.—60-ാം വകുപ്പിൻ കീഴിൽ നോട്ടീസ് ലഭിക്കപ്പെട്ട വ്യക്തി വീഴ്ചവരുത്തുന്ന സംഗതിയിൽ തദ്ദേശ പൊതുജനാരോഗ്യ അധികാരിയുടെ അധികാരങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

62-ാം ഖണ്ഡം.—കൊതുകിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

63-ാം ഖണ്ഡം.—കൊതുക് വിരുദ്ധപ്രവർത്തനങ്ങളിൽ ഇടപെടുന്നത് തടയുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

64-ാം ഖണ്ഡം.—ദുരന്തഫലമായുണ്ടാകുന്ന പകർച്ചവ്യാധികളയോ വിജ്ഞാപനപ്പെടുത്താവുന്ന പകർച്ചവ്യാധികളയോ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും പ്രാദേശിക പൊതുജനാരോഗ്യ അധികാരിയുടെ അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

65-ാം ഖണ്ഡം.—8-ാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ആരോഗ്യ പ്രവർത്തകർക്ക് പരിസരങ്ങളിൽ പ്രവേശിക്കുവാനും പരിശോധിക്കുവാനുമുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

66-ാം ഖണ്ഡം.—മേളകൾ, ഉത്സവങ്ങൾ പൊതു-സാമൂഹ്യ ഒത്തുചേരൽ എന്നിവ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങൾക്കുമുള്ള നടപടികൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

67-ാം ഖണ്ഡം.—മലിനമായ ഭക്ഷണമോ, രോഗം പടർത്താൻ സാധ്യതയുള്ള ഭക്ഷണമോ മേള, ഉത്സവം, സ്വകാര്യ അല്ലെങ്കിൽ പൊതുഒത്തുചേരൽ സ്ഥലത്തു നിന്നും പിടിച്ചെടുക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

68-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരിയ്ക്ക് ജല വിതരണത്തിനുള്ള സ്വകാര്യ ഉറവിടങ്ങളിന്മേലുള്ള നിയന്ത്രണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

69-ാം ഖണ്ഡം.—പ്രാദേശിക പൊതുജനാരോഗ്യ അധികാരി പ്രായമായവർക്കും നിരാലംബർക്കും കൂടാതെ അതുപോലുള്ളവർക്കും ആരോഗ്യപരിപാലന പരിപാടികൾ നടപ്പിൽ വരുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

70-ാം ഖണ്ഡം.—പകർച്ചവ്യാധിയല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

71-ാം ഖണ്ഡം.—നോട്ടീസുകളും ഉത്തരവുകളും നൽകുന്ന രീതികളെ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

72-ാം ഖണ്ഡം.—അപ്പീലുകൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

73-ാം ഖണ്ഡം.—സംസ്ഥാന പബ്ലിക് ഹെൽത്ത് അധികാരി മുമ്പാകെ റിവിഷൻ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

74-ാം ഖണ്ഡം.—ചില സംഗതികളിൽ വ്യവഹാരത്തിനും പ്രോസിക്യൂഷനുമുള്ള നിരോധനം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

75-ാം ഖണ്ഡം.—ദുരുദ്ദേശ്യത്തോടെയുള്ള അധികാര ദുർവിനിയോഗത്തിനുള്ള ശിക്ഷ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

76-ാം ഖണ്ഡം.—കുറ്റങ്ങൾക്ക് നടപടിയെടുക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

77-ാം ഖണ്ഡം.—കുറ്റങ്ങൾ രാജിയാക്കൽ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

78-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾ വിനിയോഗിക്കുന്നതിന് സർക്കാരിനാൽ അധികാരം ഏൽപ്പിച്ചുകൊടുക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

79-ാം ഖണ്ഡം.—ചട്ടങ്ങളുണ്ടാക്കാനുള്ള സർക്കാരിന്റെ അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

80-ാം ഖണ്ഡം.—റഗുലേഷനുകൾ ഉണ്ടാക്കാനുള്ള സംസ്ഥാന പൊതുജനാരോഗ്യ അധികാരിയുടെ അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

81-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

82-ാം ഖണ്ഡം.—വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

83-ാം ഖണ്ഡം.—1956-ലെ സ്റ്റേറ്റ് റീ-ഓർഗനൈസേഷൻ ആക്ടിലെ (1956-ലെ 37-ാം ആക്റ്റ്) 5-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന മലബാർ ജില്ലയിൽ പ്രാബല്യത്തിൽ ഉള്ള 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ്, (1939-ലെ III) അവിടെ പ്രാബല്യമില്ലാതായിത്തീരുന്നതിനും 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ XVI), 2021-ലെ കേരള പൊതുജനാരോഗ്യ ഓർഡിനൻസ് (2021-ലെ 116-ാം ഓർഡിനൻസ്) എന്നിവ റദ്ദാക്കുന്നതിനും അതിൻകീഴിൽ ചെയ്ത കാര്യങ്ങളും എടുത്ത നടപടികളും സാധൂകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

# പതിനഞ്ചാം കേരള നിയമസഭ
# 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ
# സംബന്ധിച്ച സെലക്ട് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലി

ആരോഗ്യമേഖലയിലെ പ്രകടനം അടിസ്ഥാനമാക്കിയുള്ള നീതി ആയോഗ് സൂചികയിൽ നൂറിൽ 82.20 സ്കോർ നേടി തുടർച്ചയായ നാലാം തവണയും കേരളം ഒന്നാമതെത്തിയെന്നത് ഏവർക്കും അഭിമാനമേകുന്ന വാർത്തയാണ്. എന്നിരുന്നാലും, വിവധതരത്തിലുള്ള പകർച്ചവ്യാധികളും പുതിയ രോഗങ്ങളും സംസ്ഥാനത്ത് പലപ്പോഴും ഉണ്ടാകാറുണ്ട്. അപ്രകാരമുള്ള പകർച്ചവ്യാധികൾ ഉണ്ടാകുമ്പോൾ ഉടനടി ഇടപെടൽ നടത്താനും ആവശ്യമായ സുരക്ഷാനടപടികൾ കൈക്കൊള്ളാനും സംസ്ഥാന ആരോഗ്യവകുപ്പിന് സാധിക്കുന്നുണ്ട്. സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെ ഏകീകരിച്ചുള്ള പ്രവർത്തനങ്ങളിലൂടെയാണ് പകർച്ചവ്യാധികളെ നേരിടുന്നത്. പകർച്ചവ്യാധികളെ ഫലപ്രദമായി തടയുന്നതിന് സംസ്ഥാനത്ത് മുഴുവൻ പ്രാബല്യമുള്ള ഒരു നിയമം ആവശ്യമായതിനാലാണ്, 1939 -ലെ മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്റ്റ് (1939 -ലെ III -ാം ആക്റ്റ്), 1955 -ലെ ട്രാവൻകൂർ - കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955 -ലെ XVI -ാം ആക്റ്റ്) എന്നിവയിലെ വ്യവസ്ഥകൾ ഏകീകരിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളത്. പുതിയതായി ഉണ്ടാകുന്ന പകർച്ചവ്യാധികളെയും മറ്റു രോഗങ്ങളെയും തടയുന്നതിനും നിയന്ത്രിക്കുന്നതിനും പൊതുജനാരോഗ്യത്തിനായുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതലകൾ നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ടുമാണ് 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 77-ാം നമ്പർ ബില്ലായി 2021 ഒക്ടോബർ 4-ാം തീയതിയിലെ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയുണ്ടായി. 2021 ഒക്ടോബർ 27-ാം തീയതി ബഹുമാനപ്പെട്ട ആരോഗ്യ – വനിത – ശിശു വികസന

വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും അന്നു തന്നെ ബിൽ സംബന്ധിച്ച് സൂക്ഷ്മപഠനം നടത്തുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സഭ അയയ്ക്കുകയും ചെയ്തു. ബില്ലിലെ വ്യവസ്ഥകൾ കൂടുതൽ സമഗ്രവും കാര്യക്ഷമവും പ്രായോഗികവുമാക്കുന്നതിനും, അങ്ങനെ ദേശീയതലത്തിൽ തന്നെ ആരോഗ്യരംഗത്ത് ഒരു പുതിയ മാതൃക സൃഷ്ടിക്കുന്ന തരത്തിലുള്ള ഒരു നിയമം നിർമ്മിക്കുന്നതിലേക്കായി പൊതുജനാരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ/ ആരോഗ്യ പ്രവർത്തകർ/ പൊതുജനങ്ങൾ/ ആരോഗ്യ വിദഗ്ദ്ധർ എന്നിവരിൽ നിന്ന് അഭിപ്രായങ്ങളും/ നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് 15.12.2021 -ന് കൂടിയ സെലക്ട് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ആയതിലേക്കായി തയ്യാറാക്കിയ ചോദ്യാവലി ചുവടെ ചേർക്കുന്നു.

**ചോദ്യാവലി**

1. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും ഉൾക്കൊള്ളുന്നുണ്ടോ?

2. 2021-ലെ കേരള പൊതുജനാരോഗ്യ ബിൽ ജനങ്ങളുടെ സൗകര്യവും പങ്കാളിത്തവും തമ്മിലും, നിയന്ത്രണ നടപടികളും ശിക്ഷാ നടപടികളും തമ്മിലും, സന്തുലനം ചെയ്യുന്നുണ്ടോ?

3. പൊതുജനാരോഗ്യം എന്നത് എല്ലാവരെയും ബാധിക്കുന്ന കാര്യമായതിനാൽ ആയത് ബില്ലിലെ ശിക്ഷാധിഷ്ഠിതമെന്നതല്ലാതെ കൂടുതൽ സുഗമവും പ്രോൽസാഹിപ്പിക്കേണ്ടതും ആകേണ്ടതുണ്ടോ?

4. പൊതുജനാരോഗ്യ ബില്ലിൽ ഓരോ സാഹചര്യങ്ങളെക്കുറിച്ചും പറയേണ്ടതുണ്ടോ? അതോ അത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സാധ്യമാക്കുന്ന വ്യവസ്ഥകൾ ഉണ്ടായിരുന്നാൽ മതിയാകുമോ?

5. പ്രസ്തുത ബില്ലിലെ വകുപ്പുകൾ പര്യാപ്തമാണോ? എന്തെങ്കിലും ഒഴിവാക്കൽ/ കൂട്ടിചേർക്കൽ ആവശ്യമാണോ?

6. പൊതുജനാരോഗ്യ വിവരശേഖരണവും സൂക്ഷിക്കലും ആവശ്യമാണോ?

## അദ്ധ്യായം 1

7. ബില്ലിന്റെ 2-ാം വകുപ്പിലെ നിർവ്വചനങ്ങളിൽ (ഉദാ: ഓവുചാൽ, ഹെൽത്ത് ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയവ) എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

## അദ്ധ്യായം 2

8. ബില്ലിന്റെ 3 മുതൽ 15 വരെയുള്ള വകുപ്പുകൾ സംസ്ഥാന പൊതുജനാരോഗ്യ അധികാരി, ജില്ലാ പൊതുജനാരോഗ്യ അധികാരികൾ, പ്രാദേശിക പൊതുജനാരോഗ്യ അധികാരികൾ എന്നിവർ നിലവിൽ വരുന്നത് സംബന്ധിച്ചും ഹെൽത്ത് ഓഫീസർമാരുടെ നിയമനം സംബന്ധിച്ചും പൊതുജനാരോഗ്യ അധികാരികളുടെ കടമകളെയും ചുമതലകളെയും സംബന്ധിച്ചും പരാമർശിക്കുന്നു. പ്രസ്തുത വകുപ്പുകളിൽ മറ്റ് എന്തെങ്കിലും മാനദണ്ഡങ്ങൾ/ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

## അദ്ധ്യായം 3

9. 16-ാം വകുപ്പിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ? ഈ വകുപ്പിൽ മറ്റ് എന്തെങ്കിലും ഭേദഗതികൾ വരുത്തേണ്ടതുണ്ടോ?

10. 17-ാം വകുപ്പിൽ ജലവിതരണവുമായി ബന്ധപ്പെട്ട് ജില്ലാ പൊതുജനാരോഗ്യ അധികാരിക്ക് ഇതിൽ കൂടുതൽ അധികാരങ്ങൾ ആവശ്യമെങ്കിൽ വിവരിക്കുക.

## അദ്ധ്യായം 4

11. 19-ാം വകുപ്പിലെ പൊതുശുചിത്വ സൗകര്യങ്ങൾ നൽകുവാനും ഉറപ്പുവരുത്തുവാനുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാദ്ധ്യതയെക്കുറിച്ച് എന്തെങ്കിലും കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

12. 21-ാം വകുപ്പിൽ താമസസ്ഥലങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് എല്ലാ വർഷവും സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിരിക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശമുണ്ടോ? വാർഷിക സാനിറ്ററി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച കൂടുതൽ വ്യക്തത ആവശ്യമുണ്ടോ? ഈ വകുപ്പിൽ എന്തെങ്കിലും മാറ്റങ്ങൾ നിർദ്ദേശിക്കുവാനുണ്ടോ?

13. 23-ാം വകുപ്പിൽ ആരോഗ്യവകുപ്പിന്റെ പരിശോധന സംബന്ധിച്ച് എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ ആവശ്യമുണ്ടോ? വ്യക്തമാക്കുക?

## അദ്ധ്യായം 5

14. 24-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള 'ശല്യമായി കരുതപ്പെടുന്നവയിൽ' കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടോ?

15. 26-ാം വകുപ്പിൽ ശല്യം സംബന്ധിച്ച വിവരം നൽകുന്നതിനെ തുടർന്നുള്ള നടപടിക്കായി പ്രാദേശിക പൊതുജനാരോഗ്യ അധികാരിക്ക് കൂടുതൽ അധികാരവും, പ്രസ്തുത ശല്യം ഉണ്ടാക്കുന്നവർക്കെതിരെ ശിക്ഷാനടപടിയും ആവശ്യമാണോ?

16. 30-ാം വകുപ്പിൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരി വീഴ്ച വരുത്തുന്ന സംഗതിയിൽ സർക്കാർ സ്വീകരിക്കുന്ന നടപടി പര്യാപ്തമാണോ? ഭേദഗതികളുണ്ടെങ്കിൽ വ്യക്തമാക്കുക?

## അദ്ധ്യായം 6

17. 32-ാം വകുപ്പിൽ പ്രത്യുൽപ്പാദന, മാതൃ, നവജാത ശിശു, ശൈശവ - കൗമാര ആരോഗ്യ അവസ്ഥ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ ഭേദഗതികൾ/ നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ?

## അദ്ധ്യായം 7

18. 33-ാം വകുപ്പിൽ ഭേദഗതികൾ/ കൂട്ടിച്ചേർക്കലുകൾ നിർദ്ദേശിക്കുവാനുണ്ടോ? വിശദമാക്കാമോ?

19. 38-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന രോഗമുക്തി സംബന്ധിച്ച സാക്ഷ്യപത്രത്തെപ്പറ്റി കൂടുതൽ വ്യക്തത ആവശ്യമുണ്ടോ;

20. ബില്ലിന്റെ 39-ാം വകുപ്പ് സംശയാസ്പദമായ സ്രോതസ്സിൽ നിന്നുമുള്ള വെള്ളത്തിന്റെയോ ഭക്ഷണത്തിന്റെയോ പാനീയത്തിന്റെയോ ഉപയോഗത്തിന്റെ നിരോധനത്തെക്കുറിച്ച് നിഷ്കർഷിക്കുന്നു. ഇവ പര്യാപ്തമാണോ? ഈ വകുപ്പിൽ ഭേദഗതി നിർദ്ദേശിക്കുന്നുണ്ടോ?

21. ബില്ലിന്റെ 40-ാം വകുപ്പ്, രോഗബാധിതനെ ആശുപത്രിയിലേക്ക് മാറ്റുന്നത് സംബന്ധിച്ചാണ്. ഇതിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

22. പകർച്ചവ്യാധിയുടെ വ്യാപനം തടയുന്നതിലേക്ക് പകർച്ചവ്യാധി പിടിപെട്ട ആളെ ആശുപത്രിയിലേക്ക് നിർബന്ധിതമായി മാറ്റുന്നതു സംബന്ധിച്ച് ബില്ലിന്റെ 41-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ആശുപത്രിയിൽ നിന്നും അനുമതിയില്ലാതെ വിട്ടുപോകുന്നത് നിരോധിക്കുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. പ്രസ്തുത വകുപ്പിൽ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ നിർദ്ദേശിക്കുവാനുണ്ടോ? ആളുകൾ അണുബാധക്ക് സമ്പർക്കത്തിലാകുന്നത് നിരോധിക്കൽ സംബന്ധിച്ച് ആളുകളെ എപ്രകാരം അറിയിക്കണമെന്ന് വ്യക്തമായി പ്രതിപാദിക്കേണ്ടതുണ്ടോ?

23. ആളുകളുടെ ഒത്തുചേരൽ നിയന്ത്രിക്കുന്നതിനുള്ള ജില്ലാകളക്ടറുടെ അധികാരത്തെക്കുറിച്ച് വ്യക്തമാക്കുന്ന ബില്ലിന്റെ 47-ാം വകുപ്പിൽ കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

24. ഭക്ഷണങ്ങളിൽ നിന്ന് പകരുന്ന രോഗങ്ങളും ഭക്ഷ്യവിഷബാധയും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ബില്ലിലെ 55-ാം വകുപ്പിൽ ഭക്ഷ്യജന്യ രോഗങ്ങളുടെ നിയന്ത്രണത്തേയും പ്രതിരോധത്തേയും സൂചിപ്പിച്ചിരിക്കുന്നു. ഇവ പര്യാപ്തമാണോ? ഇതിൽ എന്തെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ?

25. ആശുപത്രികളുടെയും ലാബുകളുടെയും പ്രവർത്തനം ഊർജ്ജിതമാക്കുന്നത് സംസ്ഥാനത്തിന് ഗുണകരമെങ്കിലും ബയോമെഡിക്കൽ മാലിന്യം കൈകാര്യം ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമുണ്ട്. ഇക്കാര്യം പ്രതിപാദിക്കുന്ന ബില്ലിലെ 56-ാം വകുപ്പ് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം വയ്ക്കാനുണ്ടോ?

## **അദ്ധ്യായം 8**

26. ജലശേഖരങ്ങളിൽ കൊതുകുകളുടെ പ്രജനനം തടയുന്നതുമായി ബന്ധപ്പെട്ട 59-ാം വകുപ്പിൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ? (കൊതുകുനിവാരണത്തിന് പ്രായോഗികമായ നിർദ്ദേശങ്ങളും ക്ഷണിച്ചുകൊള്ളുന്നു.)

## **അദ്ധ്യായം 9**

27. മേളകൾ, പൊതുസാമൂഹ്യ ഒത്തുചേരൽ എന്നിവ നടക്കുന്ന സ്ഥലങ്ങളിലെ ശുചിത്വവും മറ്റ് ക്രമീകരണങ്ങളെയും കുറിച്ച് നിഷ്കർഷിക്കുന്ന 66-ാം വകുപ്പിൽ ഭേദഗതികൾ വരുത്തേണ്ടതുണ്ടോ? ഒത്തുചേരൽ എന്നതിന് കൂടുതൽ വ്യക്തതയും നിർവചനവും ആവശ്യമുണ്ടോ?

28. മലിനമായ ഭക്ഷണമോ, രോഗം പടർത്താൻ സാധ്യതയുള്ള ഭക്ഷണമോ മേള, ഉത്സവം, സ്വകാര്യ അല്ലെങ്കിൽ പൊതു ഒത്തുചേരൽ സ്ഥലത്ത് നിന്നും പിടിച്ചെടുക്കുന്നതിനുള്ള അധികാരത്തെക്കുറിച്ച് പരാമർശിക്കുന്ന 67-ാം വകുപ്പിൽ കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ?

## അദ്ധ്യായം 11

29. പകർച്ചവ്യാധിയല്ലാത്തതും എന്നാൽ ദീർഘകാലം നീണ്ടു നിൽക്കുന്നതുമായ പ്രമേഹം, അർബുദം തുടങ്ങിയ രോഗങ്ങളുടെ നിയന്ത്രണത്തെക്കുറിച്ച് പരാമർശിക്കുന്ന 70-ാം വകുപ്പിൽ അപ്രകാരമുള്ള കൂടുതൽ രോഗങ്ങൾ ഉൾപ്പെടുത്തേണ്ടതായുണ്ടോ? / ജങ്ക് ഫുഡ് / ട്രാൻസ് ഫാറ്റി ആസിഡ് തുടങ്ങിയവയുടെ ഉപയോഗം പരമാവധി ഇല്ലാതാക്കുന്നത് ഉൾപ്പെടെ ഈ വകുപ്പിൽ കൂടുതൽ ഭേദഗതികൾ നിർദ്ദേശിക്കുവാനുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

## അദ്ധ്യായം 12

30. 75-ാം വകുപ്പിൽ ദുരുദ്ദേശത്തോടെയുള്ള അധികാര ദുർവിനിയോഗത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ വ്യവസ്ഥകൾ പര്യാപ്തമാണോ?

31. ഈ നിയമത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ, ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ഓഫീസർമാർ എന്നിവരുടെ ജോലികൾ തമ്മിൽ വൈരുദ്ധ്യങ്ങളെന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

32. പൊതുജനാരോഗ്യ ഡേറ്റ സ്വരൂപിക്കൽ, അവ സംഭരിച്ചുവെക്കൽ, ആയുഷ് വകുപ്പിന്റെ പങ്കാളിത്തം എന്നിവ സംബന്ധിച്ച് അഭിപ്രായമുണ്ടെങ്കിൽ രേഖപ്പെടുത്തുക. ഈ ചോദ്യാവലിയിൽ പരാമർശിക്കാത്ത മറ്റ് വകുപ്പുകളെക്കുറിച്ച് ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്, പൊതുജനാരോഗ്യമെന്ന വിഷയ പരിധിക്കുള്ളിൽ കൂടുതലായി എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ ആയവ പരമാവധി അഞ്ച് വാക്യത്തിൽ എഴുതി സമർപ്പിക്കാവുന്നതാണ്.

2021 -ലെ കേരള പൊതുജനാരോഗ്യ ബിൽ, ചോദ്യാവലി എന്നിവ www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, (0471 - 2512020) നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ തപാലിലോ email id: legislation@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിലോ 2022 മാർച്ച് 31 -ന് മുമ്പായി ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,
കേരള നിയമസഭ.